





# A work on Social Science Documents

*Collections of Geography and History Textual References and Research Articles prepared by Dr. V.Sanalkumar for the problem solving*

**A Project aiming for the promotion of creative writings and research skills by using Information Technology**




**Dr. V. SANALKUMAR**

(M.A(Geography), M.A (Ancient History), M.Ed (Education); P.G. Diploma in Journalism and Public Relations, MBA ( Human Resources Management and International Business. And , Ph.D.)

National and State level Best Higher Secondary Teacher Awardee (2013 & 2012)

HSST (Geography)

Jayakeralam Higher Secondary School

Pulluvazhi (P.O),Ernakulam District, Kerala State- Pin Code 683542

Ph. 09447874283/ 0484-2592308

E mail- v.sanalkumar @ gmail.com


FEBRUARY 2014

# A work on Social Science Documents

*Collections of Geography and History Textual References and Research Articles prepared by Dr. V.Sanalkumar for the problem solving*

**A Project aiming for the promotion of creative writings and research skills by using Information Technology**


## Dr. V. SANALKUMAR

*(**M.A**(Geography), **M.A** (Ancient History), **M.Ed** (Education); **P.G. Diploma** in Journalism and Public Relations, **MBA** ( Human Resources Management and International Business. And , **Ph.D.**)*

National and State level Best Higher Secondary Teacher Awardee (2013 & 2012)

Jayakeralam Higher Secondary School

Pulluvazhi (P.O),Ernakulam District, Kerala State- Pin Code 683542

Ph. 09447874283/ 0484-2592308

E mail- v.sanalkumar @ gmail.com


**FEBRUARY 2014**




# പാലക്കാട് ജില്ലയിലെ

## പ്രാചീന-മധ്യശിലായുഗ സംസ്കാരങ്ങൾ

ഡോ.വി.സനൽകുമാർ

പ്രാചീന തമിഴകത്തിന്റെ ഭാഗമായ ചേരനാടിന്റെ ഹൃദയസ്ഥാനത്ത് സ്ഥിതിചെയ്തിരുന്ന പാലക്കാട് ജില്ലയുടെ അതിപ്രാചീന ചരിത്രവും ആദിചരിത്രകാലഘട്ടവും നാളിതുവരെയും ഗൗരവബുദ്ധ്യാഗവേഷണവിഷയമാക്കിയിട്ടില്ല. പ്രാചീന ശിലായുഗം (പാലിയോലിത്തിക് കാലഘട്ടം), മധ്യശിലായുഗം (മെസോലിത്തിക് കാലഘട്ടം), നവീന ശിലായുഗം (നിയോലിത്തിക് കാലഘട്ടം), മഹാശിലായുഗം (മെഗാലിത്തിക് കാലഘട്ടം) എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന നിരവധി പുരാവസ്തു തെളിവുകൾ ജില്ലയിലെ പല ഭാഗങ്ങളിലായി വിന്യസിച്ചുകിടക്കുന്നുണ്ടെങ്കിലും അവയൊന്നും പുറംലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശക്തമായ ശാസ്ത്രീയ അന്വേഷണം അടുത്തകാലംവരെയും നടത്തിയിരുന്നില്ല. ബി.സി. 40,000-നും എ.ഡി. 200-നും മധ്യേ നിലനിന്നിരുന്ന പാലിയോലിത്തിക് കാലഘട്ടത്തെയും ആധുനിക ചരിത്രകാലഘട്ടത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന മൈക്രോലിത്തിക് ഉപകരണങ്ങൾ, പോസ്റ്റ് ഹോളുകൾ, ശിലാരേഖാചിത്രങ്ങൾ, മഹാശിലായുഗ സ്മാരകങ്ങൾ, ടെറാക്കോട്ടാ-കരിങ്കൽ ശില്പങ്ങൾ, വീരക്കല്ലുകൾ, ശിലാലിഖിതങ്ങൾ, രാജവംശ ആസ്ഥാന കേന്ദ്രം, തുറസ്സായതും അല്ലാത്തതുമായ ജീർണ്ണാവസ്ഥ നേരിട്ട ക്ഷേത്രാധിഷ്ഠാനങ്ങൾ എന്നിവയുടെയൊക്കെ വിപുലമായ പുരാവസ്തു ശേഖരകേന്ദ്രങ്ങൾ ജില്ലയുടെ തെക്കൻ ഭാഗങ്ങളിൽനിന്ന് ഈ ലേഖകനിലൂടെ കണ്ടെത്തിയിരുന്നു. ഇതുവരെയും കേരളത്തിലെ ചരിത്രപണ്ഡിതരുടെ കാര്യമായ പഠനവിധേയമാകാത്ത പാലക്കാട് ജില്ലയിലെ പ്രാചീന ശിലായുഗത്തെയും മധ്യശിലായുഗത്തെയും കണ്ടെത്തലുകളെക്കുറിച്ചാണ് ഈ ലേഖനത്തിലെ ഉള്ളടക്കം.

### നമ്മുടെ പ്രാചീനകാല ചരിത്രപഠനത്തിന്റെ പോരായ്മകൾ

ഭൂമുഖത്തെ ഏതൊരു പ്രദേശത്തിനും കോടാനുകോടി വർഷങ്ങളുടെ ഭൂമിശാസ്ത്ര കഥകൾ പറയാനുണ്ടെങ്കിലും മനുഷ്യന്റെ സാംസ്കാരിക വികാസപരിണാമത്തെ സംബന്ധിച്ച എന്തെങ്കിലും പുരാവസ്തു തെളിവുകൾ ലഭ്യമാകുമ്പോൾ മാത്രമേ സാംസ്കാരികചരിത്ര പഠനങ്ങളിൽ ആ പ്രദേശത്തെക്കുറിച്ച് സ്വീകാര്യത വരുന്നുള്ളു.

പാലക്കാട് ജില്ലയുൾപ്പെടെ കേരളത്തിന്റെ എല്ലാ പ്രദേശങ്ങളുടെയും ഭൂമിശാസ്ത്ര പശ്ചാത്തലവും കാലാവസ്ഥാ വൈവിധ്യങ്ങളും വസ്തുനിഷ്ഠമായി പരിശോധിക്കാതെയാണ് പ്രാചീനശിലായുഗ സംസ്കാരത്തിന് കേരളക്കര അനുയോജ്യപ്രദേശമല്ലെന്ന മുൻവിധി ആദ്യകാല ബ്രിട്ടീഷ് ചരിത്രകുതുകികളും ആ മാർഗ്ഗം അവലംബമായി ശരിവച്ച ഭാരതത്തിലെ പ്രാചീന ചരിത്രഗവേഷകരും ധരിച്ചിരുന്നത്. അതുകൊണ്ടു തന്നെ കേരളത്തിന്റെ ആദ്യകാല ചരിത്രകാരൻമാരെല്ലാം തന്നെ ബി.സി.1000-നും എ.ഡി.300-നും മധ്യേ നിലനിന്നിരുന്ന മഹാശിലായുഗ സംസ്കാരത്തെയും തമിഴ് സംഘകൃതികളെയും അടിസ്ഥാനമാക്കിയും യവനഭൂമിശാസ്ത്രകാരൻമാർ നടത്തിയ സ്ഥലനാമ സൂചനകളെയും സംഘോത്തര കൃതികളെയും മാത്രം അധികരിച്ച് എ.ഡി.800 വരെയുള്ള ചരിത്ര

ചരായ്ക്ക് പ്രാമുഖ്യം നൽകുകയും ചെയ്തു. ആധുനിക ചരിത്രകാരൻമാർ ശിലാലിഖിതങ്ങളെയും ഡോക്യുമെന്ററി തെളിവുകളെയും അടിസ്ഥാനമാക്കിയുള്ള ചരിത്രരചനകൾക്ക് പ്രാമുഖ്യം നൽകിയപ്പോൾ, ഫീൽഡിൽ ഇറങ്ങിയുള്ള പ്രാചീന ചരിത്രതെളിവുകൾ ശേഖരിച്ചുകൊണ്ടുള്ള ചരിത്രവിശകലനങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കാതെയുമായി. 1916-ൽ റോബർട്ട് ബ്രൂസ്ഫുട്ട് പാലിയോലിത്തിക് തെളിവുകൾ കണ്ടെത്തിയപ്പോൾ കേരളത്തിന്റെ ദുർഘടമായ ഭൂപ്രകൃതിയും ഉയർന്ന അളവിൽ ലഭിക്കുന്ന മഴയും, വിസ്തൃതമായ വനമേഖലയും ദർശിച്ച് പ്രാചീനശിലായുഗ സംസ്കാരത്തിന് യോജിച്ച സ്ഥലമല്ല നമ്മുടേതെന്ന നിഗമനം കേരളത്തിന്റെ ചരിത്രാന്വേഷണത്തിന്റെ ദിശതന്നെ ദശാബ്ദങ്ങളോളം വഴിമാറി.

ഹീറ്റേഴ്സൺ, കൃഷ്ണമൂർത്തി, അയ്യങ്കാർ, സങ്കാലിയ, ശേഷാദ്രി, ബി.സുബ്ബറാവു, ദാമണി മേനൻ, ഫിഷെറ, സ്യൂനർ തുടങ്ങിയവരൊക്കെ ഇന്ത്യയിലെ പ്രാചീന ശിലായുഗ സംസ്കാരത്തെക്കുറിച്ചുള്ള പഠനത്തിന് വളരെയധികം സംഭാവന നൽകിയവരായിരുന്നുവെങ്കിലും, കേരളത്തിന്റെ ഭൂപ്രദേശങ്ങളിലേക്ക് ഇറങ്ങിച്ചെന്നുകൊണ്ടുള്ള പഠനം തുലോം തുച്ഛമായിരുന്നു. കേരളത്തിൽ പാലക്കാട് ജില്ലയിലുൾപ്പെടെ വ്യാപിച്ചുകിടക്കുന്ന മലനിരകളിലും നദീതാഴ്വരകളിലും കാണപ്പെടുന്ന ഗുഹകൾ, പ്രകൃതിദത്ത അഭയകേന്ദ്രങ്ങൾ (Rock Shelters), ഉയർന്നുകിടക്കുന്ന വിശാലമായ പാറപ്പരപ്പുകൾ എന്നിവ കണ്ടെത്താനും പ്രാചീന ചരിത്രരചനയുടെ ചുരുളുകൾ അഴിക്കാനും അധികമാരും കർമ്മോത്സുകത കാട്ടിയിരുന്നില്ല എന്നു വേണം പറയാൻ. കേരളക്കരയ്ക്ക് സംഭാവനയേകിയ ആദ്യകാലചരിത്രരചയിതാക്കളിൽ ഭൂരിഭാഗവും ചരിത്രേതര വിഷയങ്ങളിലെ പണ്ഡിതശ്രേഷ്ഠരും, ഭാഷാ-നിയമജ്ഞരംഗങ്ങളിലെ പ്രഗത്ഭമതികളും ആണെന്നുള്ളതും പ്രാചീന ചരിത്രപഠനത്തിന്റെ സാധ്യതകൾക്ക് മങ്ങലേൽക്കാൻ ഇടയാക്കിയിരുന്നു.

## പാലിയോലിത്തിക്- മെസോലിത്തിക് കേന്ദ്രങ്ങൾ

1916- ൽ റോബർട്ട് ബ്രൂസ്ഫുട്ട് നടത്തിയ കേരളത്തിലെ ഭൂപ്രകൃതിയും-കാലാവസ്ഥയും പ്രാചീനശിലായുഗ സംസ്കാരം വളരാൻ പ്രതികൂല ഭൂമിശാസ്ത്ര സാഹചര്യമാണ് ഉള്ളതെന്ന നിഗമനം ആദ്യമായി തിരുത്തിയത് 1973-74 കാലഘട്ടത്തിലാണ്. തന്റെ പി.എച്ച്.ഡി പഠനത്തിന്റെ ഭാഗമായി പി.രാജേന്ദ്രൻ, പൂനെയിലെ ഡെക്കാൻ കോളജിലെ റിസർച്ച് ഗൈഡ് പ്രൊഫ.ആർ.വി.ജോഷിയുടെ സഹായത്തിൽ പാലിയോലിത്തിക് കാലഘട്ടത്തെയും മെസോലിത്തിക് കാലഘട്ടങ്ങളിലേക്കും വെളിച്ചം വീശുന്ന നിരവധി തെളിവുകൾ പാലക്കാടുജില്ലയിൽ നിന്നും കേരളത്തിന്റെ മറ്റു ചില ഭാഗങ്ങളിൽനിന്നും കണ്ടെത്തിയിരുന്നു. ചോപ്പർ, സ്ക്രാപ്പർ, ഹാൻഡ്‌ആക്സ്, ആച്ചിയൻ വിഭാഗത്തിൽപ്പെട്ട പാലിയോലിത്തിക് സംസ്കാരത്തിന്റെ തെളിവുകൾ പാലക്കാടുജില്ലയിൽനിന്നും കണ്ടെത്തിയതാണ് ഈ രംഗത്തെ പ്രഥമ ചുവടുവെപ്പ് എന്നു പറയാം.

പാലക്കാടുജില്ലയിലെ മലമ്പുഴ-കാഞ്ഞിരപ്പുഴ ഡാമുകളുടെ നിർമ്മാണവേളയിൽ തെങ്കര-കാഞ്ഞിരപ്പുഴ, മുക്കാലി, മലപ്പുറം ജില്ലയിലെ നിലമ്പൂർ, വള്ളുവശ്ശേരി, കോട്ടയം ജില്ലയിലെ കുത്താനി, കൊല്ലത്തെ അഞ്ചലിലെ ഏനാത്ത്... യഗിരി എന്നിവിടങ്ങളിൽനിന്നാണ് ബി.സി.10,000-ന് അപ്പുറമുള്ള പാലിയോലിത്തിക് ഉപകരണങ്ങളുടെ സാന്നിധ്യം പുറംലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്.



ഗുഹാസങ്കേതം- കൊടവൻകാട് പാറൈ

1973-74 കാലഘട്ടത്തെ പുരാവസ്തു പര്യവേക്ഷണത്തിന്റെ തുടർച്ചയെന്നോണം പി.രാജേന്ദ്രൻ കണ്ടെത്തിയ ബി.സി.10,000-നും ബി.സി. 4000-നും മധ്യേയുള്ള ഇരുപത്തിനാല് മെസോലിത്തിക് കേന്ദ്രങ്ങളിൽ പത്തെണ്ണവും പാലക്കാടുജില്ലയിലാണെന്നതാണ് പ്രത്യേകത. ജില്ലയുടെ വടക്കൻ ഭാഗങ്ങളായ മലമ്പുഴ, കാഞ്ഞിരപ്പുഴ നദീതടങ്ങളിലെ വാളയാർ, മലമ്പുഴ, പൊതിപ്പാറ, മങ്കര, കുലപ്പുള്ളി, ചിറയ്ക്കൽപ്പടി, അയ്യന്നൂർ, അഗളി, നരസിംഹകോട്ടെ, ചീരക്കടവ് തുടങ്ങിയ പത്തു കേന്ദ്രങ്ങളും പാലക്കാടുജില്ലയ്ക്ക് അവകാശപ്പെട്ടതാണ്. മറ്റ് മെസോലിത്തിക് കേന്ദ്രങ്ങൾ മലപ്പുറം ജില്ലയിലെ ചെല്ലൂർ, പാണ്ടിക്കാട്, വയനാട് ജില്ലയിലെ ചെമ്പ്ര, കുപ്പക്കൊല്ലി, കൊല്ലം ജില്ലയിലെ തെൻമല, ഓഡനാവട്ടം, തിരുവനന്തപുരം ജില്ലയിലെ ആങ്കോട്, നെയ്യാർ, കണ്ണൂർജില്ലയിലെ നിർമലഗിരി എന്നിവിടങ്ങളിലും മെസോലിത്തിക് കാലഘട്ടത്തെ മൈക്രോലിത്തിക് ഉപകരണങ്ങൾ കണ്ടെത്തിയിരുന്നു. ഇതിൽ നരസിംഹകോട്ടെ, തെൻമല, വാളയാർ, മങ്കര, ആങ്കോട്



മഞ്ചിക്കൽ കോട്ട

എന്നിവയൊഴിച്ചുള്ള കേന്ദ്രങ്ങളിലെല്ലാം ചെങ്കൽമണ്ണ് കാണപ്പെടുന്ന ഭാഗങ്ങളിൽനിന്നാണ് മൈക്രോലിത്തിക് ഉപകരണങ്ങൾ കണ്ടെത്തിയിരുന്നത്.

ഇതിൽനിന്ന് വ്യത്യസ്തമായി അടുത്ത കാലത്തായി പാലക്കാടുജില്ലയിലെ തെക്കൻ ഭാഗങ്ങളിൽ തെന്മല/വേങ്കടമലയോടു ചേർന്നുള്ള പ്രകൃതിദത്ത അഭയകേന്ദ്രങ്ങളിൽനിന്നും ഈ ലേഖകനിലൂടെ ചുള്ളിയാം പേരാറിന്റെ (ഭാരതപ്പുഴ) പോഷകനദിയായ ഗായത്രീനദീതടത്തിലെ ഉയർന്നുകിടക്കുന്ന പാറപ്പരപ്പുകളിൽനിന്നും ചില പാലിയോലിത്തിക് കേന്ദ്രങ്ങളും ഇരുപത്തിയേഴ് മൈക്രോലിത്തിക് കേന്ദ്രങ്ങളും കണ്ടെത്തിയിരുന്നു. ഇവയിൽ വിരുത്തി, പാലമഞ്ചേരി, വെള്ളപ്പാറക്കുന്ന്, വെള്ളാരംകടവ് എന്നീ കേന്ദ്രങ്ങൾ പാലിയോലിത്തിക് കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന കേന്ദ്രങ്ങളാണെന്നു പറയാം. മഞ്ചിക്കൽ കോട്ട, കൊക്കിപ്പാറ, തേക്കിൻചിറപൊറ്റൈ, അരയകുളം, കൊശവൻകോട്പൊറ്റൈ, കൊല്ലഞ്ചള്ള, വേങ്ങപ്പാറ, സീതാറുകുണ്ട്, ധർമ്മിപൊറ്റൈ, തേവർമണിപൊറ്റൈ, ചാത്തൻപാറ, പെരുമാൾ മല, നെല്ലിയാമ്പതി, തറപ്പാടം, പനങ്കാവ്, ചാത്തിയോട്പാറ, ചെറിയവിരുത്തി, വലിയവിരുത്തി, കിളിമല, പേഴൻപൊറ്റപൊറ്റൈ, തിരുനൂർ പാറ, പലകപ്പാണ്ടി, പറയൻ പള്ളം, മാട്ടാമാട്ടി പൊറ്റൈ, വീഴുമല, വാമല തുടങ്ങിയ കേന്ദ്രങ്ങൾ മെസോലിത്തിക് കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന മൈക്രോലിത്തിക് കേന്ദ്രങ്ങളാണ്.

ഇവിടെനിന്നും കണ്ടെത്തിയ കോർടൂൾസ്, ഹാന്റ് ആക്സ്, ബോറിയർ, ക്ലാവർ, പെബിൾ ടൂൾസ്, ചോപ്പിങ് ടൂൾ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന പാലിയോലിത്തിക് കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന ക്വാർട്സിന്റെ ഉപകരണങ്ങളാണെന്നു കരുതപ്പെടുന്നു. മെസോലിത്തിക് കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്ന മൈക്രോലിത്തിക് ഉപകരണങ്ങളായ ബെയ്ക്ക്ഡ് ബ്ലേഡ്, ബെയ്ക്ക്ഡ് ടൂൾസ്, ഡോറർ, റീടച്ച്ഡ് ബ്ലേഡ്, സ്ക്രാപ്പർ, പോയിന്റ് ടൂൾ, ഫ്ളയ്ക്ടൂൾ, ഹാമർ സ്റ്റോൺ, കോർടൂൾ, കോർ, ഫ്ളയ്ക്സ് ചിപ്പ്സ്, ചങ്ക്സ് തുടങ്ങിയ ഉപകരണങ്ങളാണ് പാലക്കാടുജില്ലയിലെ തെന്മല താഴ്വരയിൽനിന്ന് കണ്ടെത്തിയതെന്ന് ശാസ്ത്രീയ പഠനത്തിലൂടെ തെളിഞ്ഞിട്ടുണ്ട്.

ശിലകൾകൊണ്ടു നിർമ്മിച്ച ഉപകരണങ്ങളുടെ കാലഘട്ടത്തെ ആസ്പദമാക്കിയാണ് പ്രാചീന ശിലായുഗം (പാലിയോലിത്തിക്), മധ്യശിലായുഗം (മെസോലിത്തിക്), നവീനശിലായുഗം (നിയോലിത്തിക്) എന്നിങ്ങനെ പൊതുവെ ചരിത്രകാരൻമാർ വിലയിരുത്തിയിട്ടുള്ളത്. മനുഷ്യന്റെ സാങ്കേതികവിദ്യയുടെ ആദ്യകണ്ടുപിടുത്തങ്ങളിലൊന്നാണ് ക്വാർട്സ് എന്ന പേരിൽ അറിയപ്പെടുന്ന വെള്ളാരങ്കല്ലുകൊണ്ടു നിർമ്മിച്ച വിവിധ ഉപകരണങ്ങൾ. അലഞ്ഞു തിരിഞ്ഞ് നായാടിജീവിതം നയിച്ചിരുന്ന പാലിയോലിത്തിക് കാലഘട്ടത്തെയും മെസോലിത്തിക് കാലഘട്ടത്തെയും പ്രാകൃതജനത മലഞ്ചെരിവുകളിലെ ഗുഹാസങ്കേതങ്ങളിലും പ്രകൃതിദത്ത അഭയകേന്ദ്രങ്ങളിലും താമസിച്ച് വനവിഭവങ്ങൾ ശേഖരിച്ചും വേട്ടയാടിയും പുഴയിൽനിന്നും ജലാശയങ്ങളിൽനിന്നും ലഭിക്കുന്ന മീൻപിടിച്ചും ജീവിച്ചുപോന്നവരായിരുന്നു.

വെള്ളാരംകല്ല് ചീകിയെടുത്ത് ലഭിക്കുന്ന വിവിധ മൈക്രോലിത്തിക് ഉപകരണങ്ങൾകൊണ്ട് മത്സ്യവും മാംസവും പച്ചക്കറികളും കീറിമുറിക്കാനും ചെറിയ കഷണങ്ങളാക്കാനുമായിരുന്നു ഉപയോഗിച്ചിരുന്നത്. ഇവ ലഭ്യമാകുന്ന പ്രദേശങ്ങളിൽ മൈക്രോലിത്തിക് ഉപകരണങ്ങൾ നിർമ്മിക്കുന്ന കേന്ദ്രങ്ങളെ അവയുടെ ഫാക്ടറി നിർമ്മാണകേന്ദ്രങ്ങളായാണ് കണക്കാക്കിയിട്ടുള്ളത്. സൂക്ഷ്മതലത്തിൽ വളരെ മൂർച്ചയുള്ള ആയുധങ്ങളുണ്ടാക്കി, ബാക്കി വരുന്ന അസംസ്കൃത അവശിഷ്ടങ്ങൾ മനുഷ്യാധിവാസം കാര്യമായിതടപ്പെടുത്താത്ത പാറപ്പുറങ്ങളിലും മറ്റുചിതറിക്കിടക്കുന്ന രീതിയിലാണ് ഇവ സാധാരണ കണ്ടുവരാറുള്ളത്.

കേരളം പ്രാചീന ശിലായുഗങ്ങൾ നിർമ്മിക്കുന്ന വെള്ളാരംകല്ലിന്റെ (ക്വാർട്സ്) അസാന്നിധ്യ പ്രദേശമാണ് കേരളമെന്ന വാദം പാലക്കാട് ജില്ലയ്ക്ക് യോജിച്ചതല്ലെന്ന് ലഭ്യമായ പുരാവസ്തുഭൂമിശാസ്ത്ര വിശകലനത്തിലൂടെ ബോദ്ധ്യമാകുന്നു. ലോകപൈതൃകപദവിയിലേക്ക് ഉയർത്തുംവിധം ജൈവവൈവിധ്യത്തിന്റെ കലവറയായ പശ്ചിമഘട്ടം ഏകദേശം അൻപതു കോടി വർഷങ്ങൾക്കു മുമ്പ് ഭ്രംശന പ്രക്രിയയിലൂടെ താഴ്ത്തപ്പെട്ട മുപ്പത്തിരണ്ടു കി.മീ.വീതിയുള്ള പാലക്കാടൻ ചുരത്തിന്റെ പല ഭാഗങ്ങളിലും ഇവയുടെ സാന്നിധ്യം ധാരാളമായുണ്ട്. ആഗ്നേയപ്രക്രിയയിലൂടെ ഭൗമാന്തർഭാഗത്ത് സൃഷ്ടിക്കപ്പെട്ടകൊനാകൃതിയിലുള്ള അന്തർ ജന്യശിലകളുടെ മേൽമണ്ണ് നീക്കം ചെയ്യപ്പെട്ട് തെന്മല-വടമലയ്ക്ക് സമാന്തരമായി നിരവധി കരിങ്കൽ പാറപ്പരപ്പുകളും കാർഷികയോഗ്യമായ സമതലപ്രദേശങ്ങളും വെള്ളാരംകല്ലുകളും ഉള്ള പ്രദേശമായി മാറിയിരുന്നു. പശ്ചിമഘട്ടത്തിന്റെ മററു ഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി പാലക്കാടൻ ചുരത്തിന്റെ ഇരുഭാഗത്തുമായി ഉയർന്നുനിൽക്കുന്ന തെന്മല-വടമല താഴ്വരകളിലും പാറപ്പരപ്പുകളിലും സൃഷ്ടിക്കപ്പെട



കാർട്സ് കോർ ടൂൾ

ഗുഹകളും പ്രകൃതിദത്ത അഭയകേന്ദ്രങ്ങളും അതിപ്രാചീന ജനവിഭാഗത്തിന്റെ സുരക്ഷിത താവളമാകാൻ പറ്റിയ ഇടങ്ങളായിരുന്നുവെന്ന് അവിടെനിന്നും ലഭിച്ച മൈക്രോലിത്തിക് ഉപകരണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. പാലക്കാടിന്റെ തെക്കൻ ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയ ഈ ഇരുപത്തിയേഴ് മൈക്രോലിത്തിക് കേന്ദ്രങ്ങളിൽ പാലഞ്ചേരി, വിരുത്തി, പനങ്കാവ് എന്നിവിടങ്ങളിൽ മാത്രമാണ് ലാറ്ററൈറ്റ് (ചെങ്കൽ മണ്ണ്) ഭാഗത്തുനിന്ന് ലഭിച്ചിട്ടുള്ളവ. ബാക്കിയെല്ലാംതന്നെ ഗ്രാനൈറ്റ് കുന്നിൻപുറങ്ങളിൽ നിന്നും പാറപ്പുറങ്ങളിൽനിന്നും ലഭിച്ചവയാണ്. പാലഞ്ചേരി, വെള്ളാരം കടവ്, വെള്ളപ്പാറക്കുന്ന് തുടങ്ങിയ കേന്ദ്രങ്ങളിൽ വളരെ വലിപ്പമേറിയ വെള്ളാരംകല്ലുകളുടെ വൻസാന്നിധ്യം ഉണ്ടായിരുന്നു. പരിസരവാസികൾ നിലമൊരുക്കാനും വീടുനിർമ്മാണ ആവശ്യത്തിനും മറ്റുമായി നിരവധി മനോഹരമായ വെള്ളാരംകല്ലുകൾ പല കാലങ്ങളിലായി കടത്തിക്കൊണ്ടുപോയിട്ടുണ്ട് എന്ന് പഴമക്കാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

എറണാകുളം ജില്ലയിലെ പിറളിമറ്റം നെടുമലയിൽനിന്നും ഈ ലേഖകൻ കണ്ടെത്തിയ മൈക്രോലിത്തുകളും ഗുഹകളുടെയും പ്രകൃതിദത്ത അഭയകേന്ദ്രങ്ങളുടെയും സാന്നിധ്യമുള്ളവയാണ്.

പാലക്കാടുജില്ലയിലെ തെൻമല-വടമല നിരകളിലെയും ഭാരതപ്പുഴയുടെ പോഷകനദികളും കാഞ്ഞിരപ്പുഴനദിയും പർവ്വതതാഴ്വരകളിലൂടെ കടന്നുവന്ന് സമതലപ്രദേശത്തെ ഫലഭൂയിഷ്ഠമായ ഭൂപ്രദേശമാക്കി മാറ്റിയതും പർവ്വതതാഴ്വരകളെ പ്രാചീന അധിവാസകേന്ദ്രമാക്കി മാറ്റാൻ സഹായകമായിരുന്നു.

മനുഷ്യൻ സ്ഥിരതാമസമില്ലാതെ അലഞ്ഞുതിരിഞ്ഞുനടന്നിരുന്ന ശിലായുഗ മനുഷ്യർക്ക് വേട്ടയാടാനും, കായ്കനികളും വനവിഭവങ്ങളും ശേഖരിക്കാനും ഒരു കാലത്ത് വനനിബിഡമേഖലയായിരുന്ന തെൻമല, നെല്ലിയാമ്പതി, പറമ്പികുളം മേഖലകൾ സമ്പൽസമൃദ്ധ കേന്ദ്രങ്ങളായിരുന്നു. ഇവിടത്തെ ചെറുതും വലുതുമായ പോഷകനദീതടങ്ങളും തെൻമലതാഴ്വരകളിലും വിന്യസിച്ചുകിടക്കുന്ന നിരവധി കുളങ്ങളും ജലാശയങ്ങളും മീൻപിടിക്കാനും മറ്റും അനുകൂല സാഹചര്യമായിരുന്നു. ദക്ഷിണേന്ത്യയിലെ പ്രാചീന ദ്രാവിഡ ദേശങ്ങളിലേക്കുള്ള പ്രവേശന കവാടമായ പാലക്കാടുചുരത്തിന്റെ പ്രത്യേകത തമിഴ്നാടിന്റെയും കർണ്ണാടകയുടെയും ആന്ധ്രപ്രദേശത്തിന്റെയും വരണ്ടതും ചൂടാർന്നതുമായ പ്രതികൂലകാലാവസ്ഥയെക്കാൾ ആകർഷകമായിരുന്നു. അതുകൊണ്ടുതന്നെ പാലക്കാടുചുരവും തെൻമല-വടമലയുടെ ഭാഗങ്ങളും ആനമല-നീലഗിരി മലനിരകളും പാലിയോലിത്തിക്- മെസോലിത്തിക് കാലഘട്ടത്തെ ഏറ്റവും പ്രധാന ജനപഥങ്ങളിലൊന്നായി മാറുകയും ചെയ്തു. തെൻമലതാഴ്വരയിൽ കേന്ദ്രീകൃത രീതിയിൽ വിന്യസിച്ചുകിടക്കുന്ന വിപുലമായ മൈക്രോലിത്തിക് ഉപകരണങ്ങളുടെയും മറ്റ് ചരിത്രാതീത തെളിവുകളുടെയും സാന്നിധ്യം നമ്മുടെ നിലവിലുള്ള പ്രാചീന ശിലായുഗസംസ്കാര ധാരണകൾ തിരുത്തിക്കുറിക്കുന്നവ തന്നെയെന്ന് നിസ്സംശയം തെളിവുകൾ സഹിതം പറയാം●

(തുടരും)

## പാലക്കാടൻ സംസ്കൃതി

ഡോ.വി.സനൽകുമാർ

# നവീന ശിലായുഗ കണ്ടെത്തലുകൾ

നവീനശിലായുഗത്തിലേക്ക് (നിയോലിത്തിക്) വെളിച്ചം വീശുന്ന പുരാവസ്തു തെളിവുകൾ ചുരുക്കം ചില പ്രദേശങ്ങളിൽനിന്നു മാത്രമേ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ഭാരതത്തിന്റെ പ്രാചീന ചരിത്രപഠനത്തിന്റെ പ്രധാന ന്യൂനതകളിലൊന്നാണ്.

10,000 ബി.സി.വരെ നീണ്ടുകിടക്കുന്ന മധ്യശിലായുഗ (മെസോലിത്തിക്) കാലഘട്ടത്തിന്റെ മധ്യത്തോടെയാണ് നവീനശിലായുഗത്തിന് ആരംഭം കുറിച്ചതെന്നാണ് പൊതുവേ നിഗമനത്തിലെത്തിയ ചരിത്രമതം. മധ്യശിലായുഗത്തിനു ശേഷം നവീനശിലായുഗ കാലഘട്ടം ഗ്രാമങ്ങളുടെ രൂപീകരണവും വ്യാപനവുമാണെന്നു പറയാം. വേട്ടയാടലും മൃഗപരിപാലനവും മുഖ്യജീവിതോപാധിയാക്കി തുടരുന്നതോടൊപ്പം കൃഷിയുടെ പ്രാരംഭവികാസഘട്ടവുമായാണ് നവീനശിലായുഗത്തെ വിലയിരുത്തിയിട്ടുള്ളത്. പർവ്വതച്ചെരിവുകളിലെ പ്രകൃതിദത്ത അഭയകേന്ദ്രങ്ങളിൽനിന്നും ഗുഹാസങ്കേതങ്ങളിൽനിന്നും പോഷകനദികൾ ഉൾക്കൊള്ളുന്ന പർവ്വതതാഴ്‌വരയിലെ വിശാലപാറപ്പരപ്പുകളിൽ കൽസ്തൂപ പൊഴികൾ (പോസ്റ്റ് ഹോളുകൾ) തീർത്ത് മരത്തിന്റെയോ കരിങ്കല്ലിന്റെയോ തൂണുകൾ നാട്ടി കുടാരങ്ങളോ മണ്ഡപങ്ങളോ കെട്ടി താമസം ആരംഭിച്ച കാലഘട്ടംകൂടിയാണിത്. മലഞ്ചെരിവുകളിലൂടെ ഒഴുകിയെത്തുന്ന ചെറുതും വലുതുമായ ജലധാരകൾ, പോഷകനദികളുടെ സാമീപ്യം, ഫലഭൂയിഷ്ഠമായ മണ്ണ് എന്നിവ നവീനശിലായുഗ മനുഷ്യനെ പർവ്വതതാഴ്‌വരകളിൽ കാർഷികവൃത്തിയുടെ ആരംഭഘട്ടത്തിലേക്ക് ആകർഷിക്കുകയായിരുന്നു. മലഞ്ചെരിവുകളിലും വിശാലഭൂപ്രദേശങ്ങളിലും കാണപ്പെടുന്ന പുൽപ്പരപ്പുകൾ മൃഗപരിപാലനത്തിന് അനുകൂല സാഹചര്യമൊരുക്കുന്നു. മൈക്രോലിത്തിക് ഉപകരണങ്ങളുടെ നിർമ്മാണസാങ്കേതിക വിദ്യയോടൊപ്പം കളിമൺപാത്രനിർമ്മാണ സാങ്കേതികവിദ്യയുടെ ആരംഭം കുറിച്ച കാലഘട്ടവുമാണത്. അതിനനുസരിച്ചുള്ള വിപണികൾക്കു തുടക്കം കുറിക്കാനും, കൈമാറ്റവിനിമയത്തിന് കുറേക്കൂടി ശാക്തീകരണം കുറിക്കാനും കഴിഞ്ഞിരുന്നു.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ സ്വാറ്റ് താഴ്‌വരയിലെ ഗലിഗായ്, സരായ്ഖോല, കാശ്മീർ താഴ്‌വരയിലെ കുഴി പാർപ്പിടങ്ങൾക്കു സാധ്യതയുള്ള ബുർസഹോം, ബീഹാറിലെ ചിരന്തിൽ, ഉത്തർപ്രദേശിലെ ബലാൻ താഴ്‌വരയിലെ ചോപ്പാനി മാൻഡോ, കോൽദിഹ്‌വ, റെയ്ചൂർ, ദൊആബ്, ഗോദാവരി, കൃഷ്ണ എന്നിവിടങ്ങളിൽ നിന്നാണ് ഇതുവരെയും നവീന ശിലായുഗകേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ആന്ധ്രപ്രദേശിലെ നാഗാർജ്ജുനകൊണ്ട, ബ്രഹ്മഗിരി പ്രദേശങ്ങളിലെ പാറപ്പുറങ്ങളിലെ കൽസ്തൂപ പൊഴികൾ നവീന ശിലായുഗ അധിവാസകേന്ദ്രങ്ങളായിരുന്നുവെന്ന് കണ്ടെത്തിയിട്ടുണ്ട്.

നവീനശിലായുഗത്തിലെ ചില ഉപകരണങ്ങൾ പല ഭാഗങ്ങളിൽനിന്ന് കണ്ടെത്തിയതൊഴിച്ചാൽ അവയുടെ അധിവാസകേന്ദ്രങ്ങൾ കേരള



ചാത്തിയോട്ട് പാറ- പോസ്റ്റ് ഹോളുകൾ

ത്തിൽ നാളിതുവരെയും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല എന്നത് പ്രാചീനകാല ചരിത്രരചനയുടെ പ്രധാന പോരായ്മയായിരുന്നു.

വയനാട്ടിലെ കണ്യാക്കാട് കുന്നുകളിൽനിന്ന് ഫിലിപ്പ് ലേക്ക് കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യം നവീനശിലായുഗ കാലത്തെ മഴുകൾ കണ്ടെത്തിയതാണ് ഈ രംഗത്ത് കേരളത്തിൽ നിന്നുള്ള പ്രഥമ ചുവടുവെപ്പ്. പിന്നീട് 1901-ൽ ലോഗൻ, ഫോസെറ്റ് എന്നിവരും വയനാട്ടിൽനിന്ന് ക്വാർട്സ് ഫ്ളേക്കുകളും അവശിഷ്ടങ്ങളും കണ്ടെത്തിയിരുന്നു. മിനുസ്സി പാകപ്പെടുത്തിയ മഴുവുകളും മുത്തുമണികളും വയനാട്ടിലെ കൽപ്പറ്റയിൽനിന്നും പുൽപ്പള്ളിയിൽനിന്നും ലഭിച്ചിരുന്നു. പിന്നീട് നീണ്ട ദശാബ്ദത്തിനു ശേഷം 1975-ൽ താമരശ്ശേരിയിൽനിന്നും, 1983-ൽ പറമ്പിക്കുളത്തുനിന്നും, 1986-ൽ കുണ്ടൂർമേടിൽ നിന്നും, 1989-ൽ കൊല്ലം ജില്ലയിലെ കല്ലടതടത്തിലെ മൺഡ്രോ തുരുത്തിൽ നിന്നും നവീനശിലായുഗ കാലത്തെ ഉപകരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അടുത്ത കാലത്തായി എറണാകുളം ജില്ലയിലെ പെരിയാർ നദീതടത്തിൽനിന്നും നവീനശിലായുഗത്തിലേക്കു വെളിച്ചം വീശുന്ന ചില ഉപകരണങ്ങൾ ലഭിച്ചിരുന്നു.

ഈ ലേഖകൻ പാലക്കാടുജില്ലയിലെ തെൻമല താഴ്വരയിൽ നടത്തിയ പുരാവസ്തു അന്വേഷണത്തിൽ നവീന ശിലായുഗത്തിലേക്ക് വെളിച്ചം വീശുന്ന നിരവധി പുരാവസ്തു കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പ്രാചീന ശിലായുഗത്തിലെയും മധ്യശിലായുഗത്തിലെയും പുരാവസ്തു തെളിവുകളായ മൈക്രോലിത്തിക് ഉപകരണങ്ങൾ കണ്ടെത്തിയ പാറപ്പരപ്പുകളിലാണ് നവീന ശിലായുഗത്തിലേക്കും ആദിചരിത്രകാലഘട്ടത്തിലേക്കും വെളിച്ചം വീശുന്ന തെളിവുകൾ കണ്ടെത്തിയിട്ടുള്ളത്.

നവീനശിലായുഗത്തിന്റെ അധിവാസകേന്ദ്രങ്ങളെന്നു കരുതപ്പെടുന്ന കൽസ്തൂപശൈലികൾ റോക്ക്ഷെൽട്ടറുകളിൽ കുഴിയായിത്തീർന്ന കപ്സ്യൂൾസ് എന്നിവയുടെ വിപുലമായ കേന്ദ്രീകരണം ഏകീകൃത രീതിയിലാണ് ഇവിടെ കണ്ടെത്തിയിട്ടുള്ളത്.

പരന്ന പാറപ്പുറങ്ങളിൽ കുടാരത്തിന്റെയോ കൽമണ്ഡപത്തിന്റെയോ ഘടനയിൽ പതിനാറു മുതൽ മുപ്പത്തിയാറോളം കുഴികൾ തീർത്ത് വൃത്താകൃതിയിലും ചതുരാകൃതിയിലും ദീർഘചതുരാകൃതിയിലും നിർമ്മിച്ചിട്ടുള്ള ഇരുപത്തിനാലു മാതൃകകൾ പതിമൂന്നു കേന്ദ്രങ്ങളിലാണ് കാണപ്പെടുന്നത്. കൊല്ലങ്കോട് പഞ്ചായത്തിൽ ഒമ്പത്, മുതലമട പഞ്ചായത്തിൽ രണ്ട്, എലവഞ്ചേരി, എലപ്പുള്ളി പഞ്ചായത്തുകളിൽ ഒന്നുവീതം എന്നിങ്ങനെ പോസ്റ്റ് ഹോളുകളുടെ കർണ്ണാടക സാന്നിധ്യമാണുള്ളത്. ചാത്തിയോട്, അരകുളം, പനങ്കാവ്, പാരിക്കൽ കളംപാറ, മേലാർകോട്, മുടിപ്പറമ്പ്, തേവർമണി പൊറൈ, സീതാറുകുണ്ട്, പറയൻപള്ളം, തിരുന്നൂർപാറ, ഇളംപിലാവ്, ശാലിചക്ര പാറ എന്നീ കേന്ദ്രങ്ങളിലാണ് ഘടനാരീതിയിലുള്ള പോസ്റ്റ്ഹോളുകളുടെ സാന്നിധ്യം പാറപ്പുറങ്ങളിലുള്ളത്. മഞ്ചിക്കൽ കോട്ടയിലും മുതലമടയിലും പ്രകൃതിദത്തമായ അഭയകേന്ദ്രങ്ങളിലാണ് കപ്സ്യൂൾസിന്റെ സാന്നിധ്യമുള്ളത്.

വിശാലമായ പാറപ്പരപ്പുകളിലെ ചതുരാകൃതിയിലും ദീർഘചതുരാകൃതിയിലുമുള്ള പോസ്റ്റ്ഹോൾ കേന്ദ്രങ്ങൾക്ക് രണ്ടുമുതൽ ഏഴു മീറ്റർ വരെ വീതിയും, നാലു മുതൽ പതിനാറ് മീറ്റർ വരെ നീളവുമുണ്ട്. വൃത്താകൃതിയിലുള്ള മാതൃകകൾക്ക് നാലുമീറ്റർ വരെ വ്യാസാർദ്ധത്തിലാണ് നിർമ്മിച്ചിട്ടുള്ളത്.



കപ്സ്യൂൾസ്- മുതലമട റോക്ക് ഷെൽട്ടർ

മധ്യഭാഗത്തെ ചതുരാകൃതിയിലോ വൃത്താകൃതിയിലോ വലിയ പോസ്റ്റുകൾ നാട്ടാൻ പാകത്തിൽ, പാറപ്പുറത്തെ കൂടാരത്തിന്റെയോ കൽമണ്ഡപത്തിന്റെയോ ടെന്റുകളുടെയോ നിർമ്മാണത്തിന് മരത്തിന്റെയോ കരിങ്കല്ലിന്റെയോ തൂണുകൾ ഇറക്കിവയ്ക്കാൻ പാകത്തിൽ പതിനാറ് സെ.മീ.വരെ വലിപ്പത്തിലും പത്ത് സെ.മീറ്ററോളം ആഴത്തിലുമായി പതിനാറു മുതൽ മുപ്പത്തിയാറ് വരെ പോസ്റ്റ്ഹോളുകളാണ് ഓരോ സ്ട്രക്ച്ചറിലുമുള്ളത്.

തെന്മലനിരയിൽ പലകപ്പാണ്ടി ജലധാരയ്ക്കു സമീപം അമ്പതോളം പേരെ ഉൾക്കൊള്ളാൻ കഴിയുന്ന പ്രകൃതിദത്ത അഭയകേന്ദ്രമായ മഞ്ചിക്കൽകോട്ടയുടെ മുകൾഭാഗത്തു കയറാൻ പാകത്തിലും തിരശ്ചീനതലത്തിൽ റോക്ക് ഷെൽട്ടറിന്റെ ഇരുഭാഗത്തുമുള്ള കരിങ്കൽഭിത്തിയെ തമ്മിൽ ബീമുകൾവച്ചു ബന്ധിപ്പിക്കും വിധം മുകൾ ഭാഗത്ത് ചതുരാകൃതിയിൽ നിരവധി പോസ്റ്റ്ഹോളുകൾ നിർമ്മിച്ചിട്ടുണ്ട്. അതോടൊപ്പം, മുതലമടയിലെ ഒരു റോക്ക് ഷെൽട്ടറിൽ നൂറ്റമ്പതോളം കപ്സ്യൂൾസും ആറായിരം വർഷംവരെ പിറകിലേക്ക് പോകാവുന്ന കുഴികളുടെ രൂപത്തിലുണ്ട്.

ഇത്തരം ഘടനാപരമായ പുരാവസ്തു തെളിവുകൾ സ്ഥിരമായ അധിവാസത്തിന്റെ പ്രാരംഭകേന്ദ്രങ്ങളാണെന്നു പറയാം. ഗായത്രീനദീതടങ്ങളിലെ പോസ്റ്റ്ഹോളുകൾ കണ്ടെത്തിയ പാറപ്പുറങ്ങളിൽ മധ്യശിലായുഗ കാലത്തെ മൈക്രോലിത്തുകളും ശിലാരേഖാചിത്രങ്ങളും മഹാശിലായുഗകാലത്ത് അടക്കം ചെയ്ത കല്ലറകളുടെ സാമീപ്യവും നവീനശിലായുഗത്തിലേക്ക് വെളിച്ചം വീശുന്ന തെളിവുകൾതന്നെയാണ്.

ചാത്തിയോട്പാറ, തേവർമണിപ്പുറൈ, തേനേരി എന്നിവിടങ്ങളിലെ പോസ്റ്റ്ഹോൾ കേന്ദ്രങ്ങൾക്ക് സംഘാനന്തര കൃതിയായ 'മണിമേഖല'യിൽ പറഞ്ഞിട്ടുള്ള ആദിചരിത്രകാലഘട്ടത്തെ ആരാധനാക്രമവുമായി ബന്ധമുണ്ട്. എ.ഡി.300-നു ശേഷം ഉയർന്നുവന്ന ജൈനമതത്തിന്റെയും ബുദ്ധമതത്തിന്റെയും കർമ്മസ്ഥപ സ്വാധീനവും ഈ പാറപ്പുറങ്ങളിലെ പുരാവസ്തു തെളിവുകളിൽ ദൃശ്യമാകുന്നുണ്ട്. 1000 ബി.സി. മുതൽ 300 എ.ഡി. വരെ നിലനിന്നിരുന്നു എന്നു കരുതപ്പെടുന്ന മഹാശിലായുഗ കാലഘട്ടത്തിലും പാറപ്പുറങ്ങളിലെ പോസ്റ്റ്ഹോൾ സംസ്കാരത്തിന്റെ സ്വാധീനം നിലനിന്നിരുന്നതായി ചില തെളിവുകൾ വ്യക്തമാകുന്നു.

കേരളത്തിലെ മററു പ്രദേശങ്ങളിൽ നിന്നു വ്യത്യസ്തമായി ഗുഹകളും റോക്ക്ഷെൽട്ടറുകളും ഉൾക്കൊള്ളുന്ന ജലധാരകളോടുകൂടിയ തെന്മലനിരകളുടെയും താഴ്വാരങ്ങളിൽ വിശാല ഗ്രാനൈററ് പാറപ്പുറങ്ങളുടെയും സാന്നിധ്യമാണ് നവീനശിലായുഗ സംസ്കാരം താഴ്വരപ്രദേശങ്ങളിൽ കേന്ദ്രീകരിക്കാൻ പ്രധാന കാരണം.ഗുഹാസങ്കേതങ്ങളിൽ നിന്നും റോക്ക് ഷെൽട്ടറുകളിൽനിന്നും പടിയിറങ്ങിയ നവീനശിലായുഗ മനുഷ്യൻ കാർഷിക യോഗ്യമായ തെന്മലതാഴ്വരയിലെ ഫലഭൂയിഷ്ഠമായ കാർഷികനിലങ്ങൾക്കു സമീപമുള്ള പാറപ്പരപ്പുകളിൽ പോസ്റ്റ്ഹോളുകൾ തീർത്ത് മരത്തടിയോ കരിങ്കല്ലോകൊണ്ട് തൂണുകൾ നാട്ടി, കൂടാരങ്ങൾ കെട്ടി താമസകേന്ദ്രങ്ങളാക്കി മാററിയതിൽ അത്ഭുതമില്ല. പ്രാദേശികമായി ലഭ്യമാകുന്ന പനയോലയോ തെങ്ങിൻ ഓലയോ വയ്ക്കോലോ കൊണ്ട് മേൽക്കൂരകൾ ഉണ്ടാക്കി മഴയിൽനിന്നും വെയിലിൽനിന്നും സംരക്ഷണം നേടുകയായിരുന്നു. ഇത്തരം മേൽപ്പുരകൾ



തെന്മല അഥവാ വെള്ളമല

കാലാകാലങ്ങളിൽ തകർന്നടിയാനുള്ള സാധ്യതയുള്ളതും കരഭാഗങ്ങളിൽ വീടുവയ്ക്കാൻ തുടങ്ങിയതുമാണ് ഈ പ്രദേശങ്ങളിൽ ഇപ്പോഴും പോസ്റ്റുഹോളുകളുടെ മാത്രം സാന്നിധ്യമുണ്ടാവാൻ കാരണം.

ഫലഭൂയിഷ്ഠമായ മരുതനിലത്തിൽ ഉൾപ്പെടുന്ന കാർഷികനിലങ്ങൾ, നെൽകൃഷിക്കും പയറുകൃഷിക്കും യോജിച്ച മണ്ണിനങ്ങൾ, ചുള്ളിയം പേരാറിനെക്കുറിച്ച് (ഭാരതപ്പുഴയുടെ) സംഘം-സംഘാനന്തരകൃതികളിൽ പരാമർശിച്ചിട്ടുള്ള പ്രധാന പോഷകനദികളായ ഗായത്രിപ്പുഴയുടെയും അമരാവതിപ്പുഴയുടെയും സാന്നിധ്യവും, ഈ പ്രദേശം പ്രധാന കാർഷികനിലമായി വളരാൻ ഏറെ സഹായകമായിരുന്നു. തെന്മലനിരകളിൽനിന്നു ഒഴുകിവരുന്ന പലകപ്പാണ്ടി, സീതാറുകുണ്ട്, ഗോവിന്ദതീർത്ഥം തുടങ്ങിയ ജലധാരകൾ ചെറു അരുവികളായി ഒഴുകിയെത്തി ഗായത്രിപ്പുഴയെ സമ്പന്നമാക്കുകയും സമീപ പ്രദേശങ്ങളിൽ സ്വാഭാവിക ജലസേചനം എത്തിക്കാനും കഴിയുന്നു. മറ്റു പ്രദേശങ്ങളിൽനിന്നു വ്യത്യസ്തമായി ജലം സംഭരിച്ചുവെക്കാനുള്ള കുളങ്ങളുടെയും ജലാശയങ്ങളുടെയും സാന്നിധ്യവും കാർഷികവൃത്തിക്കും മൃഗപരിപാലനത്തിനും അധിവാസത്തിനും അനുകൂലഘടകങ്ങളൊരുക്കി. തെന്മലച്ചരിവുകളിലെ പരന്നഭാഗങ്ങളിൽ കാണപ്പെടുന്ന വിപുലമായ കളിമണ്ണിന്റെ സാന്നിധ്യം കളിമൺപാത്രങ്ങളും ടെറാക്കോട്ടാ ശില്പങ്ങളും വളർന്നുവരുവാനുള്ള സാഹചര്യമൊരുക്കി. സാങ്കേതികവിദ്യയുടെ പ്രാരംഭഘട്ടത്തിൽനിന്നുള്ള വികാസപരിണാമമെന്നോണം ആശാരിപ്പണിയും തയ്യലും കൂടി സ്ഥാനം പിടിച്ചു.

നവീനശിലായുഗത്തിന്റെ കൃത്യമായ കാലഘട്ടം നിർണ്ണയിക്കുക ഏറെ ദുഷ്കരമാണെങ്കിലും ഇന്ത്യയിൽ എല്ലാ ഭാഗങ്ങളിലും ഒരുപോലെയല്ല വികാസം പ്രാപിച്ചിട്ടുള്ളതെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. 7000 ബി.സി.ക്കു മുമ്പുതന്നെ ഇന്ത്യയിലെ പല ഭാഗങ്ങളിലും നവീനശിലായുഗകാലഘട്ടം ആരംഭിച്ചിരുന്നു എന്ന് ചരിത്രകാരന്മാർ കണ്ടെത്തിയിട്ടുണ്ട്. 4000 ബി.സി.ക്കും 1000 ബി.സി.ക്കും മധ്യേയാണ് കേരളത്തിലെ നവീനശിലായുഗകാലഘട്ടമെന്നാണ് പൊതുവേ എത്തിട്ടുള്ള നിലപാട്. എന്നിരുന്നാലും വേദകാലഘട്ടത്തിൽ പരാമർശിക്കുന്ന സാംസ്കാരിക ഔന്നത്യം, സാഹിത്യവിവരണം, പുരാണേതിഹാസങ്ങളുടെ സംഭവപരമ്പരകൾ എന്നിവ വസ്തുനിഷ്ഠമായി വിലയിരുത്തുമ്പോൾ നമ്മുടെ നവീനശിലായുഗ കാലഘട്ടത്തിന്റെ ആരംഭം 4000 ബി.സി.ക്കും അപ്പുറമാണെന്ന വാദത്തിനു തന്നെയാണ് മുൻതൂക്കം. കേരളമടക്കമുള്ള ദക്ഷിണേന്ത്യൻ ഭാഗങ്ങളിലെയും പോസ്റ്റുഹോളുകൾക്കും കപ്സ്യൂളുകൾക്കും ആറായിരത്തോളം വർഷത്തെ പഴക്കം അവകാശപ്പെടാം.

പാലക്കാടുജില്ലയിലെ പാറപ്രദേശങ്ങളിൽ കണ്ടെത്തിയ പോസ്റ്റ്ഹോൾ സംസ്കാരമടക്കമുള്ള പുരാവസ്തു തെളിവുകൾ പുരാവസ്തുവകുപ്പിന്റെ അനാസ്ഥയും ക്വാറിമാഫിയകളുടെ കടന്നുകയറ്റവും മൂലം നാശീകരണ ഭീഷണി നേരിടുകയാണ്. ഇവ സംരക്ഷിക്കപ്പെടുവാനുള്ള അടിയന്തിര നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ നവീന ശിലായുഗത്തിലേക്ക് (നിയോലിത്തിക് കാലഘട്ടത്തിലേക്ക്) വെളിച്ചം വീശുന്ന കേരളത്തിലെ ആദ്യത്തെ അധിവാസകേന്ദ്രമെന്ന് കരുതപ്പെടുന്ന നവീന ശിലായുഗ സാംസ്കാരം പൂർണ്ണമായും തകരും ●

(തുടരും)

## പാലക്കാടൻ സംസ്കൃതി

ഡോ.വി.സനൽകുമാർ

# മഹാശിലായുഗ സ്മാരകങ്ങൾ

ദക്ഷിണേന്ത്യയിൽ ഇരുമ്പുയുഗമെന്ന പേരിൽ അറിയപ്പെട്ടിരുന്ന, ബി.സി.1000-ത്തിനും എ.ഡി.300-നും മദ്ധ്യേ നിലനിന്നിരുന്ന പ്രാചീനകാല ശവസംസ്കാര രീതികൾ പ്രതിഫലിക്കുന്ന മഹാശിലായുഗ സംസ്കാരത്തിന്റെ ഏററവും വൈവിധ്യമാർന്ന പ്രത്യേകതകൾ ഏറെ സമന്വയിച്ചിട്ടുള്ള ജില്ലയാണ് പാലക്കാട്. മദ്ധ്യശിലായുഗത്തിന്റെയും നവീന ശിലായുഗത്തിന്റെയും തുടർച്ചയെന്നോണമുള്ള മഹാശിലായുഗ കാലഘട്ടത്തെ ശക്തമായ തെളിവുകളാണ് ഇവിടെയുള്ളത്. കേരളത്തിലെ എല്ലാ ജില്ലകളിലും മഹാശിലായുഗ കാലത്തെ സ്മാരകങ്ങളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ എണ്ണത്തിലും വൈവിധ്യത്തിലും ഏറെ പ്രത്യേകതകൾ ഉള്ളത് പാലക്കാട് ജില്ലയിൽ മാത്രമാണ്.

1823-ൽ ബാബിങ്ങ് ഹാമാണ് വടക്കൻ കേരളത്തിലെ ചാത്തൻപറമ്പിൽ കണ്ടെത്തിയ മഹാശിലായുഗസ്മാരകങ്ങളെക്കുറിച്ച് പ്രാഥമിക പഠനം നടത്തിയത്. 1882-ൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥനായിരുന്ന റോബർട്ട് സെവൽ പാലക്കാട് ജില്ലയുടെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് അമ്പത്തിയൊന്നു കേന്ദ്രങ്ങളിൽനിന്ന് ആറായിരത്തിലധികം മഹാശിലായുഗ സ്മാരകങ്ങൾ കണ്ടെത്തിയിരുന്നു. എന്നിരുന്നാലും 1940-കൾക്കു ശേഷം മാത്രമാണ് മഹാശിലായുഗ സംസ്കാരത്തെക്കുറിച്ചുള്ള ഗവേഷണപഠനത്തിൽ അൽപമെങ്കിലും പുരോഗതി ഉണ്ടായിട്ടുള്ളത്. 1975-ൽ കെ.എം.ജോർജ്, 2002-ൽ ഷിനു അബ്രഹാം, ജെനി പീറ്റർ എന്നിവർ റോബർട്ട് സെവല്ലിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി വ്യത്യസ്ത ദിശയിൽ പാലക്കാട് ജില്ലയിലെ മഹാശിലായുഗ സ്മാരകങ്ങളുടെ പ്രത്യേകതകളെക്കുറിച്ച് പഠനം നടത്തിയിരുന്നു. നിലവിലുണ്ടായിരുന്ന ലഭ്യമായ തെളിവുകളെ ക്രോഡീകരിച്ച് കേരളത്തിലെ സ്ഥലനാമ ചരിത്രപഠനത്തിന് പുതിയ ദിശാബോധം നൽകിയ എം.ജി.കെ.വാലത്ത്, റോബർട്ട് സെവല്ലിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി പാലക്കാട് ജില്ലയുടെ മഹാശിലായുഗസ്മാരകങ്ങളെക്കുറിച്ച് വിശകലനം നൽകിയിട്ടുണ്ട്. മഹാശിലായുഗ കാലത്തെ സാംസ്കാരിക പ്രത്യേകതകളിലൊന്നായ കളിമൺ വ്യവസായവുമായി ബന്ധപ്പെട്ട സെറാമിക് ഫീല്ഡുകളെ അടിസ്ഥാനമാക്കി പാലക്കാട് ജില്ലയുടെ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക സ്ഥിതിഗതികളെ വിലയിരുത്തിയാണ് ഷിനു എബ്രഹാം പഠനം നടത്തിയിരുന്നത്. ഉപദ്വീപീയ പീഠഭൂമിയിൽനിന്ന് പാലക്കാട് ചുരത്തിലേക്കുള്ള മഹാശിലായുഗകാലത്തെ ജനതയുടെ കുടിയേറ്റത്തെ അടിസ്ഥാനമാക്കിയാണ് ജെനി പീറ്റർ പഠനം നടത്തിയിരുന്നത്. ഇതിനു പുറമെ റോബർട്ട് സെവല്ലിന്റെ കണ്ടെത്തലുകളെ അടിസ്ഥാനമാക്കി ചെറുതും വലുതുമായ ചില പഠനങ്ങളും മഹാശിലായുഗ കാലത്തെ സ്മാരകങ്ങളുടെ ഒററപ്പെട്ട കണ്ടെത്തലുകളും ഉണ്ടായിട്ടുണ്ട്.

റോബർട്ട് സെവല്ലിന്റെ 1882-ലെ കണ്ടെത്തലുകളുടെ പരിധിയിൽ ഉൾപ്പെടാത്ത മൂന്നൂറോളം മഹാശിലായുഗ സ്മാരകങ്ങൾ കഴിഞ്ഞ ഒരു ദശാബ്ദങ്ങളായി നെന്മല താഴ്വരയുടെ കിഴക്കൻ ഭാഗങ്ങളിൽ സ്ഥിതിചെയ്യുന്ന മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, പല്ലശ്ശന പഞ്ചായത്തുകളുടെ പരിധിയിൽനിന്ന് ഈ ലേഖകൻ കണ്ടെത്തിയിട്ടുണ്ട്. മെൻഹിറുകൾ, ഡോൾമനോയിഡ് സിസ്റ്റ്, സ്ലാബ് സിസ്റ്റ്, സർഗോ ഫാഗി, നന്നങ്ങാടികൾ എന്നീ വിഭാഗങ്ങളിൽ ഉ



*മഹാശിലായുഗ സ്മാരകം- സ്ലാബ് സിസ്റ്റ്*

ശ്പ്പെടുന്ന ഈ മുപ്പതോളം മഹാശിലായുഗകേന്ദ്രങ്ങളിൽ നിന്നാണ് മുന്നൂറിലധികം കല്ലറകളുടെ വൈവിധ്യമാർന്ന സാന്നിദ്ധ്യം പുറംലോകത്തിന്റെ ശ്രദ്ധയിലെത്തിയത്. ഗ്രാമഗ്രാമാന്തരം അന്വേഷണാത്മക രീതിയിൽ നടന്നു ചെന്ന് ഉപരിതല പര്യവേഷണം നടത്തിയാണ് തേക്കിൻചിറ, ചിങ്ങൻചിറ, ഇടച്ചിറ, കൊല്ലൻചള്ള, വേങ്ങപ്പാറ, അരയകുളം, മാങ്കണാംകുറിശി, അഗസ്ത്യഗിരി (മുക്കൈശൻകുന്ന്), പുളിമന്നം, കാച്ചാംകുറിശി, ചാത്തൻപാറ, വിരുത്തി, പനങ്കാവ്, പേഴൻപൊറ്റപൊരൈ, മാട്ടാമാട്ടിപ്പുറൈ, കൂമൻമല, കൊടുവാശിപാറ, ഇളമ്പിലാവ്, കുമ്പളക്കോട്, പല്ലാവൂർ, വിത്തനശേരി, കരിങ്കുളം തുടങ്ങിയ കേന്ദ്രങ്ങളിൽനിന്ന് ഇത്രയും വിപുലമായ കല്ലറകളുടെ സാന്നിദ്ധ്യം കണ്ടെത്താനായത്.

**കല്ലറകളുടെ സവിശേഷതകൾ**

ഇവിടെ കണ്ടെത്തിയ സ്ലാബ് സിസ്റ്റുകൾക്ക് ദീർഘചതുരാകൃതിയിലുള്ള മേശയുടെ ആകൃതിയാണ് ഉള്ളത്. ഭൂമിക്കടിയിൽ ചതുരാകൃതിയിലുള്ള അറയുടെ രൂപത്തിൽ ഇരുഭാഗത്തുമായി ലംബമായി നാട്ടിയ വെട്ടിയെടുത്ത രണ്ട് കൽപലകയുടെ മുകൾഭാഗം മറ്റൊരു കൽപലക കൊണ്ട് മൂടിവച്ച സ്ഥിതിയിലാണ് കണ്ടെത്തിയ സ്ലാബ് സിസ്റ്റുകളുടെ പ്രധാന ഘടന. ഉള്ളിൽ മറ്റു കരിങ്കൽപ്പാളികൾ നാട്ടി അറകൾ തീർത്തും അല്ലാതെയും മരിച്ച വ്യക്തിയോ കുടുംബമോ ഉപയോഗിച്ചിരുന്ന സാധനസാമഗ്രികൾ കല്ലറയിൽ നിക്ഷേപിച്ചുമാണ് ശവസംസ്കാര മാതൃകകളിലൊന്നായ സ്ലാബ് സിസ്റ്റുകൾ തീർത്തിട്ടുള്ളത്. ഒന്നോ അതിലധികമോ അറകളും മൂന്നോളം പോർട്ട് ഹോളുകളും സ്ലാബ്സിസ്റ്റിനകത്ത് തീർത്തിട്ടുള്ളത് കാണാവുന്നതാണ്. ചില സ്ലാബ് സിസ്റ്റുകളിൽ വൃത്താകൃതിയിലുള്ള കൽത്തുളകൾ (പോർട്ട് ഹോൾ) ദൃശ്യമാണ്. ഭൂമിക്കടിയിലാണ് സ്ലാബ് സിസ്റ്റുകൾ പൊതുവെ കാണപ്പെടുന്നത്. എന്നാൽ, സ്ലാബ് സിസ്റ്റുകളിൽ നിന്ന് വ്യത്യസ്തമായി ഭൂമിയുടെ ഉപരിതലത്തിൽ ദീർഘചതുരാകൃതിയിൽ ലംബതലത്തിൽ സ്ഥാപിച്ചിട്ടുള്ള കരിങ്കൽ സ്ലാബിനുമുകളിൽ വൃത്താകൃതിയിലുള്ള കരിങ്കൽപ്പലകകൾകൊണ്ടോ മൂടപ്പെട്ട് കാണപ്പെടുന്ന സ്ലാബ് സിസ്റ്റുകളുടെ വകഭേദമായ ഡോൾമനോയിഡ് സിസ്റ്റുകളുടെ സാന്നിദ്ധ്യവും ഇവിടെ ധാരാളം കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ മറ്റു ജില്ലകളിൽനിന്ന് വ്യത്യസ്തമായി സ്ലാബ് സിസ്റ്റുകളോട് ചേർന്നുതന്നെ നിരവധി ഡോൾമനോയിഡ് സിസ്റ്റുകൾ പാലക്കാട് ജില്ലയിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ കണ്ടെത്തിയ കരിങ്കല്ലുകൊണ്ടുള്ള മഹാശിലായുഗ സ്മാരകങ്ങളുടെ മറ്റൊരു വകഭേദമാണ് നടുക്കല്ലുകൾ അഥവാ മെൻഹിറുകൾ. വലിയ ഒറ്റക്കല്ലിൽ കാണപ്പെടുന്ന മെൻഹിറുകൾ നടുക്കല്ല്, പുലച്ചിക്കല്ല്, നാട്ടുകല്ല്, പടക്കൽ തുടങ്ങിയ പേരുകളിലൊക്കെ വിവിധ പ്രദേശങ്ങളിൽ അറിയപ്പെടുന്നുണ്ട്. മറ്റു കല്ലറ രീതികളിൽനിന്ന് വ്യത്യസ്തമായി ഗോത്രരാജവംശ ബന്ധമുള്ള ജനതയുടെ ശവസംസ്കാരരീതിയാണ് നടുക്കല്ലു കൾക്കുള്ളതെന്നാണ് പറയപ്പെടുന്നത്. പ്രാചീന തമിഴ് സംഘകൃതികളിലും മറ്റും ഇത്തരം ശവസംസ്കാരരീതികളെക്കുറിച്ച് നിരവധി പരാമർശങ്ങൾ നടത്തിയിട്ടുണ്ട്.

കരിങ്കല്ലുകൊണ്ട് തീർത്ത മഹാശിലായുഗ സ്മാരകങ്ങളായ സർഗോ



*തകർക്കപ്പെട്ട ഡോൾമനോയ്ഡ്- മഹാശിലായുഗ സ്മാരകം*

ഫാഗസ് വിഭാഗത്തിലുള്ള കല്ലറകളുടെ സാന്നിദ്ധ്യവും പാലക്കാട് ജില്ലയിൽ നിന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൃത്താകൃതിയിൽ നിരവധി കരിങ്കൽ തൂണുകൾ നാട്ടിയാണ് ഇത്തരം കല്ലറകൾ സൃഷ്ടിച്ചിരിക്കുന്നത്.

കരിങ്കല്ലുകൾ സുലഭമല്ലാത്ത കേരളത്തിലെ മററു ജില്ലകളിൽ ധാരാളമായി കണ്ടുവരുന്ന മുനിയറകളുടെ(നന്നങ്ങാടികളുടെ) സാന്നിദ്ധ്യവും പാലക്കാട് ജില്ലയിൽനിന്ന് കണ്ടെത്തിയിട്ടുണ്ട് എന്നതാണ് മറ്റൊരു ശ്രദ്ധേയ വസ്തുത. മനുഷ്യരെ മരണാനന്തരം അടക്കം ചെയ്തതിനു ശേഷം ഭൗതികാവശിഷ്ടം വലിയ മൺ കലശങ്ങളിലിട്ട് മൂടിവയ്ക്കുന്ന ശവസംസ്കാരരീതിയാണിത്. എന്തുകൊണ്ടാണ് മററു ജില്ലകളിൽനിന്നു വ്യത്യസ്തമായി ഗ്രാനൈറ്റ് ശിലകൾ സുലഭമാകുമ്പോഴും അതേ കല്ലറ സമുഹത്തിൽ നന്നങ്ങാടികളുടെ സാന്നിദ്ധ്യവും ശവസംസ്കാരരീതിയിൽ കാണപ്പെടുന്നത് എന്നതിനെക്കുറിച്ച് വ്യക്തമായ ഉത്തരം ഇതുവരെയും ലഭ്യമല്ല.

റോബർട്ട് സെവ്വിന്റെ റിപ്പോർട്ടിലാണ് പാലക്കാട് ജില്ലയിൽ കണ്ടെത്തിയ നിരവധി തൊപ്പിക്കല്ലുകളെക്കുറിച്ചുള്ള പരാമർശങ്ങൾ ഉള്ളത്. നാലോ അഞ്ചോ തൂണുകൾപോലുള്ള ചെങ്കല്ലിന്റെ ഫലകങ്ങൾ നാട്ടി അതിനു മുകളിൽ വലിയ കുടയുടെ ആകൃതിയിലുള്ള കൽപാളി വയ്ക്കുന്ന ശവസംസ്കാര രീതിയാണ് തൊപ്പിക്കല്ലിന്റേത്.

റോബർട്ട് സെവ്വിന്റെ പഠനത്തിൽ ഏററവും കൂടുതൽ മഹാശിലായുഗ സ്മാരകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് മെൻഹിറുകളാണ്. മൊത്തം കണ്ടെത്തിയ 5355 മഹാശിലായുഗ സ്മാരകങ്ങളിൽ മെൻഹിറുകൾ 3162, സ്ലാബ് സിസ്റ്റ് 1518, തൊപ്പിക്കല്ലുകൾ 675 എന്നിങ്ങനെയാണ്. നന്നങ്ങാടികളെക്കുറിച്ച് തരം തിരിച്ച കണക്കുകൾ ലഭ്യമല്ല. ഈ ലേഖകൻ തെന്മലതാഴ്‌വരയിൽ കണ്ടെത്തിയ മുന്നൂറിലധികം കല്ലറകളിൽ 86.80% എൺപത്തിയാറ് ശതമാനം ഗ്രാനൈറ്റ് ശിലകളാൽ നിർമ്മിതമാണ്. ഇതിൽ സ്ലാബ് സിസ്റ്റുകൾ എഴുപത്തിയഞ്ച് ശതമാനം വരും.

മെഗാ (വലിയ), ലിത്തിക് (ശിലകൾ) എന്നീ രണ്ട് പദങ്ങൾ ഉൾക്കൊള്ളുന്ന, വലിയ ശിലകൾ എന്ന് അർത്ഥം വരുന്ന മെഗാലിത്തിക് എന്ന വാക്കിൽ നിന്നാണ് ആ കാലഘട്ടത്തെ ശവസംസ്കാരരീതിയിൽ പ്രതിഫലിക്കുന്ന മഹാശിലായുഗ സംസ്കാരം എന്ന പ്രയോഗം ചരിത്രകാരന്മാർ പ്രയോഗിച്ചുതുടങ്ങിയത്. ഈ കാലഘട്ടത്തിൽ ഇരുമ്പിന്റെ ഉപയോഗം ആരംഭിച്ചതുകൊണ്ടാണ് ഇരുമ്പുയുഗം എന്ന പേരിലും മഹാശിലായുഗകാലം അറിയപ്പെട്ടിരുന്നത്. കേരളത്തിൽ മഹാശിലായുഗത്തിലെ അധിവാസകേന്ദ്രം കണ്ടെത്തിയിട്ടുള്ളത് എറണാകുളം ജില്ലയിലെ പട്ടണം എന്ന പ്രദേശത്ത് മാത്രമാണ്. പാലക്കാട് ജില്ലയിൽ കണ്ടെത്തിയിട്ടുള്ള ഇരുമ്പ് ആയുധങ്ങൾ, കളിമൺ പാത്രങ്ങൾ, മുത്തുമണികൾ, എല്ലിൻ കഷണങ്ങൾ എന്നിവയുടെ പ്രത്യേകതകളും സാന്നിദ്ധ്യങ്ങളും വെളിപ്പെടുത്തുന്നത് ദക്ഷിണേന്ത്യയിൽ പൊതുവെ ഏകീകൃത ശവസംസ്കാരരീതിയാണ് നിലനിന്നിട്ടുള്ളതെന്നാണ്. ശവസംസ്കാരവുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള കളിമൺ പാത്രങ്ങൾ പാലക്കാട് ജില്ലയിൽനിന്ന് കണ്ടെത്തിയിട്ടുള്ളത്. പ്രധാനമായ അധിവാസകേന്ദ്രങ്ങളിലൊന്നാണ് ഈ പ്രദേശമെന്നാണ് കല്ലറയിൽ കാണപ്പെടുന്ന ഇരുമ്പായുധങ്ങൾ സൂചിപ്പിക്കുന്നത്. ഭക്ഷണം തേടി അലയൽ, വേട്ടയാടൽ, കാർഷികവൃത്തി തുടങ്ങിയ ജീവിതരീതികളെ പ്രതിഫലിപ്പിക്കുന്നു. പോത്തിന്റേതോ കാളയുടേതോ എന്നു കരുതപ്പെടുന്ന എല്ലിൻകഷണങ്ങൾ സൂചിപ്പിക്കുന്നതും പ്രാചീനകാലത്തെ മൃഗസംരക്ഷണത്തെയും ഉപയോഗത്തെയുമാണ്.

കേരളത്തിൽ മററു പ്രദേശങ്ങളെ അപേക്ഷിച്ച് പാലക്കാട് ജില്ലയിലെ തെന്മലതാഴ്‌വരയിൽ കരിങ്കൽപ്പാറകളുടെ സാന്നിദ്ധ്യമായിരിക്കാം സ്ലാബ് സിസ്റ്റുകൾ, മെൻഹിറുകൾ, ഡോൾമനോയിഡ് സിസ്റ്റുകൾ തുടങ്ങിയ കല്ലറകളുടെ ഉറവിടത്തിനു കാരണം. എന്നാൽ തേക്കിൻചിറ, ചിങ്ങൻചിറ, ഇളംപിലാവ്, കൊടുവാൾപാറ, മാട്ടാമാട്ടി പൊറ്റെ എന്നീ പ്രദേശങ്ങളിലാണ് ഇത്തരം കല്ലറകൾക്കു പുറമെ ചുട്ടെടുത്ത കളിമൺ നിർമ്മിതമായ നന്നങ്ങാടികളുടെ (മുനിയറകളുടെ) സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. എന്തുകൊണ്ടാണ് ഇത്തരം സമ്മിശ്രരീതികൾ ഒരു ശവസംസ്കാരസ്ഥലത്തുതന്നെ പാലക്കാട് ജില്ലയിൽ നിലനിന്നിരുന്നത് എന്നതും വ്യക്തമല്ല.

### തേക്കിൻചിറ ഉത്ഖനനം

പാലക്കാട് ജില്ലയിലെ തെന്മലതാഴ്‌വരയുടെ ചരിത്രപ്രാധാന്യത്തെക്കുറിച്ച് സംസ്ഥാന പുരാവസ്തുവകുപ്പിനെ ഈ ലേഖകൻ അറിയിച്ചതിനെതുടർന്ന് 1999-ൽ പുരാവസ്തുവകുപ്പിന്റെ നേതൃത്വത്തിൽ തേക്കിൻചിറയിൽ മഹാശിലായുഗസ്മാരകങ്ങൾ നിലനിന്നിരുന്ന പ്രദേശം ഉത്ഖനനവിധേയമാക്കിയിരുന്നു. സ്ലാബ്സിസ്റ്റുകളുടെയും നന്നങ്ങാടികളുടെയും പതിനാലും കല്ലറകളുടെ സാന്നിദ്ധ്യമുള്ള ഇവിടെ ഒരു സ്ലാബ് സിസ്റ്റ് മാത്രമാണ് ഉത്ഖനന വിധേയമാക്കിയിരുന്നത്.

ലോക്കിംഗ് സിസ്റ്റിൽ രണ്ടുമീറ്റർ നീളത്തിലും 0.80 മീറ്റർ വീതിയിലും 0.70 മീറ്റർ കനത്തിലും അടച്ചിട്ട രീ

തിയിലാണ് പ്രധാന കല്ലറ കാണപ്പെടുന്നത്. അത്രതന്നെ വീതിയുള്ള, ദീർഘചതുരാകൃതിയിലുള്ള കരിങ്കൽപ്പാളികൾകൊണ്ട് മുകൾ മൂടിയ മൂന്ന് അറകളോടെയുള്ള ഒരു പ്രധാന കല്ലറയും തൊട്ടടുത്തുതന്നെയായി മറ്റൊരു കല്ലറയുമാണ് ഇവിടെയുള്ളത്. കിഴക്കുപടിഞ്ഞാറ് ദിശയിലാണ് പ്രധാന കല്ലറയുടെ കിടപ്പ്. മൂന്ന് അറകളോടുകൂടിയ പ്രധാന കല്ലറയോട് ചേർന്നുകിടക്കുന്ന അതേ വലുപ്പത്തിലുള്ള രണ്ടാമത്തെ കല്ലറയുടെ മുകൾഭാഗം കരിങ്കൽപ്പാളികൊണ്ട് മൂടിയ നിലയിലല്ല കാണപ്പെടുന്നത്. പ്രധാന കല്ലറയോട് ചേർന്നുതന്നെ കിഴക്കുഭാഗത്തായി സമചതുരാകൃതിയിൽ മറ്റൊരു ചെറിയ കല്ലറയും ഉണ്ട്.

പ്രധാന കല്ലറ ഉൾക്കൊള്ളുന്ന മൂന്ന് കരിങ്കൽപ്പാളികൾ കൽത്തുളകൾ (പോർട്ട് ഹോളുകൾ) ഉൾക്കൊള്ളുന്നവയാണ്. മൂന്ന് അറകൾ സൃഷ്ടിക്കുന്നതിനായി പ്രധാന പാളികൾക്കു കുറുകെയായി ലംബതലത്തിൽ രണ്ട് കരിങ്കൽപ്പാളികൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടു കല്ലറകളെ തമ്മിൽ വേർതിരിക്കുന്ന കരിങ്കൽപ്പാളിയുടെ കീഴ്ഭാഗത്താണ് കൽത്തുളകളുള്ളത്. ആദ്യത്തെ കല്ലറ അറകളോടെയാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്; രണ്ടാമത്തെ കല്ലറ അങ്ങനെയല്ല. എന്നാൽ രണ്ടു കല്ലറകളിലും പുരാവസ്തു അവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു. എന്നാൽ, ചതുരാകൃതിയിലുള്ള ചെറിയ കല്ലറയിൽ ഒരു അവശിഷ്ടവും ലഭ്യമായിരുന്നില്ല.

രൂപകൽപ്പന ചെയ്ത, പല വലുപ്പത്തിലും രൂപത്തിലുമുള്ള പതിനാറോളം കളിമൺപാത്രങ്ങൾ, ഇരുമ്പുകൊണ്ടുള്ള മഴു, വാൾ, കാർണീലിയൻ മുത്തുമണികൾ, എല്ലിൻകഷ്ണങ്ങൾ തുടങ്ങിയ പുരാവസ്തു തെളിവുകളാണ് കല്ലറയ്ക്കകത്തുനിന്ന് ഉത്ഖനനംചെയ്തെടുത്തത്. ചുട്ടെടുത്ത കറുത്തതും ചുവന്നതുമായ അടയാളങ്ങളോടെയുള്ള നീണ്ട കഴുത്തുള്ള കളിമൺപാത്രങ്ങൾ, തണ്ണിമത്തന്റെ രൂപത്തോടുകൂടിയ ഭരണികൾ, തെരുക്കകൾ (റിംഗ് സ്റ്റാന്റ്"), ചെറിയ കുടം എന്നിവയാണ് കല്ലറക്കകത്തുനിന്ന് കണ്ടെത്തിയ കളിമൺപാത്രങ്ങൾ. മരണം നടന്ന് ഒരു വർഷത്തിനുശേഷം ഒരുക്കുന്ന ഇത്തരം രണ്ടാമത് ശവസംസ്കാരച്ചടങ്ങിൽ പരേതാത്മാക്കൾ പരലോകത്തു ചെന്നാൽ ഭക്ഷ്യവസ്തുക്കൾ ലഭ്യമാകുന്നതിന്റെ പ്രതീകമായാണ്



*തകർക്കപ്പെട്ട മഹാശിലായുഗ സ്മാരകം- സ്ലാബ് സിസ്റ്റ്*

മൺകലശങ്ങൾ കല്ലറക്കകത്ത്കാണപ്പെടുന്നത് എന്നാണ് പൊതുവിശ്വാസം. കിഴക്കുപടിഞ്ഞാറ് ദിശയിൽ അടക്കംചെയ്തിട്ടുള്ള ഇത്രയും വലിയ ഒരു കല്ലറയുടെ സാന്നിദ്ധ്യം കേരളത്തിൽ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഒരു പ്രാദേശിക പ്രമാണിയുടെയോ രാജാവിന്റെയോ ആവാം ഇത്തരം കല്ലറകളെന്ന് പുരാവസ്തുവകുപ്പ് നിരീക്ഷിച്ചിട്ടുണ്ട്. ഒരു ശവസംസ്കാരസ്ഥലത്തുതന്നെ മൂന്ന് കല്ലറകളുടെ സാന്നിദ്ധ്യമുള്ളത് കൂട്ടക്കുരുതിക്ക് വിധേയമായ ഒരു കുടുംബത്തിലെ അംഗങ്ങൾക്കു വേണ്ടി തീർത്ത മഹാശിലായുഗ സ്മാരകമാണ് ഇതെന്ന് കരുതപ്പെടുന്നു. ഇവിടെ തന്നെ മറ്റു സ്ലാബ് സിസ്റ്റുകളുടെ സാന്നിദ്ധ്യവും നന്നങ്ങാടികളുടെ സാന്നിദ്ധ്യവും സൂചിപ്പിക്കുന്നത് ഒരു പ്രധാന സമൂഹത്തിലെ വ്യത്യസ്ത ശ്രേണിയിലുള്ള ജനവിഭാഗങ്ങളുടെ കല്ലറകളാണ് ഇവിടെയുള്ളത് എന്നുതന്നെയാണ്. കല്ലറയ്ക്കകത്തു നിന്ന് ലഭ്യമായ ഇരുമ്പായുധങ്ങളും ഉപരിതലത്തിൽ നിന്ന് ലഭ്യമായ എല്ലിൻ കഷ്ണങ്ങളും കാർണീലിയൻ മുത്തുമണികളും ശ്രദ്ധേയങ്ങളാണ്.

## കാലഗണന

ഉത്ഖനനവിധേയമായ തേക്കിൻചിറ മഹാശിലായുഗസ്മാരകത്തിൽ നിന്ന് ലഭ്യമായ കറുത്തതും ചുവന്നതുമായ ചുട്ടെടുത്ത കളിമൺപാത്രങ്ങൾ, ഇരുമ്പായുധങ്ങൾ, കാർണീലിയൻ മുത്തുമണികൾ, നന്നങ്ങാടികൾ എന്നിവയുടെയൊക്കെ കൃത്യമായ കാലഗണന കണ്ടെത്തുക ഏറെ ദുഷ്കരമാണ്. ഇവിടെനിന്ന് കണ്ടെത്തിയ എല്ലിൻ കഷണങ്ങൾ റേഡിയോ കാർബൺ ഡേറ്റിംഗിലൂടെ ശാസ്ത്രീയ പഠനവിധേയമാക്കിയപ്പോൾ 1000 ബി.സി.വരെ പിറകിലേക്ക് പോകുന്ന കല്ലറയാണ് ഇതെന്നു തെളിഞ്ഞിട്ടുണ്ട്. മറ്റു പ്രദേശങ്ങളിൽനിന്ന് ലഭ്യമായ മഹാശിലായുഗ കാലഘട്ടത്തെ കല്ലറകൾക്കും 1000 ബി.സി. മുതൽ 300 എ.ഡി. വരെയുള്ള കാലഗണനയാണ് ചരിത്രകാരന്മാർ പൊതുവെ നൽകിയിട്ടുള്ളത്. അതുകൊണ്ടുതന്നെ പാലക്കാട് ജില്ലയിലും (പ്രത്യേകിച്ച് നെന്മല താഴ്വരയിൽ) മറ്റും കണ്ടെത്തിയിട്ടുള്ള മഹാശിലായുഗ സ്മാരകങ്ങൾക്കും ഇത്രത്തോളം കാലപ്പഴക്കമുണ്ടെന്നത് അവിതർക്കമാണ്. മധ്യശിലായുഗത്തിലെയും നവീന ശിലായുഗത്തിലെയും മഹാശിലായുഗത്തിലെയും പ്രധാനപ്പെട്ട ഒരു അധിവാസകേന്ദ്രമാണ് പാലക്കാട് ജില്ല എന്നാണ് പുരാവസ്തു പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ഇവിടെനിന്ന് കണ്ടെത്തിയ പല മഹാശിലായുഗ സ്മാരകങ്ങളും വേണ്ട രീതിയിൽ സംരക്ഷിച്ചില്ലെങ്കിൽ പ്രാചീന സംസ്കാരത്തിന്റെ അപൂർവ്വ തിരുശേഷിപ്പുകൾ നമ്മുടെ കൺമുമ്പിൽ നിന്ന് അപ്രത്യക്ഷമാകുന്നകാലം അതിവിദൂരമല്ലെന്ന് പറയേണ്ടിവരും ●

(തുടരും)

# പാലക്കാടൻ സംസ്കൃതി

ഡോ.വി.സനൽകുമാർ

## ശിലാചിത്രങ്ങൾ

അതിപ്രാചീന കാലഘട്ടത്തിലും ആദിമചരിത്രകാലഘട്ടത്തിലും അധിവസിച്ചിരുന്ന ഗുഹാനിവാസികൾ പൊതുവെ വേട്ടയാടിയും ഭക്ഷണം തേടിയലഞ്ഞും പ്രകൃതിയുമായി താദാത്മ്യം പ്രാപിച്ചുമാണ് ജീവിതം നയിച്ചിരുന്നത്. പാറപ്പരപ്പുകൾ, ഗുഹകളുടെയും പ്രകൃതിദത്ത അഭയകേന്ദ്രങ്ങളുടെയും ചുമരുകൾ എന്നിവിടങ്ങളിൽ കൂർത്തുമൂർത്ത കല്ലുകൾ കൊണ്ടോ എല്ലിൻകഷണങ്ങൾകൊണ്ടോ മരക്കൊമ്പുകൾകൊണ്ടോ ഇരുമ്പായുധങ്ങൾ കൊണ്ടോ ശിലാചിത്രങ്ങൾ ആലേഖനം ചെയ്യുന്ന സംസ്കാരം ആദിമസംസ്കാരകേന്ദ്രങ്ങളിൽ നിലനിന്നിരുന്നു. കരിമ്പാറകളിൽ ശിലാരേഖാചിത്രങ്ങൾ വരച്ചും ശിൽപമാതൃകയിൽ ബിംബങ്ങൾ കൊത്തിയും പച്ചിലച്ചാറ് കൂട്ടുകളുണ്ടാക്കി പ്രാചീനജീവിതരീതി പ്രതിഫലിപ്പിക്കുന്ന ഛായാചിത്രങ്ങൾ വരച്ചും മറ്റുമാണ് ആദിമ മനുഷ്യന്റെപ്രകൃതിസംസ്കാരത്തിന്റെ സർഗ്ഗാത്മക കഴിവുകൾ, വിശ്വാസങ്ങൾ, ചിന്താശേഷി എന്നിവ പ്രതിഫലിപ്പിച്ചിരുന്നത്.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാചീന ചിത്രകലാരൂപങ്ങൾ വിന്യസിച്ചു കിടക്കുന്നുണ്ട്. ഇന്ത്യയിൽ കേരളമുൾപ്പെടെ ദക്ഷിണ-മധ്യ-ഉത്തരഭാഗത്തിന്റെ ചില ഭാഗങ്ങളിൽ നിന്ന് ഇത്തരം പ്രാചീന ശിലാചിത്രങ്ങളുടെ സാന്നിധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ആദിമജനതയുടെ സർഗ്ഗാത്മക സൃഷ്ടികളെക്കുറിച്ച് അടുത്ത കാലംവരെയും ചരിത്രകുതുകികളുടെ ശ്രദ്ധ ഒട്ടും പതിഞ്ഞിട്ടില്ലെന്നു പറയാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പകുതിയോടുകൂടി മാത്രമാണ് ശിലാശിൽപകലയെക്കുറിച്ചുള്ള കാര്യമായ പഠനത്തിനു തുടക്കം കുറിച്ചത്.

1879-ൽ സ്പെയിനിലെ അൾട്ടിമീറയിലെ ചരിത്രാതീത കാലത്തെ ശിൽപശാസ്ത്രത്തെക്കുറിച്ച് മാസിലിനൊഡി സൗത്തോല നടത്തിയ പഠനങ്ങളാണ് ശിലാരേഖയെക്കുറിച്ചുള്ള പഠനത്തിന് മാർഗ്ഗദർശകമായത്. 1883-ൽ ജോൺ ആർച്ചി ബാൾഡ് കാർലില്ലിയും കോക്ക് ബേണും ഉത്തര-മധ്യഭാരതത്തിൽനിന്ന് കണ്ടെത്തിയ ശിലാചിത്രങ്ങൾ 'റോക്ക് ആർട് മാപ്പ് ഓഫ് വേൾഡി'ൽ പ്രസിദ്ധീകരിച്ചത് ഈ രംഗത്തെക്കുറിച്ചുള്ള പഠനത്തിന്റെ പ്രധാന ചുവടുവെപ്പായിരുന്നു. 1894-ൽ ബ്രിട്ടീഷ് പൊലീസ് സൂപ്രണ്ടായിരുന്ന ഫോസെറ്റ് മലബാറിൽ വയനാടൻ മേഖലയിൽ നടത്തിയ നായാട്ടിനിടയിലാണ് ചരിത്രാതീതകാലത്തെ നവീന ശിലായുഗത്തിലെ അധിവാസകേന്ദ്രങ്ങൾ എടക്കലിൽനിന്ന് കണ്ടെത്തിയത്. 1973-ൽ പത്മനാഭൻ തമ്പി ഇടുക്കിയിലെ മറയൂർഗുഹകളിൽനിന്ന് മധ്യശിലായുഗ കാലഘട്ടത്തെ ശിലാചിത്രങ്ങൾ പുറംലോകത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. മധ്യശിലായുഗകാലത്തെ ജനത അവരുടെ അധിവാസകേന്ദ്രങ്ങൾക്കു സമീപം ഗുഹകളിലോ റോക്ക് ഷെൽട്ടറുകളിലും ചെറുദ്വാരങ്ങളിലും സ്വതന്ത്രമായ അപക്ഷയശിലകളിലും ചിത്രങ്ങളും കൊത്തുപണികളും ചെയ്തിട്ടുണ്ട്. മറയൂർ റോക്ക് ഷെൽട്ടറിന്റെ പെയിന്റിംഗ് അഞ്ചുനാട്ടിലെ കുടക്കാ



പാത്തിയോട്ടുപാറ

ട്, പല്ലനാട്, ചമ്പക്കാട് എന്നിവിടങ്ങളിലാണ് ഉള്ളത്. കുതിരകൾ, കാള, ആനകൾ, ആട്, പാപ്പാൻമാർ, ആട്ടിടയൻമാർ, ആട്ടിടയൻ, കൈ ഉയർത്തി നിൽക്കുന്ന മനുഷ്യൻ, ആചാരാനുഷ്ഠാനങ്ങൾ എന്നിവയുടെ സിംബലുകൾ ഇവിടെ കാണാം.

തിരുവനന്തപുരത്തെ ആങ്കോട്ടിലുള്ള പാണ്ടവൻ പാറയിൽ അലങ്കാരപ്പൂവ്, മനുഷ്യരൂപങ്ങൾ, സൂര്യന്റെ ബിംബം, ജ്യാമിതീയ മാതൃകകൾ എന്നിവയുടെ ശിലാരേഖാചിത്രങ്ങളാണ് ഉള്ളത്. കൊല്ലം ജില്ലയിലെ റോക്ക് ഷെൽട്ടറിൽ ത്രികോണം, വൃത്തം, ചതുരം എന്നീ ആകൃതിയിലുള്ള ശിലാരേഖകൾ കണ്ടെത്തിയിരുന്നു. മെസോലിത്തിക് കാലത്തെ പുരാവസ്തു ഉപകരണങ്ങളും ഇവിടെനിന്ന് കണ്ടെത്തിയിട്ടുണ്ട്.

പാലക്കാടുജില്ലയിലെ മെൻമല താഴ്‌വരയിൽ പ്രാചീന ശിലായുഗത്തിനും മഹാശിലായുഗത്തിനും മധ്യേയുള്ള പുരാവസ്തുസാന്നിധ്യമുള്ള പ്രദേശങ്ങളിൽത്തന്നെയാണ് ഈ ലേഖകൻ ശിലാരേഖാചിത്രങ്ങളുടെ നിരവധി സാന്നിധ്യങ്ങൾ കണ്ടെത്തിയിട്ടുള്ളത്.

പാലക്കാടുനഗരത്തിൽ നിന്ന് ഇരുപത്തിയഞ്ച് കി.മീ. തെക്കുമാറി കൊല്ലങ്കോട് പഞ്ചായത്തിലെ പാത്തിയോട്ടു പാറയിൽ കാഞ്ഞിരമരത്തിനു ചുവട്ടിൽ തുറസ്സായ കരിങ്കൽ നിർമ്മിത മഹാകാളിപ്രതിഷ്ഠക്ക് വടക്കുകിഴക്കുഭാഗത്താണ് ശിലാരേഖാചിത്രത്തിന്റെ സാന്നിധ്യമുള്ളത്. പരന്ന പാറപ്പുറത്ത് എഴുപത്തിയഞ്ച് സെ. മീ. നീളത്തിലും അമ്പത് സെ. മീ. വീതിയിലും അടയാളമേന്നോണമുള്ള ഒപ്പുകളോടെയാണ് കാളയുടെ ശിലാരേഖ ആലേഖനം ചെയ്തിട്ടുള്ളത്.

മധ്യകാല ശിലായുഗത്തിലും നവീനശിലായുഗത്തിലും മഹാശിലായുഗത്തിലും ആദിചരിത്രകാലഘട്ടത്തെസംബന്ധിച്ച് ഇവിടെനിന്ന് കണ്ടെത്തിയിട്ടുള്ള ശിലാരേഖകളിൽ സാക്ഷ്യമുണ്ട്. അയകുളം, സീതാറുകുണ്ട്, തേവർമണിപൊറൈ, വാമല എന്നിവിടങ്ങളിൽ ചതുരാകൃതിയിൽ മരച്ചില്ലകളുടെയോ നക്ഷത്രങ്ങളുടെയോ രൂപത്തിൽ ശിലാരേഖകളുണ്ട്. സൂര്യൻ, നക്ഷത്രം, മരം എന്നിവയുടെ സിംബലുകളോടെ സ്വസ്തിക സിംബലിൽ, ജ്യോമെട്രിക്കൽ സ്ക്വയറിലും ത്രികോണാകൃതിയിലുമായാണ് ഇവയുടെ ഘടന. പ്രാചീന ആദിവാസ കേന്ദ്രത്തിന്റെ സൂചനയെന്നോണം പ്രകൃതിദത്ത അഭയകേന്ദ്രങ്ങൾ (natural rock shelters) ഗുഹകൾ, പ്രാചീന ആരാധനാകേന്ദ്രം എന്നിവ അയകുളം, സീതാറുകുണ്ട്, തേവർമണിപുറൈ എന്നിവിടങ്ങളിലുണ്ട്.

ഇരുപത്തിയഞ്ച് സെ.മീ. നീളവും വീതിയുമുള്ള ഓരോ കാൽപാദം തേവർമണിപുറൈയിലും മാട്ടാമടിപ്പുറൈയിലുമായി കാണപ്പെടുന്നുണ്ട്. എന്നാൽ ഗോവിന്ദമല, താമല, കോട്ടമല, വിരുത്തി, കാളപ്പെട്ടി എന്നിവിടങ്ങളിൽ രണ്ടുവീതം കാൽപാദങ്ങൾ ആദിമചരിത്രകാലഘട്ടത്തെ പാദപൂജയുമായി ബന്ധപ്പെട്ട് കാണുന്നുണ്ട്. പ്രാചീന വേങ്കടത്തിന്റെ ഭാഗമായ കൽപാത്തി, തിരുവില്വാമല, എറണാകുളം ജില്ലയിലെ മലയാറ്റൂർ എന്നിവിടങ്ങളിൽ പാദപീഠങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

കരിങ്കല്ലിൽ കൊത്തിയ ശംഖുചക്രരൂപം കോട്ടമലയിൽ മറ്റു ചരിത്രാവശിഷ്ടങ്ങളോടൊപ്പം ആലേഖനം ചെയ്തിട്ടുണ്ട്. അതുപോലുള്ള കരിങ്കല്ലിൽ കൊത്തിയ ഒരു ശംഖിന്റെ ചിത്രം എറണാകുളം ജില്ലയിലെ പ്രാചീനക്ഷേത്രമായ കല്ലിൽ ഗുഹാക്ഷേത്രത്തിന്റെ പിൻഭാഗത്തെ പാറപ്പുറ



കപ്സ്യൂളുകൾ

ത്തുനിന്ന് ഈ ലേഖകൻ കണ്ടെത്തിയിട്ടുണ്ട്. ഒരു ആനയുടെ മുദ്രണവും കല്ലിൽക്ഷേത്രത്തിൽ പാറപ്പുറത്തുണ്ട്. എലപ്പുള്ളി പഞ്ചായത്തിലെ ശംഖുചക്രപാറയിൽ പൂർണ്ണകുംഭത്തിന്റെ രൂപമാണ് മുദ്രണം ചെയ്യപ്പെട്ടിരിക്കുന്നത്. അവിടെ ഉണ്ടെന്നു പറയപ്പെടുന്ന ശംഖുചക്രത്തിന്റെ ആലേഖനം ഇപ്പോൾ ദൃശ്യമല്ല. ചതുരംഗം കളിക്കുന്നതിലുള്ള ശിലാരേഖകളിൽ മുന്നൊണ്ണത്തിലും അമ്പിന്റെയും വില്ലിന്റെയും രൂപം നമുക്ക് ദൃശ്യമാണ്.

കേരളത്തിൽ ആദ്യമായാണ് ആദിമനിവാസികളുടെ കലാരൂപങ്ങളായ ശിലാരേഖാചിത്രങ്ങൾ പാലക്കാടുജില്ലയിൽനിന്നും എറണാകുളം ജില്ലയിൽനിന്നും കണ്ടെത്തിയിട്ടുള്ളത്. കേരളത്തിൽ ഇതിനുമുമ്പ് വയനാട് ജില്ലയിലെ എടക്കൽ ഗുഹ, തൊവരി, ഇടുക്കിയിലെ മറയൂർ, കൊല്ലംജില്ലയിലെ എഴുത്തുപാറ, തിരുവനന്തപുരത്തെ ആങ്കോട എന്നിവിടങ്ങളിൽനിന്നാണ് ശിലാചിത്രങ്ങൾ കണ്ടെത്തിയിട്ടുള്ളത്. കൂർത്തുമൂർത്ത കരിങ്കല്ലുകളോ ഇരുമ്പായുധങ്ങളോ കൊണ്ടാവും ഇത്തരം ചിത്രങ്ങൾ കൊത്തിവച്ചതെന്നു കരുതപ്പെടുന്നു. മധ്യശിലാ യുഗത്തിലും നവീനശിലായുഗത്തിലും മഹാശിലായുഗത്തിലും ആദിമ ചരിത്രകാലഘട്ടങ്ങളിലും ആഭരണ-വസ്ത്രങ്ങളോടും മണിയോടുംകൂടിയ ശിലാരേഖകളും, പുൽമേടുകൾ തേടിയുള്ള ജീവിതരീതി നിലനിന്നിരുന്ന ഘട്ടങ്ങളും ഉണ്ടായിരുന്നു. ജ്യാമെട്രിക്കൽ സ്ക്വയറിലും ത്രികോണാകൃതിയിലുമുള്ള ഘടനയും സ്വസ്തിക, സൂര്യൻ, നക്ഷത്രങ്ങൾ, മരച്ചില്ലകൾ എന്നിവ പ്രകൃതിയാരാധനയെയും മതപരമായ ബിംബങ്ങളെയും സൂചിപ്പിക്കുന്നു. ശംഖുചക്രസാംസ്കാരത്തിന് വൈഷ്ണവ ഭക്തിയി ബന്ധമുണ്ട്. പാദപീഠാരാധന ഹിന്ദുമതത്തിലും ജൈനമതത്തിലും ബുദ്ധമതത്തിലും ഒരു കാലത്ത് ശക്തമായി നിലനിന്നിരുന്നു. പാലക്കാടുജില്ലയിലെ മുതലമടയിൽ നാച്ച്യുറൽ റോക്ക് ഷെൽട്ടറിൽ കുത്തിവച്ചിട്ടുള്ള നൂറ്റമ്പതോളം കപ്സ്യൂളുകൾ മധ്യകാല ശിലായുഗത്തിലെ അപൂർവ്വമായ ശിൽപകലാവൈഭവമാണെന്നു പറയാം.

പാലക്കാടുജില്ലയിലും എറണാകുളം ജില്ലയിലും അടുത്ത കാലത്തായി കണ്ടെത്തിയ ശിലാരേഖാചിത്രങ്ങളുടെ കൃത്യമായ കാലനിർണ്ണയം നടത്തുക ദുഷ്കരമാണ്. എന്നിരുന്നാലും ശിലാരേഖാചിത്രങ്ങൾ കാണപ്പെടുന്ന ഭാഗങ്ങളിൽനിന്നും മൈക്രോലിത്തിക് ഉപകരണങ്ങൾ, മെസോലിത്തിക് കാലത്തെ കൽസ്തൂപപാളികൾ മഹാശിലായുഗസ്മാരകങ്ങൾ, ആദിമചരിത്രകാലഘട്ടത്തിലെ തെളിവുകളുടെ കേന്ദ്രീകരണം എന്നിവ ഇവിടെ ശിലാചിത്രങ്ങൾക്കു സമീപം കാണപ്പെടുന്നത് വിവിധ സാംസ്കാരിക പരിണാമകാലഘട്ടങ്ങളിലൂടെ കടന്ന് പോയിട്ടുള്ളതിന് പ്രത്യക്ഷ ഉദാഹരണമാണ്.

ഇൻഫ്രാറെഡ് ഫോട്ടോഗ്രഫി, സ്പെക്ട്രോഗ്രഫി തുടങ്ങിയ പരിശോധനയിലൂടെ ശിലാരേഖാചിത്രങ്ങളുടെ കാലഘടന കണ്ടെത്താവുന്നതാണെങ്കിലും അവ പല കേന്ദ്രങ്ങളിലും അനുയോജ്യമാവണമെന്നില്ല. അതുകൊണ്ടു തന്നെ, ശിലാരേഖാചിത്രങ്ങൾക്കു സമീപത്തുനിന്ന് കണ്ടെത്തിയ പുരാവസ്തു തെളിവുകളും അവയുടെ കാലഗണനയുമൊക്കെ താരതമ്യം ചെയ്യുമ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നു കണ്ടെത്തിയ പാലിയോലിത്തിക്-മെസോലിത്തിക് കാലഘട്ടങ്ങളിലെ ശിലാചിത്രങ്ങളുടെ സാദൃശ്യവും ഉള്ളടക്കവും ആശയവും രൂപഭംഗിയും ഏകദേശം ഒരേ കാലനിർണ്ണയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ആഫ്രിക്കയിലെ ശിലാരേഖാചിത്രത്തിന്റെ കാലനിർണ്ണയത്തിൽ മനുഷ്യരുടെ കൂട്ടായ പ്രവർത്തനങ്ങൾ, കാലികളെ മെരുക്കിയെടുക്കൽ, പിൽക്കാലത്തിനു മുമ്പുള്ള യൂറോപ്പിലെ ദക്ഷിണ മധ്യഭാഗത്തെയും ഫ്രഞ്ച് വെനീസ് ഭാഗത്തെയും കാൻഡേബ്രിയൻ പർവ്വതം, ചിത്രങ്ങൾ, അപ്പർ പാലിയോലിത്തിക്കിലെയും





*ശിലാചിത്രങ്ങൾ- വാളല കൊല്ലങ്കോട്*

മെസോലിത്തിക് കാലഘട്ടത്തിലെയും വേട്ടയാടൽരംഗങ്ങൾ എന്നിവയുടെ പ്രത്യേകതകൾ വിലയിരുത്തി കാലനിർണ്ണയം നടത്താവുന്നതാണ്. ഈ ഭൂമുഖത്ത് കണ്ടെത്തിയ ഏററവും പഴക്കം ചെന്ന ശിലാചിത്രങ്ങളുടെ കാലപ്പഴക്കം 18000 ബി.സി.യിലാണ്. ഫ്രാങ്കോ, ക്യാൻബ്രിയൻ 1200 ബി.സി. സ്പാനിഷ് ലെവന്റ് (6000 ബി.സി, 2000 ബി സി.) ഏഷ്യൻ ശിലാചിത്രങ്ങൾ (1200 ബി.സി.) എന്നിങ്ങനെയാണ് പൊതുവെയുള്ള കാലഗണന.

മെസോലിത്തിക് കാലഘട്ടവുമായി ബന്ധപ്പെട്ടുകിടക്കുന്ന ശിലാരേഖാചിത്രസംസ്കാരമാണ് കേരളത്തിലുള്ളതെങ്കിലും കൃത്യമായ കാലനിർണ്ണയം സാധ്യമല്ല. മെസോലിത്തിക് കാലഘട്ടത്തെയും നവീന ശിലായുഗ കാലഘട്ടവുമായും മഹാശിലായുഗ കാലഘട്ടവുമായാണ് ഇവിടത്തെ ശിലാരേഖാചിത്രങ്ങൾക്കു ബന്ധമുള്ളത്. 4000 ബി.സി.ആണ് കേരളത്തിലെ ശിലാരേഖാചിത്രങ്ങളുടെ കാലനിർണ്ണയം നടത്തിയിട്ടുള്ളത്. മറയൂർ ഗുഹയിലെ രേഖാചിത്രങ്ങൾക്ക് മധ്യശിലായുഗ കാലഘട്ടം മുതൽ ആദിചരിത്രകാലഘട്ടംവരെയാണ് കാലനിർണ്ണയം നടത്തിയിരിക്കുന്നത്. എടക്കൽ, തൊവരി, ആങ്കോട് എന്നിവിടങ്ങളിലെ ശിലാരേഖാചിത്രങ്ങൾ നവീനശിലായുഗത്തിനും മഹാശിലായുഗത്തിനും മധ്യേയുള്ളതാണെന്നു കരുതപ്പെടുന്നു.

പാലക്കാടുജില്ലയിൽനിന്ന് കണ്ടെത്തിയ ശിലാരേഖാചിത്രങ്ങൾക്ക് മെസോലിത്തിക് കാലഘട്ടത്തിലും നവീനശിലായുഗത്തിലും മഹാശിലായുഗത്തിലും ആദിചരിത്ര കാലഘട്ടത്തിലും വെളിച്ചം വീശുന്ന കാലയളവാണ് ഉള്ളത്. ഇവിടെ കണ്ടെത്തിയ ശിലാചിത്രങ്ങൾ പലതും പാറമട ലോബികളുടെ പരാക്രമങ്ങളുടെ സാക്ഷ്യം വഹിച്ച് നാശത്തിന്റെ വക്കിലാണെന്നു വേദനയോടെ പറയാം.

പുൽപ്പച്ചകൾ തേടി ഇടയജീവിതം നയിക്കുന്ന ജീവിതശൈലി മധ്യശിലായുഗത്തിലും നവീനശിലായുഗത്തിലും ആദിമചരിത്രകാലഘട്ടത്തിലും നിലനിന്നിരുന്നതിനു തെളിവുകളുണ്ട്. ഈ കാലഘട്ടത്തിൽ മറ്റ് സ്ഥലങ്ങളിൽ കണ്ടെത്തിയ അലങ്കാരശൈലിയോടെയുള്ള ശിലാചിത്രമാണ് ചാത്തിയോട്ടുപാറയിൽ കണ്ടെത്തിയിട്ടുള്ളത്. മൃഗാരാധനയുമായി ബന്ധപ്പെട്ട് പ്രാചീന തനിമയുള്ള പ്രതിഷ്ഠകളോടുകൂടിയ തെന്മേനിയിലെ മുണ്ടിയൻകാവിന് മൃഗപരിപാലനവുമായി ബന്ധപ്പെട്ട ചരിത്രമാണ് പറയാനുള്ളത്. മാത്രമല്ല, അലഞ്ഞുതിരിഞ്ഞുനടക്കുന്ന ആട്ടിടയ ജീവിതത്തിന്റെ പ്രാചീനകാല പകർപ്പുകൾ തമിഴ്നാട്ടിൽ നിന്ന് ഏപ്രിൽ-മെയ് മാസങ്ങളിൽ ചെമ്മരിയാടുകളെയുംകോലാടുകളെയുംകൊണ്ട് പാലക്കാടൻ പാടങ്ങളിലും പറമ്പുകളിലും എത്തി വേനൽകഴിയുമ്പോൾ തിരിച്ചു പോകുന്ന ആട്ടിടയപാരമ്പര്യം ഇപ്പോഴും തുടരുന്നുണ്ട്.

പത്മാകൃതിയിലും ത്രികോണാകൃതിയിലും സ്വസ്തികരൂപത്തിലും മറ്റും കാണപ്പെടുന്ന ശിലാചിത്രങ്ങൾ പ്രകൃത്യാരാധനയുമായി ബന്ധപ്പെട്ടതായതിനാൽ ചാത്തിയോട്ടുപാറയിലെ കാളിയുടെ ശിലാചിത്രത്തിലുള്ളതിലും പിറകിലേക്ക് കാലപ്പഴക്കം പോകുന്നുണ്ട്. മെസോലിത്തിക് കാലഘട്ടത്തിലേക്ക് പോകാനുള്ള സാധ്യതയാണ് ഇതിനുള്ളത്. അതേ സമയം, ശംഖുചക്രവും പാദപീഠാരാധനയും ആനയും മററും മഹാശിലാ യുഗത്തിലെ ആദിചരിത്രകാലഘട്ടത്തെ സൂചിപ്പിക്കുന്നു.

മുതലമടയിലെ റോക്ക്ഷെൽട്ടറിൽ കാണപ്പെടുന്ന പോസ്റ്റ്ഹോൾസിനെ മറ്റ് സ്ഥലങ്ങളിൽ കാണപ്പെടുന്ന ഇത്തരം കലാരൂപങ്ങൾക്ക് 6000 ബി.സി.വരെയാണ് ചരിത്രകാരന്മാർ കാലനിർണ്ണയം നടത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ, പാലക്കാടുജില്ലയിൽ കണ്ടെത്തിയ ശിലാചിത്രങ്ങൾ 6000 ബി.സി.ക്കും 300 എ.ഡി.ക്കും മദ്ധ്യേയുള്ളവയാണെന്നു പറയാം. പാദപീഠാരാധനയും മററും 800 എ.ഡി. വരെയും തുടർന്നിരുന്നുവെന്ന് കരുതപ്പെടുന്നു.

# പാലക്കാടൻ സംസ്കൃതി

ഡോ.വി.സനൽകുമാർ

## വൃക്ഷച്ചുവടുകളിലെ
## പ്രാചീന ദ്രാവിഡ ആരാധനാലയങ്ങൾ

പ്രാചീന തമിഴകത്തിന്റെ ഭാഗമായ ദക്ഷിണേന്ത്യയിൽ സഹസ്രാബ്ദങ്ങളോളം നിലനിന്നിരുന്ന ദ്രാവിഡ ആരാധനാസമ്പ്രദായത്തിന്റെ ജീവൽസ്മാരകങ്ങളായ വൃക്ഷച്ചുവടുകളിലെ തുറസ്സായ പ്രദേശത്തെ ആരാധനാലയങ്ങളുടെ സാന്നിധ്യം കേരളത്തിൽ ഒരുപക്ഷേ പാലക്കാടു ജില്ലയിൽ മാത്രമായിരിക്കും ഇന്നും കണ്ടുവരുന്നത്. മലനിരകൾ, കുന്നിൻപ്രദേശങ്ങൾ, പാറപ്പരപ്പുകൾ എന്നിവിടങ്ങളിലെ മുകൾഭാഗത്തോ മലഞ്ചെരിവുകളിലോ വിശാലമായ കാർഷിക നിലങ്ങളുടെ മധ്യഭാഗത്തോ പുഴകളുടെയും കുളങ്ങളുടെയും സമീപത്തോ ആണ് പ്രകൃതിയാരാധനയുമായി ബന്ധപ്പെട്ട ഇത്തരം ആരാധനാ സമ്പ്രദായങ്ങൾ വികസിച്ചുവന്നിട്ടുള്ളത്. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളിലും ഈശ്വരാംശം ദർശിച്ചുകൊണ്ട് ആൽ, കാഞ്ഞിരം ഇരിപ്പ, വേപ്പ് തുടങ്ങിയ വൃക്ഷങ്ങൾക്കു ചുവട്ടിലാണ് പ്രാചീന കാലത്ത് കരിങ്കൽ പ്രതിഷ്ഠകൾ നടത്തിയിരുന്നത്. ആ പ്രദേശങ്ങളിലെ ദേവന്മാരും ദേവതകളുമായിരുന്നു ഇത്തരം പ്രതിഷ്ഠകൾ. കൊറ്റവൈ (കാളി/ദുർഗ്ഗ), കറുപ്പസ്വാമി, മുണ്ടിയൻ, കണ്ടാകർണ്ണൻ, ജ്യേഷ്ഠ (കാള), മാരിയമ്മ, അയ്യപ്പൻ തുടങ്ങിയ ആരാധനാമൂർത്തികളെയാണ് സാധാരണ ദ്രാവിഡ ഹൈന്ദവാചാരപ്രകാരം പ്രതിഷ്ഠിക്കാറുള്ളത്. ബുദ്ധ-ജൈനമതവിശ്വാസികൾ അവരുടെ തീർത്ഥങ്കരന്മാരുടെ ശിൽപങ്ങളാണ് തുറസ്സായ ആരാധനാലയത്തിൽ പ്രതിഷ്ഠിക്കുക.

ഏകദേശം 4000 ബി.സി.ക്കപ്പുറം നവീന ശിലായുഗത്തിലും മഹാശിലായുഗത്തിലും ആദിചരകാലഘട്ടത്തിലും പ്രാചീന ദ്രാവിഡ ജനതയിൽ നിലനിന്നിരുന്ന പ്രകൃതിയാരാധനയുമായി ബന്ധപ്പെട്ടതാണ് ഇത്തരം തുറസ്സായ ആരാധാനാലയങ്ങൾ. ഇവയുടെ പ്രസക്തി എട്ടാം നൂറ്റാണ്ടിൽ ബ്രാഹ്മണ നിയന്ത്രണത്തിലുള്ള ക്ഷേത്രാധിഷ്ഠാന ശ്രീകോവിലുകൾ പണിയുന്നതുവരെ സജീവമായി നിലനിന്നിരുന്നു. ബി.സി. 300-നും എ.ഡി. 300-നും മദ്ധ്യേ രചിക്കപ്പെട്ടു എന്നു കരുതപ്പെടുന്ന തമിഴ് സംഘകാല കൃതികളിൽ ചേരരാജാക്കന്മാരുടെ യുദ്ധദേവതയായ കൊറ്റവൈയെക്കുറിച്ച് ധാരാളം പരാമർശങ്ങളുണ്ട്. എന്തിരുന്നാലും, രാജാക്കന്മാരും പടയാളികളും യുദ്ധത്തിനു പോകുമ്പോൾ ചേരനാട്ടിലെ സ്ത്രീജനങ്ങൾ തലയിൽ പനമ്പൂവ് ധരിച്ച് കൊററവൈയെ പ്രാർത്ഥിച്ച് യുദ്ധക്കളത്തിലേക്കിറങ്ങുന്ന സമ്പ്രദായത്തെക്കുറിച്ച് 'അകനാനൂ'റിലും 'പുറനാനൂ'റിലും മററു സംഘം കൃതികളിലും പരാമർശങ്ങളുണ്ട്. തുറസ്സായ പ്രദേശത്ത് നിലനിന്നിരുന്ന പ്രാചീന ദ്രാവിഡ ആരാധനാരീതികളെക്കുറിച്ച് കൃത്യമായ പഠനങ്ങൾ ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. അതേസമയം, കേരളത്തിൽ എ.ഡി. എട്ടാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടത്തിൽ വികാസം പ്രാപിച്ച മധ്യകാല ക്ഷേത്രസംസ്കാരത്തെക്കുറിച്ച് ചില ഗവേഷണപഠനങ്ങൾ ഉണ്ടായിട്ടുണ്ട്. മധ്യകാലഘട്ടത്തിൽ ദക്ഷിണേന്ത്യയിൽ പടർന്നുപന്തലിച്ചിരുന്ന ശൈവ-വൈഷ്ണവ പ്രസ്ഥാനങ്ങളും ക്ഷേത്ര തന്ത്രസമുച്ചയത്തിനനുസരിച്ചുള്ള ആരാധനാരീതികൾ കേരളക്കരയിൽ വികസിക്കാൻ നിമിത്തമാവുകയായിരുന്നു. ഗോപിനാഥറാവു, സർക്കാർ, രാജൻ ഗുരുക്കൾ, ചെമ്പകലക്ഷ്മി, വേലുഹാത്ത്, നാരായണൻ, കെ.വി.ഗണേഷ് തുടങ്ങിയ ചരിത്രകാരന്മാർ കേരളത്തിലെ മധ്യ



*ചിങ്ങംചിറ കറുപ്പസ്വാമിക്ഷേത്രം*

കാലക്ഷേത്ര സംസ്കാരം, ശില്പകല, ഭൂവുടമ വ്യവസ്ഥ, തൊഴിൽ വ്യത്യാസങ്ങൾ, ശൈവ-വൈഷ്ണവ പ്രസ്ഥാനങ്ങൾ, ജന്മിത്ത-കാർഷിക വ്യവസ്ഥ, ബ്രാഹ്മണ ഊരാളന്മാരിലൂടെ കാർഷികമേഖലയിൽ വികാസം പ്രാപിച്ച മധ്യകാലഘട്ടങ്ങളിലെ ക്ഷേത്രങ്ങളുടെ പുരാഗതി എന്നി വിഷയങ്ങളെ അധികരിച്ച് വിവിധ വീക്ഷണ കോണുകളിൽനിന്ന് പഠനങ്ങൾ നടത്തിയിട്ടുണ്ട്. പക്ഷെ, എട്ടാം നൂറ്റാണ്ടിനു മുമ്പ് നവീന ശിലായുഗത്തിലും മഹാശിലായുഗത്തിലും ആദിചരിത്രകാലഘട്ടത്തിലും (4000 ബി.സി -800 എ.ഡി) പ്രാചീന ചേരനാട്ടിൽ ശക്തമായി നിലകൊണ്ടിരുന്ന ദ്രവീഡിയൻ സംസ്കാരത്തെക്കുറിച്ച് (പ്രാദേശിക തെളിവുകൾ അടിസ്ഥാനമാക്കി) കാര്യമായ പഠനങ്ങൾ കേരളത്തിൽ നടന്നിട്ടില്ല.

ഈ ലേഖകൻ തെന്മല താഴ്വരയിൽ നിന്നു കണ്ടെത്തിയ പ്രാചീനകാല തെളിവുകളുടെ ചുവടുപിടിച്ച് തെന്മല/വേങ്കടമലയുടെ താഴ്വരയിൽ നടത്തിയ പര്യവേഷണത്തിൽ തുറസ്സായ പ്രദേശങ്ങളിലെ ആരാധനാസമുച്ചയത്തിന്റെ പതിനാറോളം കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ദ്രാവിഡ ആരാധനാമൂർത്തികൾ, കൊറ്റവൈ, വീരക്കല്ലുകൾ, കളിമൺ ശിൽപങ്ങൾ, ത്രിശൂലങ്ങൾ, കുന്തങ്ങൾ, കാളയുടെയും പശുവിന്റെയും പ്രതിഷ്ഠകൾ, അനന്തനാഗം എന്നിവയുടെ സാന്നിദ്ധ്യമാണ് ഇവിടെയുള്ളത്. ചിങ്ങംചിറ, ചാത്തിയോട് പാറ, ഗോവിന്ദമല, കാളവെട്ടി, മുണ്ടിയൻകാവ്, ചാത്തൻപാറ, പനങ്കാവ്, വീഴുമല, തിരുനൂർപാറ, പഴയകാവ്, പനയൂർ, ഇലപ്പുള്ളി, പറയൻപള്ളം, പുളിമനം, നടക്കാവ്, ആനനാടുകുന്ന് തുടങ്ങിയ വിവിധ പ്രദേശങ്ങളിലാണ് തുറസ്സായ ആരാധനാലയങ്ങളുടെ വിപുലമായ കേന്ദ്രീകരണം പുരാവസ്തു പ്രാധാന്യത്തോടെ ഇപ്പോഴും ജീർണ്ണാവസ്ഥയിൽ കണ്ടുവരുന്നത്.

## ചിങ്ങംചിറ കോവിൽ

പ്രാചീന തമിഴകത്തിന്റെ ഭാഗമായ ചേരനാട്ടിൽ മറ്റൊരിടത്തും കാണാൻ കഴിയാത്ത തുറസ്സായ പ്രദേശത്തെ ആരാധനാലയമാണ് (Open aired shrines) ചിങ്ങംചിറ (ചിങ്ങൻചിറ) കോവിൽ. ഇവിടെ സമന്വയിച്ചിട്ടുള്ള പുരാവസ്തു തെളിവുകളും ആരാധനാക്രമങ്ങളും പ്രാചീന ചരിത്രകാലഘട്ടത്തെ ദ്രാവിഡ ജനതയുടെ പ്രകൃതിയാരാധനയുമായി ബന്ധപ്പെട്ടതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

തെന്മല താഴ്വരയിലെ ചിങ്ങംചിറയിൽ പടർന്നുപന്തലിച്ചുനിൽക്കുന്ന, നൂറ്റാണ്ടുകൾ പഴക്കമുള്ള മൂന്ന് കൂററൻ പേരാലുകൾക്കിടയിൽ പ്രധാന ആൽമരത്തിനു ചുവട്ടിലാണ് കറുപ്പസ്വാമിയുടേതെന്നു പറയപ്പെടുന്ന ഒരു പുരുഷന്റെയും സ്ത്രീയുടെയും രാജകീയ പ്രൗഢിയുള്ള പ്രധാന പ്രതിഷ്ഠകളുള്ളത്. ഇവയ്ക്കു പുറമെ വീരക്കല്ലുകൾ, അനന്തനാഗം, സപ്തമാതൃകകൾ, നൂറ്റാണ്ടുകളായി ഭക്തർ ദാനം നൽകിയ മൃഗങ്ങളുടെയും മനുഷ്യരുടെയും ടെറാകോട്ടാ ശിൽപങ്ങൾ, അഞ്ഞൂറോളം കളിത്തൊട്ടിലുകൾ എന്നിവ ചിങ്ങംചിറയിലുണ്ട്. സമീപത്തായി ഒരേക്കറിലധികം വിസ്തൃതിയുള്ള വലിയൊരു കുളവും

ചിങ്ങംചിറയുടെ ഭാഗമായി നിലകൊള്ളുന്നുണ്ട്. ഈ പ്രദേശത്തിന്റെ നിയന്ത്രണമുണ്ടായിരുന്ന പല്ലവരാജാവായ സിംഹവർമ്മന്റെ നാമത്തിൽ നിന്നോ മലയാളം കൊല്ലവർഷ ആരംഭമായ ചിങ്ങം ഒന്നിന്റെ സ്മരണാർത്ഥമോ ആവാം ചിങ്ങംചിറയിലെ പ്രതിഷ്ഠയും സ്ഥലനാമ ഉൽപത്തിയുമെന്നാണ് ഇതേക്കുറിച്ച് ഈ ലേഖകൻ നടത്തിയ ചരിത്രപഠനം



ചാത്തിയോട് മാകാളി ക്ഷേത്രം

വിരൽചൂണ്ടുന്നത്. ശാസ്ത്രീയമായി, ഇവിടെ പടർന്നുപന്തലിച്ചുനിൽക്കുന്ന കൂറ്റൻ പേരാലുകളുടെയും അവയുടെ ശാഖകളുടെയും വളർച്ചാകാലഘട്ടം പഠനവിധേയമാക്കിയാൽ ഈ വൃക്ഷങ്ങളുടെ കൃത്യമായ കാലനിർണ്ണയവും ചിങ്ങംചിറ കോവിൽ പ്രതിഷ്ഠയുടെ കാലഘട്ടവും നിർണ്ണയിക്കാവുന്നതാണ്.

ചിങ്ങംചിറയുടെ ഒരു കി.മി. വിസ്തൃതിയിൽ നിരവധി വലിയ പേരാൽമരങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നു. എങ്കിലും 1975-ൽ ചില സ്വകാര്യ വ്യക്തികൾ സ്ഥലം കൈയേറി ഇപ്പോഴുള്ള മൂന്ന് ആലുകളൊഴികെ മറ്റെല്ലാം വെട്ടിനശിപ്പിച്ചു. അതേ വർഷമുണ്ടായ അസാധാരണ പ്രകൃതിക്ഷോഭത്തിലും മലവെള്ളപ്പാച്ചിലിലും ഒരു കുടുംബത്തിലെ ഏഴുപേരുടെ ജീവൻ അപഹരിക്കപ്പെടുകയും, കൈയേറിയ കൃഷിയിടം കുത്തിയൊലിച്ച് പുതിയ തോട് രൂപപ്പെടുകയും ചെയ്തത് ഇന്നും ഭീതിയോടെ മാത്രമാണ് പഴയ തലമുറ ഓർക്കാറുള്ളത്.

പാലക്കാടുജില്ലയിൽ നിന്നും തമിഴ്നാട്ടിലെ ദിണ്ഡിക്കൽ, മധുര, പൊള്ളാച്ചി, കോയമ്പത്തൂർ തുടങ്ങിയ പ്രദേശങ്ങളിൽനിന്നും വർഷംതോറും ആയിരക്കണക്കിന് ഭക്തർ തങ്ങളുടെ കുലദൈവകേന്ദ്രമായ ചിങ്ങംചിറയിലെത്തി ആരാധന നടത്തി പോകാറുണ്ട്. കുടുംബാംഗങ്ങളായി എത്തുന്ന ഭക്തർതന്നെയാണ് പ്രധാന പ്രതിഷ്ഠയ്ക്കു മുന്നിൽ നിന്ന് പൂജാവിധികൾ നിർവ്വഹിക്കുന്നത്. അതിനു ശേഷം തൊട്ടടുത്ത മറ്റൊരു പേരാലിനു ചുവട്ടിൽ നേർച്ചക്കോഴിയെയോ ആടിനെയോ അറുത്ത് മരത്തിനു ചുവട്ടിൽവച്ചുതന്നെ ആഹാരം പാകംചെയ്ത് പ്രത്യേക പൂജ നടത്തി ഒന്നിച്ചിരുന്ന് പ്രസാദരൂപേണ ഭക്ഷണം ആസ്വദിച്ചു കഴിച്ചു പിരിയുന്നു. ഭക്ഷണം പാകം ചെയ്യാനുള്ള ആട്ടുകല്ലുകളും അമ്മിക്കല്ലുകളും മറ്റും അവിടെത്തന്നെയുണ്ട്. അശാസ്ത്രീയമായ തിരിയിടലും പൂജാവിധികളും മൂലം സഹസ്രാബ്ദങ്ങൾ പഴക്കമുള്ള പേരാലിന് ക്ഷതം സംഭവിക്കുന്നുണ്ട്. ഈ ലേഖകന്റെ ശ്രമഫലമായി സംസ്ഥാന പുരാവസ്തു വകുപ്പ് 1998-ലും 1990-ലും സ്ഥലം സന്ദർശിച്ച് പരിസരങ്ങളിൽ ഖനനം നടത്തി വിലപ്പെട്ട പുരാവസ്തു തെളിവുകൾ കണ്ടെടുത്ത് ചിങ്ങംചിറയടക്കമുള്ള പുരാവസ്തു സംരക്ഷിത ഭൂപ്രദേശമായി പ്രഖ്യാപിക്കാനുള്ള പ്രാഥമിക നടപടികൾ കൈക്കൊണ്ടിരുന്നുവെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അന്തിമ തീരുമാനം അനന്തമായി നീളുകയാണ്.

എന്നാൽ, സഹസ്രാബ്ദങ്ങളായി പൊതുജനങ്ങൾ തലമുറകളായി ആരാധിച്ചുവരുന്ന ചിങ്ങംചിറ കോവിലിന്റെ നിയന്ത്രണം അനധികൃതമായി കൈക്കലാക്കാൻ ബാഹ്യശക്തികൾ മധ്യസ്ഥരുടെ പിൻബലത്തോടെ ശ്രമിക്കുന്നുണ്ട്. കോവിലിന്റെ സംരക്ഷകർ എന്ന പേരിൽ കടന്നുവന്ന് സമീപപ്രദേശത്തെ കൃഷിയിടങ്ങൾ വാങ്ങി അതിനോടു ചേർന്നുകിടക്കുന്ന കോവിലിന്റെയും ചിങ്ങംചിറ കുളത്തിന്റെയും അവകാശം സ്ഥാപിച്ചെടുക്കാനാണ് വാണിജ്യലോബികളുടെ ശ്രമം. അവർ ചിങ്ങംചിറ ആരാധനാസമ്പ്രദായത്തിന്റെ പൗരാണിക-പാരമ്പര്യത്തനിമകൾക്ക് കോട്ടം തട്ടും വിധം നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ഭക്തരുടെ ആചാരരീതികളിൽ നിയന്ത്രണം ചെലുത്തുകയും ചെയ്യുന്നത് പ്രദേശവാസികളുടെയും വിശ്വാസികളുടെയും ശക്തമായ എതിർപ്പിനിടയാക്കുന്നു. പൊതുജനങ്ങൾ നൂറ്റാണ്ടുകളായി ആരാധിച്ചുവരുന്ന ആരാധനാലയങ്ങൾ സ്വകാര്യവ്യക്തികൾ കൈക്കലാക്കാൻ പാടില്ല എന്ന പൊതുനിയമം ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നു. സഹസ്രാബ്ദങ്ങൾ പഴക്കമുള്ള തു

റസ്സായ ഈ അപൂർവ്വ ആരാധനാലയം കേന്ദ്ര സംസ്ഥാന പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് പ്രാചീനത്തനിമ സംരക്ഷിക്കണമെന്ന ആവശ്യം ശക്തിപ്പെടുകയാണ്.

ചിങ്ങംചിറ കറുപ്പസ്വാമി കോവിലിനോടു സമാനമായ ആരാധനാലയം ഇരുപതു കി.മീ. കിഴക്കു പടിഞ്ഞാറു മാറി കന്നിമാരിത്തൽ എന്നൊരു സ്ഥലമുണ്ട്. ചിങ്ങംചിറയിൽ പേരാലാണ് പ്രധാന ആരാധനാവൃക്ഷമെങ്കിൽ, കന്നിമാരിയിലെ തുറസായ ആരാധനാലയത്തിൽ പേരുസൂചിപ്പിക്കുന്നതുപോലെ തേക്കുമരമാണ് പ്രധാന ആരാധനാവൃക്ഷം. പാലക്കാടുജില്ലയിൽ മുതലമട പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന പറമ്പിക്കുളത്തുള്ള ഭീമാകാരമായ ഈ കന്നിമാരിതേക്കുമരവും പ്രാചീന ദ്രാവിഡ സംസ്കൃതിയും ചരിത്രപ്രാധാന്യവുമുള്ളവയാണ്. മലയാളം കൊല്ലവർഷം ആരംഭവുമായി ബന്ധപ്പെട്ട് വടക്കൻ കേരളത്തിലും തെക്കൻ കേരളത്തിലും പണ്ടുകാലത്ത് നിലനിന്നിരുന്ന ചിങ്ങം, കന്നി മാസങ്ങളെക്കുറിച്ചുള്ള സിദ്ധാന്തങ്ങളും ഇവിടെ പ്രസക്തമാണ്. മലയാളം കൊല്ലവർഷാരംഭത്തെക്കുറിച്ച് ഇന്നും നിലനിൽക്കുന്ന അവ്യക്തതയ്ക്ക് കൂടുതൽ വ്യക്തത കൈവരുത്തുന്ന പുത്തൻ സിദ്ധാന്തത്തിൽ ഇവയെക്കുറിച്ച് കൂടുതൽ വിശകലനം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

### ചാത്തിയോട് മാകാളി കോവിൽ

ചിങ്ങംചിറയിൽ നിന്ന് മൂന്നു കി.മീ. തെക്കുമാറിയാണ് തുറസ്സായ ആരാധനാ കേന്ദ്രമായ ചാത്തിയോട് മാകാളി (മഹാകാളി) കോവിൽ സ്ഥിതിചെയ്യുന്നത്. 3.70 മീററർ ചതുരാകൃതിയിലുള്ള ചുററളവിൽ കരിങ്കല്ലുകൊണ്ട് നാല് അടി ഉയരത്തിൽ കെട്ടിയ ചുററുമതിലിനകത്താണ് ഉഗ്രരൂപിണിയായ കാളിപ്രതിഷ്ഠയുള്ളത്. പതിനേഴ് സെ.മീ. നീളത്തിലും അമ്പത് സെ.മീ. വീതിയിലും ഒററക്കല്ലിലാണ് തുറസ്സായ കരിങ്കൽ മതിലിനകത്താണ് കാളി/ദുർഗ്ഗാ വിഗ്രഹം കൊത്തിവച്ചിട്ടുള്ളത്. ഭുജങ്ങളിൽ ആയുധങ്ങളുണ്ട്. കാഞ്ഞിരമരത്തിനു താഴെയാണ് പ്രതിഷ്ഠ. ദീർഘചതുരാകൃതിയിൽ വെട്ടിയെടുത്ത പതിനാറോളം കരിങ്കൽ സ്ലാബുകളും തൂണുകളും ചുററുമതിലും തീർത്താണ് നിർമ്മാണം. ചേരരാജാക്കൻമാരുടെ ദേവതയായ കൊറ്റവൈ ഒരു പ്രാദികാദുർഗ്ഗയുടെ പ്രതീകംകൂടിയാണ്. ചിങ്ങംചിറയി



*മാടനും ദേവിയും- ചിങ്ങംചിറ*

ലേതുപോലെ തമിഴ്നാട്ടിൽ നിന്നുള്ള ചില കുടുംബാംഗങ്ങളാണ് പ്രധാനമായും ഇവിടെ വന്ന് പ്രത്യേക പൂജാവിധികൾ ചെയ്തു വരുന്നത്. എതിരാളികളെ തകർക്കാൻ കരിങ്കൽപ്രതിഷ്ഠയിൽ ചുവന്ന മുളക് അരച്ചുപുരട്ടി പ്രാർത്ഥനാകർമ്മം നിർവ്വഹിക്കുന്ന രീതിയും ഇവിടെയുണ്ട്. അതുമായി ബന്ധപ്പെട്ട് നിരവധി ഗ്രാമീണകഥകൾ പഴയ തലമുറക്കാർക്ക് പങ്കുവയ്ക്കാനുണ്ട്. ഇതേ പ്രതിഷ്ഠകളോടെയുള്ള ദുർഗ്ഗയുടെ തകർന്നടിഞ്ഞു കിടക്കുന്ന കരിങ്കൽ പ്രതിഷ്ഠകൾ പല്ലശ്ശനയിലെ കോട്ടമലയുടെ താഴ്വര, കോട്ടമ്പലം എന്നിവിടങ്ങളിലുമുണ്ട്.

ചാത്തിയോട് മകാളി അമ്മൻ കോവിലിന്റെ കിഴക്കു വടക്ക് മൂലയിലാണ് ചരിത്രാതീതകാലത്തെ ഒരു കാളയുടെ ശിലാരേഖാചിത്രം കാണാം. മെസോലിത്തിക് കാലഘട്ടത്തെ മൈക്രോലിത്തിക് ഉപകരണങ്ങൾ ചാത്തിയോട് മഹാകാളി പ്രതിഷ്ഠയുടെ മുൻഭാഗങ്ങളിലുണ്ട്. മാത്രമല്ല, മകാളികോവിൽ നിൽക്കുന്നതിന്റെ നൂറു മീറ്റർ പടിഞ്ഞാറുമാറിയാണ് കൽമണ്ഡപങ്ങൾ നിലനിന്നതിന്റെ പ്രതീകമായ പോസ്റ്റ്ഹോളുകൾ ധാരാളമായുള്ളത്. അതുകൊണ്ടുതന്നെ അമ്പതു മീറ്റർ ഉയരത്തിൽ ഒരു കിലോമീറ്ററോളം നീളത്തിൽ നീണ്ടുകിടക്കുന്ന ചാത്തിയോട് പാറയ്ക്ക് 10000 ബി.സി മുതൽ നാളിതുവരെയുള്ള സാംസ്കാരിക വികാസ പരിണാമ ചരിത്രം പറയാനുണ്ട്. തൊട്ടടുത്ത് പുരാവസ്തു പ്രാധാന്യം നിറഞ്ഞ ദാനപ്പുവായ വിരുത്തിയും മുനികുണ്ഡവും താമരക്കുളവും ഉണ്ട്. വിവിധ കാലഘട്ടങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പുരാവസ്തു തെളിവുകളായ മൈക്രോലിത്തിക് ഉപകരണങ്ങൾ മധ്യശിലായുഗ കാലഘട്ടത്തിലേക്ക് വെളിച്ചം വീശുന്നു; പോസ്റ്റ്ഹോളുകളുടെ സാന്നിദ്ധ്യവും അലങ്കരിച്ച കാളയുടെ ശിലാരേഖാചിത്രവും നവീന മഹാശിലായുഗ കാലഘട്ടത്തിലേക്കും. അതുകൊണ്ടുതന്നെ, ചാത്തിയോട് മഹാകാളി പ്രതിഷ്ഠയ്ക്ക് തൊട്ടുമുന്നിലുള്ള കാളയുടെ ശിലാരേഖാ ചിത്രത്തിനപ്പുറമുള്ള കാലപ്പഴക്കം അവകാശപ്പെടാവുന്നതാണ്. മഹാശിലായുഗ കാലഘട്ടത്തിലും ആദിചേര കാലഘട്ടത്തിലും ശക്തമായി സാന്നിദ്ധ്യമറിയിച്ചിരുന്ന ചേരരാജ്യത്തെയും രാജാക്കൻമാരുടെയും കുലദൈവമായ കൊറ്റവൈ/കാളി/ ദുർഗ്ഗാപ്രതിഷ്ഠയുടെ പ്രതീകമാണ് ഇതെന്നു പറയാം ●

(തുടരും)

# സോമലത നൽകാനുള്ള യാഗാധികാരമുള്ള പ്രാചീന വെൺകുണ്ട്റ നാടിന്റെ ശാസ്ത്രീയ അടിത്തറ

Dr. V.SANALKUMAR
(Best Teacher National & State Awardee
Mob: 9447874283
Emil: v.sanalkumar@gmail.com)

കേരള പ്രാചീന ചരിത്രത്തിൽ പാലക്കാട് ജില്ല വഹിച്ചിരുന്ന നിസ്തുലസ്ഥാനവും ഇവിടെ നിലനിന്നിരുന്ന വെൺകുണ്ട്റ രാജവംശത്തിന്റെ മഹിമയും നാളിതുവരെയും നാം വേണ്ടവിധം വിശകലന വിധേയമാക്കിയിട്ടില്ല. പ്രാചീന തമിഴകത്തിന്റെ അവിഭാജ്യഭാഗമായ ചേരനാടിന്റെ സിരാകേന്ദ്രമായി പാണ്ഡ്യ-ചോള നാട്ടിലേക്കുള്ള പ്രവേശന കവാടത്തിൽ സ്ഥിതി ചെയ്യുന്ന ഇവിടം വേദിക്കാലഘട്ടത്തിനു മുമ്പും പിമ്പും എത്രത്തോളം ചരിത്രഗതി നിർണ്ണയിച്ചിട്ടുണ്ടെന്നത് നമ്മുടെ പിൻതലമുറക്കാർ അർഹിക്കുന്ന ഗൗരവത്തിൽ പഠനവിധേയമാക്കിയിട്ടില്ല. കേരളോത്പത്തിയിൽ പരാമർശിക്കുന്ന കേരളത്തിലെ യാഗങ്ങൾക്ക് സോമലത, കരിങ്ങാലി - ചമത, കൃഷ്ണമാൻ തോൽ എന്നിവ നൽകാനുള്ള യാഗാധികാരവും. അഗ്നി ബീജം കാലുകളിലുള്ളതിനാൽ മെതിയടി കൂടാതെ കേരളത്തിലെ ഏതു ക്ഷേത്രത്തിനകത്തും പ്രവേശിക്കാനുള്ള വെൺകുണ്ട്റ നാട് വീരരവി വംശത്തിലെ ഭരണാധികാരികൾക്കു കൈവന്നതിലെ ശാസ്ത്രീയ അടിത്തറയും നമ്മുടെ ചരിത്രപണ്ഡിതൻമാർ വേണ്ടവിധം ഗവേഷണബുദ്ധ്യാ പരിശോധിക്കപ്പെട്ടിട്ടില്ല. പ്രാചീന ചേരനാട്ടിലെ പ്രധാന അധിവാസകേന്ദ്രവും ഭരണസിരാകേന്ദ്രവുമായിരുന്ന ഇവിടം വിവിധ ചരിത്രവികാസ പരിണാമഘട്ടങ്ങളിലൂടെ കടന്ന് വന്ന ഇവിടം പ്രമുഖ ബ്രാഹ്മണ ഗ്രാമങ്ങളിലൊന്നായ വേങ്കടമെന്ന പേരിലറിയപ്പെട്ട ചരിത്രവും പുതുതലമുറകൾക്ക് ഇന്നും അജ്ഞാതമാണ്.

അടുത്തയിടെ ഈ ലേഖകൻ പാലക്കാട് ജില്ലയുടെ പ്രാചീന ചുള്ളിയം പേരാറെന്നറിയപ്പെട്ടിരുന്ന ഭാരതപ്പുഴയുടെ പ്രധാന പോഷകനദികളായ ഗായത്രിപ്പുഴയുടെയും, അമ്രാവതി (ചിറ്റൂർപുഴയുടെയും നദീതടങ്ങളിൽ നടത്തിയ ഉപരിതല പുരാവസ്തു ഗവേഷണത്തിൽ പ്രാചീന ചരിത്രത്തെയും ആധുനിക ചരിത്രകാലഘട്ടത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന എല്ലാ പുരാവസ്തു തെളിവുകളും കണ്ടെത്താൻ കഴിഞ്ഞിരുന്നു. പ്രാചീന ശിലായുഗം, മദ്ധ്യശിലായുഗം, നവീനശിലായുഗം, ഇരുമ്പുയുഗം, (മഹാലിശായുഗം) ചരിത്രകാലഘട്ടം എന്നിവ സമന്വയിച്ചിട്ടുള്ള ചുരുക്കം ചില പ്രദേശങ്ങളെ ഇന്ത്യയിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ളു. പ്രാചീന അധിവാസകേന്ദ്രങ്ങളായിരുന്ന നിരവധി ഗുഹാസങ്കേതങ്ങൾ, പ്രകൃതിദത്ത അഭയകേന്ദ്രങ്ങൾ, മൈക്രോലിത്തിക് ഉപകരണങ്ങൾ, പോസ്റ്റ് ഹോളുകൾ, ശിലാരേഖാചിത്രങ്ങൾ, മഹാശിലായുഗ സ്മാരകങ്ങൾ, തുറസ്സായ പ്രാചീന ആരാധനാലയങ്ങൾ, പ്രാചീന വട്ടെഴുത്ത് തമിഴ്ശിലാലിഖിതങ്ങൾ, തകർക്കപ്പെട്ട ക്ഷേത്ര അധിഷ്ഠാനങ്ങൾ, കളിമൺ, കരിങ്കൽ ശിൽപ്പങ്ങൾ, ചേരകാലഘട്ടത്തെയും സാമൂതിരി കാലഘട്ടത്തിലേതുമുൾപ്പെടെയുള്ള നാണയങ്ങൾ, വീരക്കല്ലുകൾ, തകർക്കപ്പെട്ട രാജവംശത്തിന്റെ ആസ്ഥാനം എന്നിവയുടെ വിപുലമായ കേന്ദ്രീകരണങ്ങളാണ് പുതുതായി കണ്ടെത്തിയിട്ടുള്ളത്.

2000 വർഷങ്ങൾക്ക് മുൻപ് രചിക്കപ്പെട്ട അകനാനൂറ്, പുറനാനൂറ് തുടങ്ങിയ തമിഴ് സംഘകാല കൃതികളിലും അതിനുശേഷമുള്ള സംഘ കാലാനന്തരകൃതികളായ ചിലപ്പതിക്കാരം, മണിമേഖല തുടങ്ങിയ കൃതികളിലും പരാമർശിക്കുന്ന മിക്ക ഭൂമിശാസ്ത്ര പദങ്ങളും ചേരരാജാക്കൻമാരുടെ പേരിനോടൊപ്പമുള്ള സ്ഥലനാമങ്ങളും ചുള്ളിയം പേരാറിന്റെ (ഭാരതപ്പുഴ) പോഷകനദീതടങ്ങളിലും, പറമ്പിക്കുളം പോലുള്ള മലനിരകളിലുമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

പണ്ടുകാലത്ത് വേങ്കടമലയെന്നും കൊല്ലിമലയെന്നും അറിയപ്പെട്ടിരുന്ന നെല്ലിയാമ്പതി താഴ്‌വരയിലെ തെൻമല നിരകൾക്കു താഴെ സമാന്തരമായി വിന്യസിച്ചുകിടക്കുന്ന 'പൊറൈ' എന്ന പേരിൽ അറിയപ്പെടുന്ന വിശാലമായി ഉയർന്നു നീണ്ടുകിടക്കുന്ന പാറപ്പരപ്പുകളിലും അവിടത്തെ ഗുഹാ-പ്രകൃതിദത്ത അഭയകേന്ദ്രങ്ങൾക്ക് സമീപത്തുനിന്നും 10,000 ബി.സിക്കും 200 എ.ഡിക്കും മധ്യേയുള്ള മൈക്രോലിത്തിക്കുകൾ, പോസ്റ്റ് ഹോളുകൾ (കൽസ്തൂപ പൊഴികൾ), ശിലാരേഖചിത്രങ്ങൾ, മഹാശിലായുഗ സ്മാരകങ്ങൾ തുടങ്ങിയ ചരിത്രാവശിഷ്ടങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല സംഘം സംഘാനന്തരകൃതികളിലെ പല സ്ഥലനാമങ്ങളും ഇവിടെ ദൃശ്യമാണ്. അതുകൊണ്ടുതന്നെ ബി.സി. 1000 നും എ.ഡി 300 നും മധ്യേ പൊറൈനാട് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ചേരരാജ്യത്തിന്റെ സാംസ്കാരിക ഭരണസിരാകേന്ദ്രം തെൻമല താഴ്‌വരയാണെന്ന് പറയാവുന്നതാണ്. പ്രാചീന ചേരനാടിന്റെ മറ്റുപ്രദേശങ്ങളിൽ ഇത്തരം ഭൂമിശാസ്ത്ര പുരാവസ്തു തെളിവുകൾ ലഭ്യമല്ലാത്തതും ഈ വാദത്തിന് ശക്തി പകരുന്നുണ്ട്. എ.ഡി. 300 നും 800 നു മധ്യേ രചിക്കപ്പെട്ടതെന്ന് പറയപ്പെടുന്ന ചിലപ്പതികാരം, മണിമേഖല എന്നീ കൃതികളിൽ ചേരനാട്ടിലെ വഞ്ചീകാണ്ഡത്തെക്കുറിച്ച് പറയുന്ന പല സ്ഥലനാമങ്ങളും മലനിരകളും അവിടത്തെ ജലധാരകളും പൊറൈ നാടിന്റെ സിരാകേന്ദ്രമായ സീതാറുകുണ്ട്, പലകപ്പാണ്ടി, നിന്നുതുറ്റി, ഗോവിന്ദതീർത്ഥം തുടങ്ങിയ വെള്ളച്ചാട്ടങ്ങളുള്ള തെൻമല നിരകളുടെ താഴ്‌വരകളിലാണ് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. ചിലപ്പതികാര കൃതികളിലെ നായികയായ കർണ്ണകി പ്രതിഷ്ഠയുള്ള കൊടുങ്ങല്ലൂർ ഭഗവതിക്കാവിലേക്ക് ചെമ്പട്ടുമുടുത്ത് വാളും പരിചയുമേന്തി ഏറ്റവും കൂടുതൽ കോമരങ്ങൾ എത്തുന്നത് പാലക്കാട് ജില്ലയിൽ നിന്നുള്ളവരാണ് എന്നതും ശ്രദ്ധേയമാണ്.

ആന്ധ്ര-കർണ്ണാടക-തമിഴ്നാട് ഭാഗങ്ങൾ ഉൾകൊള്ളുന്ന പ്രാചീന ചാലൂക്യ, പല്ലവ, പാണ്ഡ്യ രാഷ്ട്രകൂടദേശങ്ങളിൽ നിന്ന് ബ്രാഹ്മണരുടെയും മറ്റുംവിവിധ കാരണങ്ങൾകൊണ്ട് ബി.സി. 1-ാം നൂറ്റാണ്ടിനുശേഷം ചേരനാട്ടിലേക്കുള്ള കുടിയേറ്റം പ്രാചീന ചേരനാടിന്റെ പ്രവേശനകവാടമായ പാലക്കാട് ചുരം വഴിയായിരുന്നു പ്രധാനമായും നടന്നിരുന്നത്. ബ്രാഹ്മണർക്കെതിരായ അതിക്രമങ്ങൾ, യുദ്ധം, വരൾച്ച തുടങ്ങിയ പല ഘടകങ്ങളും ആ ദേശങ്ങളിൽ നിന്നുള്ള കുടിയേറ്റത്തിനു കാരണമായിട്ടുള്ളതിന് നിരവധി രേഖകളുണ്ട്. തെൻമലയ്ക്കും വടമലയ്ക്കും മധ്യേയുള്ള പാലക്കാടൻ ചുരം നെൽകൃഷിക്കും, പയറുകൃഷിക്കും അനുയോജ്യമായ ഫലഭൂയിഷ്ഠമായ കാർഷിക നിലങ്ങൾ, പ്രകൃതിദത്ത മലനിരകൾ, ജലധാരകൾ പെരിയാറിന്റെ പോഷക നദീതീരങ്ങൾ, മിതമായ കാലാവസ്ഥ എന്നിവയൊക്കെ ഈ പ്രദേശങ്ങളിലേക്ക് പ്രാചീനകാല കുടിയേറ്റങ്ങൾക്ക് പ്രധാന പ്രേരക ഘടകങ്ങളായിരുന്നു. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ബ്രാഹ്മണ അധിവാസ കേന്ദ്രമായിരുന്ന 'വേങ്കട'ത്തിന്റെ ഉദയം അങ്ങിനെയായിരുന്നു.

വൈദിക കാര്യങ്ങളിലും, വേദോപനിഷത്തുകളിലും അഗ്രഗണ്യരായ ബ്രാഹ്മണർ യാഗാധി ഹോമാദികളിലും ചിങ്ങൻചിറ പോലുള്ള തുറസ്സായ ആരാധനാലയങ്ങൾക്കു പകരം പല്ലവ-ചാലൂക്യ, പാണ്ഡ്യ, ചേര ക്ഷേത്ര നിർമ്മാണ മാതൃകകളുള്ള കരിങ്കൽക്ഷേത്ര അധിഷ്ഠാനങ്ങൾ പടുത്തുയർത്താൻ എ.ഡി.8-ാം നൂറ്റാണ്ടിനോടകം ആരംഭിച്ചിരുന്നു. അന്നു കാലത്ത് നിലനിന്നിരുന്ന ജൈന-ബുദ്ധ വിശ്വാസങ്ങൾക്കുമേൽ ആധിപത്യം ചെലുത്തുക യെന്നതും വൈഷ്ണവ-ശൈവ വിശ്വാസങ്ങളുടെ ശാക്തീകരണങ്ങളും ഇതിന് അടിത്തറയി ട്ടു.

വേദോപനിഷത്തുകളിലുള്ള അവഗാഹവും യാഗാധിഹോമങ്ങളുടെ അവകാശ നേതൃത്വവും ബുദ്ധിശക്തിയിലും തൊലിയുടെ നിറത്തിലും മറ്റും പ്രാകൃത ദ്രാവിഡ സമൂഹ ത്തിൻമേൽ ബ്രാഹ്മണരുടെ സ്വാധീനം ക്രമേണ വർദ്ധിച്ച് രാജാക്കൻമാരെ അവരോധിക്കാ നുള്ള അധികാരം ബ്രാമണർക്കു കൈവരികയും ചെയ്തു. കേരളത്തിലെ യാഗങ്ങൾക്കുള്ള യാഗാധികാരം വീരരവിവംശത്തിനു കൈവന്നത് അങ്ങനെയാണ്. ക്രമേണ പ്രധാനപ്പെട്ട ദ്രാവിഡ സ്ഥലനാമങ്ങൾക്ക് പകരം സംസ്കൃത പേരുകൾ സ്ഥലനാമങ്ങളിൽ സ്ഥാനം പിടി ക്കാൻ തുടങ്ങി. ബ്രഹാമണ അധിവാസകേന്ദ്രമായ വേങ്കടത്തിന്റെ സിരാകേന്ദ്രത്ത് 'രാജ ധാനി നിലനിൽക്കുന്ന സ്ഥലം' എന്നർത്ഥം വരുന്ന കൊല്ലംങ്കോട് (കൊല്ലം = രാജധാനി + കോട് = കേന്ദ്രം) തുടങ്ങിയ സ്ഥലനാമങ്ങൾ അങ്ങനെ രൂപപ്പെട്ടതാണ്.

ഇവിടെ തകർക്കപ്പെട്ട് കിടക്കുന്ന നിരവധി ചതുരാകൃതിയിലും, വൃത്താകൃതിയിലും ഗജപൃഷ്ടാകൃതിയിലുള്ള തകർന്നടിഞ്ഞ നിരവധി ക്ഷേത്രഅധിഷ്ഠാനങ്ങളുടെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നത് പാലക്കാട് 'കൊല്ലം' (രാജധാനി) നിൽക്കുന്ന നഗരത്തിന്റെ നിർമ്മാണം 8-ാം നൂറ്റാണ്ടിനുശേഷം നടന്നതായി സങ്കൽപ്പിക്കേണ്ടതാണ്. 8 മുതൽ 12-ാം നൂറ്റാണ്ട് വരെ സുവർണ്ണ കാലഘട്ടത്തിലേക്കുയർന്ന ഇവിടം തുടർച്ചയായ പാണ്ഡ്യ-ചോള ആക്രമണത്തിലൂടെ 12-ാം നൂറ്റാണ്ടോടുകൂടി ആദ്യഘട്ട തകർച്ചയ്ക്ക് കാരണമാവുകയാണു ണ്ടായത്. പിന്നീട് 13-ാം നൂറ്റാണ്ടിൽ ശക്തി പ്രാപിച്ച സാമൂതിരി ഈ പ്രദേശം പിടിച്ചടക്കി. വീരരവിവംശത്തിന്റെ അന്ത്യത്തിനും നാമിന്നറിയപ്പെടുന്ന വേങ്ങനാട് 'നമ്പിടി' വംശ ത്തിന്റെ ആരംഭത്തിനും അതോടെ തുടക്കം കുറിച്ചു. നൂറ്റാണ്ടുകളോളം തുടർന്ന സാമൂ തിരിയുടെ ഭരണത്തിന്റെ ആധിപത്യമില്ലാതാക്കാൻ 17-ാം നൂറ്റാണ്ടിൽ ഹൈദരാലിയെ ക്ഷണിച്ചു വരുത്തി ടിപ്പുസുൽത്താന്റെ അക്രമണത്തിലൂടെ മറ്റൊരു തകർച്ചയ്ക്ക് ഈ പ്രദേശം സാക്ഷ്യമാവുകയായിരുന്നു.

വെൺകുണ്ടറ നാട്

ചിലപ്പതിക്കാരത്തിൽ പരാമർശിക്കുന്ന ചേരനാട്ടിലെ വെൺകുണ്ഠറ നാടിന്റെ ആസ്ഥാനം തെൻമലതാഴ്വരയിൽ കൊല്ലങ്കോട് കോവിലകം പറമ്പിലാണെന്ന് ഇവിടെ നിന്നും കണ്ടെടുത്ത ശിലാലിഖിതവും മറ്റു ചരിത്രപുരാവസ്തു തെളിവുകളും സാക്ഷ്യപ്പെടു ത്തുന്നു. 8-ാം നൂറ്റാണ്ടിനു മുമ്പു നിലനിന്നിരുന്നവെൺകുണ്ഠറ രാജ്യത്തെ കൽസ്തൂപ ങ്ങളും കരിങ്കല്ലുകളും മറ്റും ടിപ്പുവിന്റെ കോട്ട ദ്രുതഗതിയിൽ പണിയുന്നതിനും പിന്നീട് ഈ മേഖലയിൽ കുടിയേറിപാർത്തവർ വീടുപണിയുന്നതിനും തൊഴുത്തിൽ പതിക്കുന്നതിനും മറ്റും കൊണ്ടുപോകുകയായിരുന്നു. ഇപ്പോഴും ഇവിടെ ഉത്ഘനനം നടത്തിയാൽ രാജവംശ ആസ്ഥാനം നിലനിന്നിരുന്നതിന്റെ തെളിവുകൾ ദൃശ്യമാകുന്നതാണ്. തലമുറകൾ കൈമാ റിയ കേട്ടുകേൾവി വച്ച് കൊല്ലങ്കോട് കോവിലകം പറമ്പിലെ മൂടപ്പെട്ടു കിടക്കുന്ന കരിങ്കൽ

വെൺകൂണ്ട്റ നാടിനെ പിന്നീട് ശക്തിയാർജ്ജിച്ച സാമൂതിരി പിടിച്ചടക്കി തന്റെ അധീനതയിലുള്ള നമ്പിടിവംശത്തെ പുനഃസ്ഥാപിച്ചടക്കിയതിനുശേഷവും നെൻമേനി കോവിലകം പറമ്പ് കേന്ദ്രീകരിച്ചു തന്നെയാണ് ഭരണം നടത്തിയിരുന്നതെന്നതിനെ നിരവധി പുരാവസ്തുതെളിവുകൾ സാക്ഷ്യപ്പെടുത്തുന്നു. വേങ്കൈനാട്, വെങ്കിനാട്, കൊല്ലം, സീത ശൈലഭൂ തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടിരുന്ന വെൺകൂണ്ട്റ നാട് രാജവംശം വേങ്ങ നാട്, വെങ്ങുനാട് എന്ന പേരിൽ പിന്നീട് അറിയപ്പെടാൻ തുടങ്ങി. സാമൂതിരിയുടെ ഭരണനിയന്ത്രണത്തിൽ നമ്പിടി വംശത്തിന്റെ അധീനതയിലായെങ്കിലും സാമൂതിരി വർഷം തോറും ഭാരതപ്പുഴയുടെ തീരത്ത് നടത്തിവരാറുള്ള മാമാങ്കോത്സവത്തിന് പ്രധാന രാജാക്കൻമാരോടൊപ്പമുള്ള മുൻനിര സ്ഥാനമാണ് വെൺകൂണ്ട്റ നാട് ഭരണാധികാരികൾക്ക് നൽകിയിരുന്നത്. വെൺകൂണ്ട്റ 'നാട് രാജാക്കൻമാരുടെ വംശീയ പാരമ്പര്യവും കുലമഹിമയും കണക്കിലെടുത്താണ് സ്വതന്ത്രരാജാക്കൻമാരോടൊപ്പമുള്ള ഇരിപ്പിടം നൽകിയതെന്ന് പറയപ്പെടുന്നു. സാമൂതിരി രാജവംശം പിടിച്ചടക്കുന്നതിന് മുമ്പ് വെൺകൂണ്ട്റ നാടിന് ഉണ്ടായിരുന്ന പദവിയിലേക്കാണ് ഇതെല്ലാം വെളിച്ചം വീശുന്നത്.

പിന്നീട് സാമൂതിരിയെ തുരത്താനായി ജില്ലയിലെ ബ്രാഹ്മണ ക്ഷത്രിയ വിഭാഗക്കാരാണ് മൈസൂരിൽ നിന്നുള്ള ഹൈദരാലിയെ ക്ഷണിച്ചുവരുത്തിയതും പിന്നീട് ടിപ്പുവിലൂടെ നെന്മേനി കോവിലകം പറമ്പും മററു പലക്ഷേത്രങ്ങളും തകർക്കപ്പെടുകയായിരുന്നു. നൂററാണ്ടുകളോളം പ്രോജ്ജ്വലിച്ചുനിന്നിരുന്ന കോവിലകം പറമ്പ് ഉപേക്ഷിക്കപ്പെട്ട നഗരമായി മാറിയത് അങ്ങനെയാണ്. പിന്നീട് ഇപ്പോൾ കാണപ്പെടുന്ന കൊല്ലങ്കോട് കൊട്ടാരം പണി കഴിയിപ്പിച്ച് ബ്രിട്ടീഷുകാരുടെ സംരക്ഷണയിൽ ഇപ്പോൾ കാണപ്പെടുന്ന കൊല്ലങ്കോട് കോവിലക മുക്കിൽ കൊട്ടാരം പണിത് ആസ്ഥാനം മാററുകയായിരുന്നു. ഇന്ന് രാജ്യവംശത്തിന്റെ പ്രതാപം അസ്തമിച്ചെങ്കിലും വെൺകൂണ്ട്റ നാട് വീരരവി വംശത്തിലെ ഭരണാധികാരികൾക്ക് വംശീയ പാരമ്പര്യത്തിലൂടെ ലഭിച്ച യാഗാധികാരം കാച്ചാംകുറിശ്ശി പെരുമാൾ ക്ഷേത്രത്തിലൂടെ ഇപ്പോഴും നിലനിന്നുവരുന്നു.

ഇവിടെ നിലനിന്നിരുന്ന പ്രാചീന സാംസ്കാരിക പൈതൃകകേന്ദ്രങ്ങൾ പലതും അവഗണനയേററ് നാമാവശേഷമാവുകയാണ്. സോമലതയടക്കമുള്ള പുരാവസ്തു പ്രാധാന്യമുള്ള വിവരങ്ങൾ ശേഖരിച്ച് നെന്മേനി വെൺകൂണ്ട്റ നാട് വീര രവി വംശത്തിൽ പറയുന്ന പുരാവസ്തുക്കൾ വിശകലനം ചെയ്യുന്നതിലൂടെ കേരള ചരിത്രത്തിന്റെ ഇരുളടഞ്ഞു കിടന്നിരുന്ന നിരവധി ഏടുകൾക്കാവും ഉത്തരം കണ്ടെത്താൻ കഴിയുക.

*NB : The writer is the recipient of best Higher Secondary Teacher National Award, State Govt.Award & Indian President Scouts Award. His reserch work along the Gayathripuzha Vally of Venkedamala /Thenmala, Palakkad District has identified a large number of Archaeological Evidences datable between 4000BC and 200 AD. It consist of archaeological evidences of microliths, post holes, rock engravings, megalithic monuments , open aided shrines, ruined shrines, sculptures and stone inscriptions. He is a native of Nenmeni, Kollamkodu at Palakkad District and presently working as Higher Secondary School Teacher in Geography, at Jayakeralam HSS Pulluvazhy, Ernakulam District.*

# നമ്മുടെ പാവനമായ വിദ്യാഭ്യാസ സംസ്കൃതിയുടെ ചുവടുകൾ പിഴയ്ക്കുന്നതെവിടെ ?....

**ഡോ. വി. സനൽകുമാർ**

(മികച്ച അധ്യാപകനുള്ള ദേശീയ - സംസ്ഥാന അധ്യാപക പുരസ്കാര സ്വീകർത്താവ്)

**എച്ച്. എസ്.എസ്.ടി (ജ്യോഗ്രഫി)**

**ജയകേരളം ഹയർസെക്കന്ററി സ്കൂൾ, പുല്ലുവഴി**

**വി**ജ്ഞാന വിസ്ഫോടനത്തിന്റെയും വിവിരസാങ്കേതിക വിദ്യയുടെയും ഈ യുഗത്തിൽ വിഷയങ്ങളുടെ തള്ളികയറ്റങ്ങളും വിവരങ്ങളുടെ ബാഹുല്യവും പാഠ്യക്രമത്തിന്റെ പോരായ്മയുംമൂലം വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യംതന്നെ വിസ്മരിക്കപ്പെട്ടിരിക്കുന്നു. ജീവിതത്തിന്റെ ഏതു വെല്ലുവിളികളെയും സധൈര്യം നേരിടാൻ കഴിയുന്ന ആത്മജ്ഞാനവും ആത്മസാക്ഷാത്കാരവും ആത്മസംതൃപ്തിയും നിറഞ്ഞ പ്രാപ്ത മനസ്സുകൾക്കു പകരം അപൂർണ്ണതയും അശാന്തിയും ആത്മ സംഘർഷങ്ങളും നിറഞ്ഞ സമ്മർദ്ദ മനസ്സുകളായി മാറുന്നു നമ്മുടെ പുതുതലമുറകൾ. സ്വയം പ്രചോദിതരാവുകയും പ്രചോദിക്കപ്പെടുകയും ചെയ്യേണ്ട ഉൽകൃഷ്ടമായ ഗുരുശിഷ്യ ബന്ധങ്ങളും നമുക്ക് കണികാണാൻ കഴിയുന്നില്ല. പാവനമായ സരസ്വതീ ക്ഷേത്രങ്ങൾ തടവറകളായ ഫാക്ടറി കേന്ദ്രങ്ങളായും നിരന്തരം കുറ്റവിചാരണകൾക്കു വിധേയമാകുന്ന ന്യായാധിപ കോടതികളായും വിദ്യാർത്ഥികളുടെ ന്യൂനതകൾ മാത്രം കാണുന്ന വികലവൈകൃത കേന്ദ്രങ്ങളായും കലാലയ സംസ്കാരം ദുഷിച്ചിരിക്കുന്നു. ഭാരതസംസ്കൃതിയുടെ അന്തസത്ത ചോർത്തികളയുന്ന വിദ്യാഭ്യാസസംസ്കാരം സൃഷ്ടിച്ചതിൽ പ്രധാന കുറ്റവാളികൾ നമ്മുടെ വികലമായ വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ മാത്രമാണ്.

## ഉൽകൃഷ്ടമായ പ്രാചീന ഭാരതീയ വിദ്യാഭ്യാസ സംസ്കൃതി

പുരാതനഭാരതത്തിൽ ഗവേഷണ അഭിവാഞ്ജയിൽ ആത്മജ്ഞാനത്തിന്റെയും ആത്മസാക്ഷാത്കാരത്തിന്റെയും പ്രപഞ്ചരഹസ്യങ്ങളുടെയും നിഗൂഢരഹസ്യങ്ങൾ തേടുന്ന ജിജ്ഞാസുക്കളായിരുന്നു ഋഷീശ്വരൻമാരായ നമ്മുടെ പൂർവ്വികരായ ഗുരുക്കൻമാർ. നിരന്തര അന്വേഷണത്തിലൂടെയും തപസ്യയിലൂടെയും കണ്ടെത്തിയ ദിവ്യമായ ആത്മജ്ഞാനത്തിന്റെ അന്തസത്ത പങ്കുവയ്ക്കലായിരുന്നു പ്രാചീനകാല ഗുരുക്കൻമാരുടെ പ്രധാന ദൗത്യം. 10,000 ശിഷ്യൻമാർ വരെ പർണ്ണശാലകളിൽ താമസിച്ച് ആചാര്യന്റെ കീഴിൽ വിദ്യ പകർന്നു നൽകിയ 'കുലപതികളായ' നിരവധി ഗുരുവര്യൻമാരെക്കുറിച്ച് നമ്മുടെ പുരാണഇതിഹാസങ്ങളിൽ എടുത്തു പറഞ്ഞിട്ടുണ്ട്. മഹാമുനി ശ്രേഷ്ഠരുടെ പദവി അലങ്കരിച്ചിരുന്ന വസിഷ്ഠൻ, വിശ്വാമിത്രൻ, വ്യാസൻ, ശൗനകൻ, കണ്ണൻ, ധൗമൻ, സാന്ദീപനി തുടങ്ങിയവരെല്ലാം തന്നെ കുലപതികളുടെ ബ്രഹ്മപദം പൂകിയ ആദ്യകാല ആചാര്യരത്നങ്ങളായിരുന്നു. നമ്മുടെ ആത്മീയ ആചാര്യൻമാരായിരുന്ന ശ്രീകൃഷ്ണനൻ, ശ്രീബുദ്ധൻ, വർദ്ധമാനമഹാവീരൻ, ശങ്കരാചാര്യൻ, ഗുരുനാനാക്ക്, ശ്രീനാരായണഗുരു, സ്വാമിവിവേകാനന്ദൻ, എന്നിവരെല്ലാം അതാതുകാലത്തെ സമൂഹത്തെ പ്രചോദിപ്പിച്ചുകൊണ്ടിരുന്ന ആത്മീയ തേജസ്വികളായ ഗുരുവര്യൻമാരായിരുന്നു. ക്രിസ്തുദേവനും, മുഹമ്മദ്നബിയും ഇത്തരം ആത്മീയ ഗുണങ്ങളുള്ള ഭാരതത്തിന് പുറത്തുള്ള ഗുരുസ്ഥാനീയരായിരുന്നു.

അരിസ്റ്റോട്ടിലും, പ്ലേറ്റോയും, സോക്രട്ടീസും, ഗാന്ധിജിയും, ഡോ. രാധാകൃഷ്ണനുമൊക്കെ സാമൂഹ്യപരിഷ്കർത്താക്കളായ ദാർശനിക കാഴ്ചപ്പാടിലൂന്നിയ ഗുരുസ്ഥാനീയൻമാരായിരുന്നു. അതാതു രംഗങ്ങളിൽ സർവ്വവിദ്യാവിശാരൻമാരായിരുന്നു നമ്മുടെ ആത്മാംശം സ്ഫുരിക്കുന്ന ഗുരുവര്യൻമാരെല്ലാം തന്നെ. "അസംഗചനും, ബഹുശാസ്ത്രപണ്ഡിതനും, സ്വച്ഛനും, സുഘടനും, സുമുഖനും, സുന്ദരനുമായിരിക്കണം ഗുരുവെന്നാണ് " നമ്മുടെ സംസ്കൃതികൾ ഉദ്ഘോഷിക്കുന്നത്. 'ഗു' അന്ധകാരം 'രു' രോധം എന്നീ രണ്ട് സംസ്കൃത പദങ്ങൾ ഉൾകൊള്ളുന്ന അന്ധകാരനിവാരകൻ എന്നാണ് 'ഗുരു' എന്ന വാക്കിന്റെ അർത്ഥം. വിദ്യാർത്ഥികളെ വാക്കുകൾകൊണ്ട് പോലും വേദനിപ്പിക്കാത്ത ഉത്തേജകരും, പ്രചോദകരുമാകണം ഗുരുക്കൻമാരെന്ന് മനുസ്മൃതി ഉദ്ഘോഷിക്കുന്നുണ്ട്. ശിഷ്യരിൽ നിന്ന് പ്രതിഫലം കൈപറ്റാതെ നിസ്വാർത്ഥ സേവകരായിരുന്നു നമ്മുടെ പ്രാചീന ഗുരുക്കൻമാർ. വിദ്യാഭ്യാസം അവസാനിപ്പിക്കുമ്പോൾ മാത്രമാണ് ശിഷ്യരുടെ കഴിവിനനുസരിച്ചുള്ള ഗുരുദക്ഷിണ സമ്പ്രദായം നിലനിന്നിരുന്നത്.

സ്വാഭശുദ്ധി, സദാചാരനിഷ്ഠ, സേവനതൽപ്പരത, വിദ്യാർജനോത്സുഖത, വിനയം, ദേഹാദ്ധ്വാന പ്രതിപത്തി, വിവേകം എന്നീ സദ്ഗുണങ്ങളാണ് ആദ്യകാലങ്ങളിൽ ശിഷ്യർക്ക് ഉണ്ടാകേണ്ട സദ്ഗുണങ്ങളായി കൽപ്പിച്ചിരുന്നത്.

വേദങ്ങൾ, വേദാംഗങ്ങൾ (ശിക്ഷ, കൽപ്പം, വ്യാകരണം, നിരുക്തം, ചന്ദസ്സ്) ജ്യോതിഷം, ആയുർവേദം, കലകൾ, ധനുർവേദം, ദർശനങ്ങൾ എന്നീ പാഠഭാഗങ്ങൾ ശിഷ്യരുടെ അഭിരുചികൾക്കനുസരിച്ച് ഗുരുമുഖത്ത് നിന്ന് അഭ്യസിച്ചിരുന്നത്. ആത്മസാക്ഷാത്കാരം ആർജ്ജിക്കാനുള്ള ജ്ഞാനമാർഗ്ഗവും ശാസ്ത്രകലകളിലുള്ള വിജ്ഞാന പഠനത്തിനും തുല്യപരിഗണന നൽകിയിരുന്നു. ധനുർവേദം, രാഷ്ട്രതന്ത്രം, ഖജവാജീരഥക്രിയ, സ്മൃതികൾ എന്നീ പാഠശാഖകൾ ഭരണാധികാരികളും, യുദ്ധപരാക്രമികളുമായ ക്ഷത്രിയജനത നിർബന്ധമായും അഭ്യസിച്ചിരുന്നു. ആർക്കും ഏതു വിദ്യയും സ്വാംശീകരിക്കാനുള്ള സ്വാതന്ത്രവും ആദ്യകാലങ്ങളിൽ നിലനിന്നിരുന്നതിന് തെളിവുകളുണ്ട്. കർമ്മംകൊണ്ട് ബ്രാഹ്ണ്യത്തിലേക്ക് ഉയർന്ന സത്യകാമ ജാപാലി, ബ്രാഹ്മണരായ കൃപരും, ദ്രോണനും ആയോധന വിദ്യയിൽ അഗ്രഗണ്യരായി ക്ഷത്രിയതുല്യ ജീവിതം നയിച്ചതിന്റെയും നിരവധി ഉദാഹരണങ്ങൾ ഉപനിഷത്തിലും പുരാണകഥകളിലുമുണ്ട്.

ശിക്ഷണകാലയളവിൽ വിദ്യാർത്ഥികൾ ബ്രഹ്മചര്യം പാലിക്കുക, സുഗന്ധദ്രവ്യങ്ങൾ വർജ്ജിക്കുക, അഹിംസ, നിലത്തുകിടന്നുള്ള നിദ്ര, തുടങ്ങിയ ലളിത ജീവിതചര്യകളാണ് ആദ്യകാലങ്ങളിൽ ശിഷ്യഗണത്തിന് നിഷ്കർച്ചിരുന്നത്. വേദത്തെയും അറിവിനെയും അറിയുന്നവൻ എന്ന അർത്ഥത്തിലാണ് "ബ്രഹ്മചര്യനിഷ്ഠ" ആദ്യകാലങ്ങളിൽ നിഷ്കർഷിച്ചിരുന്നത്. സുഗമമായ വിജ്ഞാന സ്വാംശീകരണത്തിന് ഇത് അനിവാര്യമാണ്. അറിവ് സ്വായത്തമാക്കുന്നവനാണ് ബ്രഹ്മചാരി.

### തക്ഷശില- നളന്ദ സർവ്വകലാശാലകൾ

ക്രിസ്തുവിന്റെ ജനനത്തിനും 3 നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ നിലനിന്നിരുന്ന തിന് വ്യക്തമായ തെളിവുകളുള്ള അറിവിന്റെ സിരാകേന്ദ്രങ്ങളമായിരുന്ന ഭാരതത്തിലെ തക്ഷശിലയിലെയും, നളന്ദയിലെയും പാഠ്യപദ്ധതിയെക്കുറിച്ചുള്ള അവബോധം വിദ്യാർജ്ജനത്തിന് നാം എത്രത്തോളം മഹത്വം കൽപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെടുന്നതാണ്. ക്രിസ്തുവിന്റെ ജനനത്തിന് നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ച ചന്ദ്രഗുപ്തമൗര്യൻ, ചാണക്യന്റെ നിർദേശപ്രകാരം തക്ഷശിലയിൽ ചെന്ന് വേദശാസ്ത്രങ്ങൾ അയോധനവിദ്യ, രാജ്യതന്ത്രം എന്നിവയിൽ പരിശീലനം നേടിയതായി പറയുന്നു. പിന്നീട് ബുദ്ധമതപഠനത്തിന്റെ സിരാകേന്ദ്രമായി 7-ാം നൂറ്റാണ്ട് വരെ തക്ഷശില മാറുകയായിരുന്നു. ഹൈന്ദവ ശാസ്ത്രങ്ങളുടെയും, ബുദ്ധദർശനങ്ങളുടെയും സിരാകേന്ദ്രമായി 7-ാം നൂറ്റാണ്ട് വരെ തക്ഷശില മാറ്റപ്പെട്ടിരുന്നു.

പുരാതന ഭാരതത്തിലെ പ്രസിദ്ധ ബൗദ്ധ സർവ്വകലാശാലയായ നളന്ദയിൽ ഗുരുക്കൻമാർ പഠിപ്പിക്കുന്നതിനു പുറമെ വിദ്യാർത്ഥികൾ സ്വയം ചിന്തിച്ചും വായിച്ചും ഗവേഷണങ്ങൾ നടത്തിയും ചർച്ചകളിൽ പങ്കെടുത്തും വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടുമാണ് ജ്ഞാനസമ്പാദനം നടത്തിയിരുന്നത്. മഹായാനം, ഹീനയാനം, താന്ത്രയാനം തുടങ്ങിയ ബൗദ്ധദർശനങ്ങളും, ഗണിതം, ജ്യോതിശാസ്ത്രം, ചികിത്സാശാസ്ത്രം, ഹൈന്ദവദർശനങ്ങൾ എന്നീ പഠനശാഖകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. വിവിധഭാഗങ്ങളിൽ നിന്നുള്ള ലോകത്തിന്റെ ദാർശനിക ചിന്താഗതിയെ മാറ്റിമറിച്ച നിരവധി പണ്ഡിത ശ്രേഷ്ഠരും, ക്രിസ്തുദേവനും, നബിയും, നളന്ദ-തക്ഷശില സർവ്വകലാശാലയിലെ വിദ്യാർത്ഥികളായെത്തി ഹൈന്ദവ ബുദ്ധമത സംഹിതകൾ ഗ്രഹിച്ചിരുന്നതായി നിരവധി ഗവേഷണ കണ്ടെത്തലുകൾ നിലവിലുണ്ട്.

ഭാരതീയ സംസ്കൃതിയുടെയും ജ്ഞാനമാർഗത്തിന്റെയും അടിസ്ഥാനം ഈശ്വരാംശത്തിലധിഷ്ഠിതമായ ആരാധനാ ഭാവവും ഉപാസനയും, അർപ്പണ ഭാവവുമാണ്. പ്രപഞ്ച ശക്തി, പ്രകൃതി, അഗ്നി, വായു, ആകാശം, ജലം, ഭൂമി, ജീവജാലങ്ങൾ, സസ്യജാലങ്ങൾ, പർവ്വതങ്ങൾ, നദികൾ, തുടങ്ങിയ സകലചരാചരങ്ങളെയും ഈശ്വരന്റെ വരദാനമെന്ന സങ്കൽപത്തിലാണ് ആരാധിച്ചിരുന്നത്. ഉൽകൃഷ്ഠമായ ഗുരുശിഷ്യ സംവാദങ്ങളിലൂടെയും പുരാണ ഇതിഹാസ കഥകളിലൂടെയും എത്ര വൈകാരികമായാണ് വേദകാലഘട്ടം മുതൽ പ്രതിപാദിച്ചിട്ടുള്ളത്. പുരുഷനെയും സ്ത്രീയെയും ഈശ്വര പ്രതിരൂപങ്ങളാക്കി കലയും, സംഗീതവും നൃത്തരൂപങ്ങളും വാദ്യോപകരണങ്ങളും വികസിപ്പിച്ച് നമ്മുടെ ശിൽപ്പ മാതൃകകളിലും വാസ്തുവിദ്യയിലും ആയുർവേദം, ജ്യോതിഷം എന്നിവയെല്ലാം ഈശ്വര വരദാനമായി കണക്കാക്കുന്ന മറ്റേതൊരു ഭൂപ്രദേശവും സംസ്കാരവും ഭാരതത്തിന് പുറമെ ഉണ്ട്?

ഭാരത സംസ്കൃതിയുടെ പൈതൃകവും പാരമ്പര്യവും ഉദ്ഘോഷിക്കാത്ത ഒരു വിദ്യാഭ്യാസവും വ്യവസ്ഥയും പരിപൂർണ്ണമല്ല. അവയുടെ ആഴങ്ങളിലേക്കും വേരുകളിലേയ്ക്കും ആഴ്ന്നിറങ്ങാൻ കഴിയാത്ത ഏതൊരു ശാസ്ത്രപഠനവും വികല- വൈകൃത മനസ്സുകളെ മാത്രമേ സൃഷ്ടിക്കുകയുള്ളൂ. ഭാരതീയ വിദ്യാഭ്യാസത്തിന്റെ അന്തസത്ത തകർക്കപ്പെട്ടത് 13-ാം നൂറ്റാണ്ടിനു ശേഷമുള്ള മുഗൾഭരണവ്യവസ്ഥയും യൂറോപ്യൻ അധിനിവേശങ്ങളും തന്നെയാണ്. ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിക്ക് ശേഷവും ഇത്തരം ബാഹ്യശക്തികളുടെ ദുർഭൂതങ്ങൾ നമ്മുടെ ഭരണാധികാരികളെയും ഭരണവ്യവസ്ഥയെയും വൻതോതിലുള്ള സാമ്പത്തിക സഹായങ്ങളുടെ പ്രലോഭനങ്ങളിൽ കുരുക്കി, വിദ്യാഭ്യാസ മാർഗങ്ങളിലൂടെ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ നിയന്ത്രിച്ചു വരുന്നുണ്ട്. ആത്മചൈതന്യത്തിന്റെ അടിത്തറക്കുപകരം മൂല്യഭംശം സംഭവിച്ച അരാജകമനസുകളുള്ള തലമുറകൾ സൃഷ്ടിക്കപ്പെടുന്നതിന്റെ കാരണങ്ങളും മറ്റൊന്നല്ല. പരിപാവനമായ സ്വദേശിഇസങ്ങളെ അവഗണിച്ച് വൈദേശിക ഇസങ്ങളും, വിശ്വാസങ്ങളും, സാമ്പത്തിക സാമൂഹ്യ പ്രലോഭനങ്ങളിലൂടെ സ്വാംശീകരിക്കാൻ വെമ്പൽ കൊണ്ടതും നമ്മുടെ സാംസ്കാരിക അപചയത്തിന് കാരണമായിട്ടുണ്ട്.

## നൂതന അധ്യാപന സമീപനത്തിലെ വെല്ലുവിളികൾ

മാറുന്ന സാമൂഹ്യ ക്രമങ്ങളും, തൊഴിൽ സങ്കൽപ്പത്തിൽ വന്ന സമൂല പരിവർത്തനങ്ങളും മൂലം അധ്യാപനം ഒരു ജീവനോപാധിയായി പരിഗണിക്കുമ്പോൾ ബോധന സമീപങ്ങളിലും ഗുരുശിഷ്യബന്ധങ്ങളിലും കാര്യമായ ഉലച്ചിൽ സംഭവിച്ചിട്ടുണ്ട്. സമർപ്പണ മനോഭാവത്തോടെയും അർപ്പണഭാവത്തിലും അധ്യയനമെന്ന ജീവിത ദൗത്യം ഏറ്റെടുക്കാൻ കഴിയാതിരുന്നാൽ നമുക്കൊരിക്കലും ഒരു നല്ല വിദ്യാഭ്യാസ വ്യവസ്ഥ കെട്ടിപ്പെടുക്കാൻ കഴിയുകയില്ലെന്ന ഡോ. രാധാകൃഷ്ണന്റെ അഭിപ്രായത്തിന് ഇന്നും ഏറെ പ്രസക്തിയുണ്ട്. രാജ്യത്തിന്റെ ഏറ്റവും മികച്ച മനസ്സുകളായിരിക്കണം അധ്യാപകരെന്നതും അദ്ദേഹത്തിന്റെ സങ്കൽപ്പമാണ്. ലാളിത്യത്തിലൂന്നിയ പെരുമാറ്റവും ഉൽകൃഷ്ട

മായ അഭിലാഷങ്ങളും വച്ച് പുലർത്തുന്ന അറിവിന്റെ ദീപനാളം എന്നും മനസ്സിൽ നിന്നു പ്രോജ്ജ്വലിക്കുന്നവരാകണം എല്ലാ അധ്യാപകരും. ശിഷ്യഗണങ്ങളെ ഭീഷണിപ്പെടുത്തിയും മുൾമുനയിൽ നിർത്തിയും കുറ്റവിചാരണയിലേർപ്പെട്ടും, ന്യൂനതകൾ മാത്രം ദർശിച്ചും ആജ്ഞാശക്തിയിലൂടെ ആർജ്ജിക്കേണ്ടതല്ല ആദരബഹുമാനങ്ങൾ. അവ സ്വയമേവ ആർജ്ജിക്കേണ്ടതാണ്. വാക്കുകൾ പരാജയപ്പെടുമ്പോഴാണ് അധ്യാപകർക്ക് ചൂരലെടുക്കേണ്ട ഗതികേടുണ്ടാകുന്നത്. കലാലയനാളുകളിൽ പഠിച്ച അറിവുകളിൽ മാത്രം മനസ്സ് തളം കെട്ടിനിർത്താതെ തെളിനീരുറവയിൽ നിന്നുള്ള ശുദ്ധജല പ്രവാഹമായി അറിവ് പ്രവർത്തിച്ചിരിക്കേണ്ടതാണ്. സങ്കുചിത മനസ്സുകൾ വെടിഞ്ഞ് വിശാലഹൃദയരും കഠിനാദ്ധ്വാനശീലരും നവീന ആശയങ്ങൾ രൂപകൽപ്പന നൽകാൻ പ്രാപ്തിയുള്ളവർക്കു മാത്രമെ വിദ്യാർത്ഥീ മനസ്സുകളിലും സമൂഹത്തിലും വ്യക്തിമുദ്ര പതിപ്പിക്കാൻ കഴിയുകയുള്ളൂ.

യാതൊരു പ്രചോദനവും ഉൾകൊള്ളാതെ പാഠബോധന സമീപങ്ങളെക്കുറിച്ച് വ്യക്തമായ കാഴ്ചപാടില്ലാതെ വിദ്യാർത്ഥി മനസ്സുകളിൽ നിന്ന് ആത്മസത്തയിലൂന്നിയ സ്വീകാര്യത ലഭിക്കാതെ വെറും ഒരു നോക്കുകുത്തിയായി അധ്യാപകർ മാറുമ്പോഴാണ് അധ്യാപക-വിദ്യാർത്ഥി ബന്ധങ്ങളിലെ സങ്കീർണതകൾ സൃഷ്ടിക്കപ്പെടുന്നുണ്ട്.

ഉദ്ദേശലക്ഷ്യങ്ങളെക്കുറിച്ച് ഉൾകാഴ്ചയിലൂന്നിയ വിശാലമായ ഗ്രാഹ്യമോ വേറിട്ട പഠന-ബോധന ശൈലിയോ കർമ്മ മണ്ഡലത്തിനോടുള്ള പ്രതിബദ്ധതയോ വിദ്യാർത്ഥികളുടെ കൗതുക ജിജ്ഞാസാഭാവങ്ങൾ പ്രോജ്വലിപ്പിക്കാനോ കഴിയാതെ വരുമ്പോഴാണ് അധ്യാപനത്തിലെ അഭിനിവേശം നഷ്ടപ്പെടുന്നത്.

കുട്ടികളുടെ സർവ്വതോൻമുഖമായ വ്യക്തിത്വ വികസനത്തിൽ അധ്യാപകരുടെ പങ്ക് നിസ്തുലമാണെന്ന യാഥാർത്ഥ്യം സ്ഥിരം പല്ലവി മാത്രമാകരുത്. നല്ല സ്വഭാവങ്ങളും, മനോഭാവങ്ങളും വീക്ഷണഗതിയും വികസിപ്പിക്കാൻ ആവശ്യമായ സാഹചര്യം ഒരുക്കുന്നതിലൂടെ മാത്രമാണ് സ്വയം ബോധം വളർന്നുവരുന്നത്. ഏതൊക്കെ ശാസ്ത്ര- സാങ്കേതിക വിഷയങ്ങൾ പഠിപ്പിക്കുമ്പോഴും അർത്ഥവത്തായ ധാർമ്മിക നിർദേശങ്ങൾ നൽകുന്നതിലേക്കും ഭാവനാവിലാസം സൃഷ്ടിക്കുന്നതിലും നമ്മുടെ അധ്യാപനരീതി മാറേണ്ടിയിരിക്കുന്നു. തിരുത്തലുകൾക്കും സ്വഭാവവീക്ഷണ രൂപകൽപ്പനയിലും മനസ്സിനെ മുറിപ്പെടുത്തുന്ന ശിക്ഷാവിധികൾ ഒരിക്കലും ഒരു നല്ല മാർഗ്ഗമല്ല. അത് കുട്ടികളിൽ കൂടുതൽ പ്രതികാര ദാഹവും കൂടുതൽ മാനസിക അകൽച്ചയും മാത്രമെ സൃഷ്ടിക്കുകയുള്ളൂ. സ്വയം പ്രചോദിതരാകുമ്പോൾ മാത്രമെ നമുക്ക് വിദ്യാർത്ഥികളെയും പ്രചോദിതരാകാൻ കഴിയുകയുള്ളൂ.

ഒരു വിദ്യാർത്ഥിക്ക് അധ്യാപകരിൽ നിന്ന് ലഭിക്കേണ്ട നല്ല പെരുമാറ്റങ്ങൾ കഴിഞ്ഞാൽ പിന്നെ നൽകുവാൻ കഴിയുന്ന ഏറ്റവും നല്ല സമ്മാനം നല്ല ഓർമ്മകളാണെന്ന സിഡ്നി ഹാരിസിന്റെ ഓർമ്മപ്പെടുത്തൽ എത്ര പ്രസക്തം. ഫലപ്രദവും ചലനാത്മകവുമായ സമീപനരീതികളിലൂടെ കുട്ടികളുടെ മനസ്സിൽ നല്ല മധുരിക്കുന്ന സ്മരണകൾ നിലനിർത്താൻ കഴിയണം. അധ്യാപകരുടെ സൗഹാർദ്ദ പൂർണ്ണ സമീപനങ്ങൾ, സ്വയം പ്രാചോതിത അധ്യാപനരീതി, കോരിചൊരിയുന്ന പ്രോത്സാഹനം, വിവിധ സന്ദർഭങ്ങളിൽ നൽകുന്ന ധാർമ്മിക പിന്തുണ, വിദ്യാഭ്യാസ മാതൃകകളോടുള്ള താൽപര്യം എന്നിവ കുട്ടികളുടെ മനസ്സിൽ മധുരിപ്പിക്കുന്ന ഓർമ്മകൾ സൃഷ്ടിക്കുന്നതാണ്.

വിദ്യാർത്ഥി മനസ്സുകളിൽ 'ഗുരു' വായി അധ്യാപകർക്കു സ്ഥാനം ലഭിച്ചാൽ സ്വജീവിതം കൊണ്ട് പ്രചോദിപ്പിക്കാൻ കഴിയുന്നതാണ്. വിജ്ഞാനത്തിന്റെ ദീപനാളം തെളിയിക്കുകയും സ്നേഹവാത്സല്യത്തോടെയുള്ള ക്ഷേമാന്വേഷണങ്ങളും നടത്തിയെങ്കിൽ മാത്രമെ അധ്യാപകന് സാക്ഷാത്കാരം ലഭിക്കുകയുള്ളു എന്ന് ഡോ. അബ്ദുൾകലാം പറഞ്ഞിട്ടുണ്ട്.

പുതുതലമുറയുടെ സാമൂഹിക അപചയത്തിന്റെ കാരണക്കാർ ബോധനാവിഷയത്തിലും അധ്യാപന സമീപനത്തിലും വന്ന വ്യതിചലനങ്ങൾ തന്നെയാണ്. ആത്മാർപ്പണമുള്ള മികച്ച ഗുരുക്കൻമാരിലൂടെ മാത്രമെ മികച്ച വിദ്യാർത്ഥികളെയും സമൂഹത്തെയും സൃഷ്ടിക്കാൻ കഴിയുകയുള്ളൂ.

"യഥോ രാജ തഥാ പ്രജ" എന്ന ആപ്തവാക്യം കലാലയത്തിനകത്തും പ്രസക്തകമാണ്. കലാലയ മേധാവികളുടെ പ്രസരിപ്പും, പ്രസരിപ്പില്ലായ്മയും, ശിക്ഷണ മനോഭാവവും സ്കൂൾ സിസ്റ്റത്തെ മൊത്തം സ്വാധീനിക്കുന്നതാണ്. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സംതൃപ്തിയും സന്തുഷ്ടിയും പ്രവർത്തനോർജ്ജവും നൽകുന്നതിൽ സ്ഥാപനമേലധികാരികളുടെ പങ്ക് പ്രധാനമാണ്. അതേപോലെ തന്നെ അധ്യാപകരിൽ നിന്ന് വിദ്യാർത്ഥികൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നതും ഇതൊക്കെതന്നെയാണ്.

### നമുക്ക് ആവശ്യം ഏത്തരം പാഠ്യക്രമം

വിദ്യാഭ്യാസ പരിഷ്കാരങ്ങളിലെ ഭാരതീയ മൂല്യാധിഷ്ഠിത-സൗന്ദര്യാത്മക-സാംസ്കാരിക പൈതൃക പാരമ്പര്യം തള്ളിക്കളഞ്ഞ് വൈദേശിക-വിമർശനാത്മക- സമകാലീന വിദ്യാഭ്യാസ സങ്കൽപങ്ങൾ ഹിഡൻ അജണ്ടകളിലൂടെ അടിച്ചേൽപ്പിച്ചതാണ് കേരളത്തിൽ ഇന്നു കാണുന്ന വിദ്യാഭ്യാസ അപചയങ്ങൾക്ക് അടിസ്ഥാനകാരണം. തത്വജ്ഞാനങ്ങളിലൂന്നിയ ദേശീയ കാഴ്ചപ്പാടും, തത്വാധിഷ്ഠിത സമീപനങ്ങളും മൂല്യബോധ ചിന്തകളും പ്രതിഫലിക്കുന്ന പാഠ്യപദ്ധതിയും പാഠ്യക്രമവും ഗവേഷണ പാടവത്തിലൂടെ എല്ലാ വിഷയങ്ങളിലൂടെയും ആവിഷ്കരിച്ചെങ്കിൽ മാത്രമെ ഇന്നുള്ള മൂല്യഭ്രംശ അപചയത്തിൽ നിന്ന് നമ്മുടെ ഭാവിതലമുറകൾക്ക് മോചനമുള്ളു. അത്തരം ഉൽകൃഷ്ട വീക്ഷണമുള്ള വിദ്യാഭ്യാസ വിചക്ഷണൻമാരുടെ കൈകളിലാണ് നമ്മുടെ വിദ്യാഭ്യാസവകുപ്പും, പാഠപുസ്തക പരിഷ്കരണങ്ങളും അധ്യാപനരീതികളും എത്തിച്ചേരേണ്ടത്.

ജ്ഞാനഭൂവായ ഭാരതത്തിന്റെ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള ഉൽകൃഷ്ട സാംസ്കാരിക പൈതൃകം പ്രതിഫലിക്കാത്ത ഒരു വിദ്യാഭ്യാസ പരിഷ്കാരങ്ങളും യഥാർത്ഥ പരിഷ്കാരങ്ങളല്ല. നമ്മുടെ സമൂഹത്തിൽ ചേക്കേറിയ ദുഷിച്ച പ്രവണതകളായ കമ്മ്യൂണിസ്റ്റ്വൽക്കരണം, കാവിവൽക്കരണം, ക്രിസ്ത്യൻ-മുസ്ലീംവൽക്കരണം എന്നീ ചിന്താഗതികൾ മാറി മൂല്യബോധത്തിലധിഷ്ഠിതമായ ഭാരതവൽക്കരണമെന്ന തത്വസംഹിത സ്കൂൾപാഠ്യപദ്ധതിയിൽ പ്രാവർത്തികമാക്കിയെങ്കിൽ മാത്രമെ ഇന്നത്തെ ദുഷിച്ച സാമൂഹ്യവിപത്തുകളിൽ നിന്ന് നമ്മുടെ ഭാവിതലമുറയെ രക്ഷിച്ചെടുക്കാൻ കഴിയുകയുള്ളു. അതിന് ഇച്ഛാശക്തിയുള്ള ദേശീയകാഴ്ചപാടിലൂന്നിയ ഭരണകൂടവീക്ഷണവും പ്രാവർത്തിക ചടുലതയുമാണ് നമുക്ക് ഇന്ന് ആവശ്യം.

*********

# പാലക്കാട് ജില്ലയിലെ പുരാവസ്തു കണ്ടെത്തലുകൾ 2005-2006

വി. സനൽകുമാർ
Geoheritage and Archaeological Research Centre
Kollengode
Palakkad Dt.
Kerala, India
v.sanalkumar@gmail.com

## മുഖവുര

പ്രാചീന ചരിത്രപഠനത്തിന് കനപ്പെട്ട സംഭാവനയേകുന്ന മൺ മറഞ്ഞു കിടക്കുന്ന നിരവധി ചരിത്ര സ്മാരകങ്ങൾ പാലക്കാട് ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിട്ടുണ്ട്. പ്രാചീന ചരിത്രത്തിൽ നിന്നിങ്ങോട്ട് നിരവധി പടയോട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള ഈ പ്രാചീന വിഭാരഭൂവിലെ ഓരോ പ്രദേശത്തും പൂർവ്വ സംസ്കാരത്തിന്റെ പുനഃർജ്ജനിമന്ത്രം അടങ്ങിയിട്ടുണ്ട്. മൺമറഞ്ഞു കിടക്കുന്ന ഇവിടത്തെ പ്രാചീന ചരിത്രത്തിന്റെ പുനഃർജ്ജനിക്കായി ചരിത്രഗവേഷകരുടെ ശ്രദ്ധ ഇനിയും വേണ്ടത്ര പതിഞ്ഞിട്ടില്ല.

## മഹാശിലായുഗസ്മാരകങ്ങൾ

പാലക്കാട് ടൗണിൽ നിന്ന് 24 കി.മി. തെക്ക് തെന്മല താഴ്വരയിൽ ഗായത്രി പുഴയുടെ പോഷക നദികളായ പലകപ്പാണ്ടി, സീതാറുകുണ്ട് അരുവികൾക്കിടക്കും ഗായത്രി പുഴക്കു സമാന്തരവുമായാണ് മഹാശിലായുഗ സ്മാരകങ്ങൾ കണ്ടെത്തിയിട്ടുള്ളത്. കൊല്ലങ്കോട്, മുതലമട, എലവഞ്ചേരി പഞ്ചായത്തുകളിലായി ഇവ വിന്യസിച്ചു കിടക്കുന്നു.

1. പറയൻ പള്ളം

   കൊല്ലങ്കോട്നിന്ന് 5 കി.മി. തെക്കുകിഴക്കുമാറി തെന്മല താഴ്വരയിൽ മുതലമട പഞ്ചായത്തിലെ പറയൻ പള്ളത്ത് പലകപ്പാണ്ടി പുഴയുടെ വടക്കേതീരത്ത് ഏകദേശം പത്തോളം സ്ലാബ് സിസ്റ്റുകൾ കണ്ടെത്തി. ഇതിൽ രണ്ടെണ്ണം ജനങ്ങൾ കൗതുകത്തിന് തുറന്ന നിലയിലാണ് ഉള്ളത്.

2. പേഴൻ പൊറ്റ പുറൈ

   പറയൻ പള്ളത്തുനിന്ന് ഒരു കി.മീ. തെക്ക് പടിഞ്ഞാറായി പലകപ്പാണ്ടി പുഴയുടെ വടക്കുഭാഗത്ത് മുതലമട പഞ്ചായത്തിൽ പേഴൻപൊറ്റപുറൈ സ്ഥിതി ചെയ്യുന്നു. ഒരു കിലോമീറ്റർ കിഴക്കുപടിഞ്ഞാറായി നീണ്ടു കിടക്കുന്ന പേഴംപൊറ്റ പുറയുടെ വടക്കുപടിഞ്ഞാറ് ഭാഗത്തു നിന്ന് ഇരുപത്തിയഞ്ചിലധികം സ്ലാബ് സിസ്റ്റുകൾ കണ്ടെത്തി. തൊട്ടടുത്ത് താമസിക്കുന്ന ആദിവാസിയായ കാളിയുടെ വീടിന്റെ പരിസരത്തു നിന്നും 2 സ്ലാബ് സിസ്റ്റ്, 2 ബേബി സിസ്റ്റ്, നന്നങ്ങാടികൾ (Urn burials) എന്നിവ കണ്ടെത്തി. വീടു നിർമ്മാണവേളയിൽ ചില കല്ലറകൾ നശിപ്പിക്കപ്പെട്ടതായി പറഞ്ഞു. സ്ലാബ് സിസ്റ്റിന്റെയും ക്യാപ് സ്റ്റോണിന്റെയും മാതൃകയിലുള്ള വെട്ടിയെടുത്ത കല്ലുകളുടെ ശേഖരണവും അവിടെയുണ്ട്.

3. തേക്കിൻ ചിറപ്പുറൈ

   പേഴ്ൻ പൊറ്റ പുറൈയിൽ നിന്ന് അര കിലോമീറ്റർ വടക്കുമാറി കൊല്ലങ്കോട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തേക്കിൻ ചിറപുറൈയിൽ (hillock)പത്തോളം സ്ലാബ് സിസ്റ്റുകളും ഇത്തരം കല്ലറകൾക്കാവശ്യമായ ദീർഘചതുരാകൃതിയിലും വൃത്താകൃതിയിലുമുള്ള കരികൽ സ്ലാബുകളും കണ്ടെത്തി. സമീപത്തെ വയനാടൻ വാസുവിന്റെ വീടിന്റെ പരിസരത്തു നിന്ന് മുൻപ് കണ്ടെത്തിയ കല്ലറകൾക്കു പുറമേ നന്നങ്ങാടികളുടെ (Urn Burials) സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടു. കാർണീലിയൻ മുത്തുമണിയും കിട്ടി.

4. ചിങ്ങൻചിറ

   തേക്കിൻചിറ പുറൈക്ക് ഒരു കിലോമീറ്റർ തെക്കായി സ്ഥിതി ചെയ്യുന്ന ചിങ്ങൻചിറയിൽ പലകപ്പാണ്ടി പുഴയുടെ പടിഞ്ഞാറ് ഭാഗത്ത് പ്രാചീന ദ്രാവിഡ ആരാധനകേന്ദ്രമായ പേരാലുകൾ ഉള്ള കറുപ്പസ്വാമി കോവിലിന്

വടക്കായി 10ഓളം സ്ലാബ് സിസ്റ്റുകളും നന്നങ്ങാടികളും കണ്ടെത്തി. 50 മീറ്റർ അകലെ പൂകയത്ത് ലക്ഷ്മണന്റെ കൃഷിയിടത്ത് 10 ഓളം കല്ലറകൾ ഉണ്ട്. ഇവിടത്തെ കല്ലറകളൾ കാർഷിക ഗാർഹിക ആവശ്യങ്ങൾക്കിടെ നശിച്ചുപോയിട്ടുണ്ട്.

5. **കൊല്ലംചള്ള**

തെക്കിൻചിറയിൽ നിന്ന് ഒരു കിലോമീറ്റർ പടിഞ്ഞാറ് കൊല്ലങ്കോട് പഞ്ചായത്തിൽ സീതാറു കുണ്ട് വെള്ളച്ചാട്ടത്തിന് വടക്കായി വ്യാപാരിചള്ളക്കു സമീപമുള്ള കൊല്ലംചള്ളയിലെ കുന്നിൻ മുകളിൽ നിന്ന് ഒരു തകർന്ന സ്ലാബ് സിസ്റ്റും മറ്റൊരു ഡോൾമനോയ്ഡ് സിസ്റ്റും കണ്ടെത്തി.

6. **വേങ്ങപ്പാറ**

കൊല്ലംചള്ളയ്ക്ക് 300 മീറ്റർ തെക്കായി നീണ്ടുകിടക്കുന്ന കുന്നിൻ മുകളിൽ അഞ്ചോളം സ്ലാബ് സിസ്റ്റുകൾ കാണപ്പെട്ടു.

7. **അരയകുളം**

തെക്കിൻ ചിറപുറയിൽ നിന്ന് ഒരു കിലോമീറ്റർ പടിഞ്ഞാറ് കൊല്ലങ്കോട് പഞ്ചായത്തിൽ കുശവൻകോട് പുറക്കു സമീപമുള്ള അരയകുളത്ത് അഞ്ചോളം സ്ലാബ് സിസ്റ്റുകൾ കണ്ടെത്തി. കാർഷിക ആവശ്യങ്ങൾക്കായി ഇവിടത്തെ സ്ലാബ് സിസ്റ്റ് കോംപ്ലക്സ് തകർത്തിട്ടുണ്ട്.

8. **മാക്കണാംകുറിശ്ശി**

അരയകുളത്തു നിന്ന് കമ്പൻകോടുവഴി ഒരു കിലോമീറ്റർ പടിഞ്ഞാറുമാറി കൊല്ലങ്കോട് പഞ്ചായത്തിൽ തകർന്നടിഞ്ഞ ശിവക്ഷേത്ര പരിസരത്തുനിന്ന് നന്നങ്ങാടികൾ ലഭിച്ചിരുന്നു.

9. **പനകാവ്**

അരയകുളത്തു നിന്ന് മൂന്നു കിലോമീറ്റർ വടക്ക്കിഴക്കുമാറി കൊല്ലങ്കോട് പഞ്ചായത്തിൽ കോട്ടമ്പലത്തിനു സമീപമുള്ള പനകാവിൽ തിരുനാക്കുറിശ്ശി ശിവക്ഷേത്രത്തിന്റെ തെക്കായി രണ്ടു സ്ലാബ്സിസ്റ്റുകൾ കണ്ടെത്തി. ടെറാക്കോട്ടാശിൽപങ്ങളും ഇവിടെ നിന്ന് ലഭിച്ചിട്ടുണ്ട്.

10. **പുളിമനം**

മാക്കണാംകുറിശ്ശിയിൽ നിന്ന് 2 കി. മി കിഴക്കുമാറി കൊല്ലങ്കോട് പഞ്ചായത്തിലെ പയ്യലൂരിൽ മണ്ണാൻ വിഭാഗക്കാർ തോറ്റം പാട്ടുനടത്തി കർണ്ണകി ആരാധന നടത്തുന്ന പുളിമനത്ത് ഒരു നടുക്കൽ (Menhir) നാട്ടിയിട്ടുണ്ട്.

11. **അഗസ്ത്യഗിരി (മൂക്കരശൻകുന്ന്)**

പുളിമനത്ത് നിന്ന് അര കിലോമീറ്റർ പടിഞ്ഞാറ് കൊല്ലങ്കോട് പഞ്ചായത്തിൽ മൂക്കരശൻ കുന്നിൽ 5 ഓളം കല്ലറകളും മൺകുട കലശങ്ങളും ഉണ്ട്. വീടു നിർമ്മാണത്തിനിടെ ധാരാളം കല്ലറകൾ തകർക്കപ്പെട്ടിരുന്നെന്ന് സ്ഥലയുടമകൾ സൂചിപ്പിച്ചു.

12. **കാച്ചാംകുറിശ്ശി**

അഗസ്ത്യഗിരിയിൽ നിന്ന് ഒരു കലോമീറ്റർ തെക്കുമാറി പയ്യല്ലൂർ കാച്ചാംകുറിശ്ശി ക്ഷേത്രത്തിന്റെ തെക്കുമാറി ഇക്ഷുമതി നദിയുടെ തീരത്തും വാകോൽ പാറയിലുമായി പത്തോളം സ്ലാബുസിസ്റ്റുകൾ കണ്ടെത്തി. മൺകുട കലശങ്ങൾ സഹിതം പല കല്ലറകളും റോഡു നിർമ്മാണത്തിനും കൃഷിക്കുമിടയിൽ തകർക്കപ്പെട്ടതായി പരിസരവാസികൾ സൂചിപ്പിച്ചു.

13. **ചാത്തൻപാറ**

കാച്ചാംകുറിശ്ശി ക്ഷേത്രത്തിൽ നിന്ന് 3 കി. മി വടക്കുമാറി കൊല്ലങ്കോട് പഞ്ചായത്തിൽ പെരുമാൾമലയുടെ കീഴിൽ ഗോവിന്ദ തീർത്ഥം അരുവിക്കു സമീപമായി സ്ഥിതിചെയ്യുന്ന ചാത്തൻപാറയിൽ ഏകദേശം ആറോളം സ്ലാബുസിസ്റ്റുകൾ കണ്ടെത്തി. ഇവിടെ കൃഷിയിറക്കുമ്പോൾ ചില സ്ലാബുസിസ്റ്റുകൾ തകർന്ന് കാർണീലിയൻ മുത്തുമണികളും കൈവളകളും ലഭിച്ചതായി പരിസരവാസികൾ സൂചിപ്പിച്ചിട്ടുണ്ട്. ചാത്തൻപാറയിൽ നിന്ന് ഗോവിന്ദ മലകയറുമ്പോൾ 5 ഓളം സ്ലാബുസിസ്റ്റുകൾ കണ്ടിരുന്നു.

14. **ഇളംപിലാവ്, കൊടുവാൾ പാറ**

ഗോവിന്ദ മലയ്ക്ക് 2 കി.മി കിഴക്ക് കൊങ്ങാളർമലക്ക് താഴെ എലവഞ്ചേരി പഞ്ചായത്തിൽ ഇക്ഷുമതി നദിക്ക് തെക്ക് പടിഞ്ഞാറായി കൊടുവാൾപാറയും ഇളംപിലാവും സ്ഥിതി ചെയ്യുന്നു. ഇവിടെ ഡോൾമനോയ്ഡ്

സിസ്റ്റ്, 15 ലധികം സ്ലാബുസിസ്റ്റുകൾ, 10 ഓളം ചെറിയ മെൻഹിറുകൾ എന്നിവ ഉണ്ട്. പല സ്ലാബുസിസ്റ്റുകളും ജനങ്ങളുടെ കൗതുകം മൂലം തുറന്ന നിലയിലാണ്.

15. **മാട്ടാമാട്ടി പൊറ്റെയും കൂമൻ മലയും**

**മുക്കരശൻ കുന്നിൽ നിന്ന് 3 കി.മി തെക്ക് പടിഞ്ഞാറ്** മാറി എലവഞ്ചേരി പഞ്ചായത്തിൽ **ഇക്ഷുമതി** നദിയുടെ വടക്കു ഭാഗത്തായി ചിങ്ങംചിറപൊറ്റെ, അരയകുളം കൊശവൻ കോട് പൊറ്റെ, ധർമ്മി പൊറ്റെ എന്നിവക്ക് സമാന്തരമായി മാട്ടാമട്ടി പൊറ്റെയും കൂമൻ മലയും സ്ഥിതിചെയ്യുന്നു.

**ഇവിടെ ഇപ്പോൾ** 35 ഓളം സ്ലാബുസിസ്റ്റുകളും 15 ഓളം ചെറുതും വലുതുമായ **സ്ലാബുസിസ്റ്റുകളും** **മെൻഹിറുകളും ബേബിസിസ്റ്റുകളും കാണപ്പെടുന്നു.** **ഇവിടെ** പല **കല്ലറകളും തുറന്ന നിലയിലും** പല സന്ദർഭങ്ങളിലായി **തകർക്കപ്പെട്ടതുമാണ്.**

## ചരിത്രകാലഘട്ടത്തെ കണ്ടെത്തലുകൾ

പാലക്കാട് **ജില്ലയിലെ** വിവിധ പ്രദേശങ്ങളെ **കേന്ദ്രീകരിച്ച്** നടത്തിയ **ചരിത്രാന്വേഷണത്തിൽ** ടെറാക്കോട്ടാ ശിൽപങ്ങൾ, ശിലാലിഖിതങ്ങൾ, വീരക്കല്ലുകൾ, **കരിങ്കൽ രൂപങ്ങൾ, തകർന്നടിഞ്ഞ** പ്രാചീന **ക്ഷേത്രങ്ങളുടെ** അധിഷ്ഠാനങ്ങൾ **കൽമണ്ഡപ** സ്തൂപ പൊഴികൾ, ശിലാരൂപങ്ങൾ എന്നിവ **കണ്ടെത്തിയിട്ടുണ്ട്.** പാലക്കാട് **ജില്ലയിലെ** ചിറ്റൂർ, പാലക്കാട്, **ആലത്തൂർ** എന്നീ താലൂക്കുകളെ **കേന്ദ്രീകരിച്ചാണ്** പ്രധാനമായും ചരിത്രാന്വേഷണം നടത്തിയത്.

### I. **വീരക്കല്ലുകൾ**, മനുഷ്യ രൂപങ്ങൾ, ടെറാക്കോട്ടാ ശിൽപങ്ങൾ, തകർന്ന ക്ഷേത്രാവശിഷ്ടങ്ങൾ

1. **മുണ്ടിയൻകാവ്**

നെന്മേനി **കോവിലകം** പറമ്പിലെ **മുണ്ടിയൻകാവിന്നകത്ത്** ആയുധമേന്തിയ പടയാളിയുടെ ഒരു വീരക്കല്ല്, മൂന്ന് കരിങ്കല്ല് രൂപങ്ങൾ, **മൃഗങ്ങളുടെ** 100 ഓളം ടെറാക്കോട്ട ശിൽപങ്ങൾ, **25 ഓളം കരിങ്കൽ** പ്രതിമകൾ എന്നിവ ഉണ്ട്. പ്രാചീന ദ്രാവിഡമൃഗാരാധനാ **കേന്ദ്രമായ ഇവിടെ കാളകളുടെ പ്രതിഷ്ഠയാണ് ഉള്ളത്.**

2. **പനകാവ്**

**കൊല്ലങ്കോട്** നെന്മേനി **കോവിലകം** പറമ്പിൽ നിന്ന് മൂന്ന് കിലോമീറ്റർ വടക്ക് മാറി പ്രാചീന വ്യാപാര കേന്ദ്രമെന്ന് കരുതപ്പെടുന്ന **കോട്ടമ്പലത്തിന് സമീപം** ഗായത്രി **പുഴയുടെയും** തിരുനാക്കുറിശ്ശി ശിവക്ഷേത്രത്തിന്റെയും തെക്ക് ഭാഗത്തായി രണ്ട് ഭടന്മാരുടെ **വീരക്കല്ലുകൾ കണ്ടെത്തി. 25 മീറ്റർ അകലെയായി** സ്ത്രീകൾ, പുരുഷന്മാർ, **കുഞ്ഞുങ്ങൾ**, മൃഗങ്ങൾ എന്നിവയുടെ **കളിമൺ 'ശിൽപങ്ങളും കണ്ടെത്തി.**

3. **തറപ്പാടം**

നെന്മേനി **കോവിലകം** പറമ്പിൽ നിന്ന് 300 മീറ്റർ പടിഞ്ഞാറ് തറപ്പാടം ശിവക്ഷേത്രത്തിന് സമീപം ഒരു ലിഖിതത്തോട് **കൂടിയ** മൂന്ന് വീരക്കല്ലുകളും ഒരു സ്ത്രീ രൂപവും, ശിവന്റെ **കരിങ്കൽ** പ്രതിഷ്ഠയും കാണാം.

4. **പേരാട്ടുകാവ്**

**കോവിലകം** പറമ്പ് മുണ്ടിയൻ കാവിൽ നിന്ന് 200 മീറ്റർ വടക്ക് സ്ഥിതി ചെയ്യുന്ന **പേരാട്ടുകാവ്** ഭഗവതി ക്ഷേത്രത്തിന്റെ തെക്ക് പടിഞ്ഞാറ് മൂലയിൽ വിരുത്തിയിലെ മുനീശ്വര പ്രതിഷ്ഠയുടെ ചെറിയ മാതൃകയിലുള്ള മനുഷ്യന്റെ **കരിങ്കൽ** ശിൽപം **കണ്ടെത്തി.**

5. **മാക്കണാംകുറിശ്ശി**

തറപ്പാടത്തു നിന്ന് ഒരു **കിലോമീറ്റർ തെക്ക് തകർന്നടിഞ്ഞ കരിങ്കൽ** നിർമ്മിത **ശിവക്ഷേത്രത്തിന്** സമീപത്ത് നിന്ന് **ആയുധമേന്തിയ പടയാളിയുടെ വീരക്കല്ല് കണ്ടെത്തി.**

6. **കൊടുവായൂർ**

**കൊല്ലങ്കോടു** നിന്ന് 12 **കി.മീ.** വടക്ക് **പടിഞ്ഞാറ്** മാറി കൊടുവായൂരിൽ നിന്ന് **ഉപേക്ഷിക്കപ്പെട്ട** നിലയിലുള്ള പുരുഷന്റെയും സ്ത്രീയുടെയും രൂപം കൊത്തിവച്ചിട്ടുള്ള ഒരുസതിക്കല്ലും ഭക്തന്റെ ചെറിയ **കൽപ്രതിമയും** കണ്ടെത്തി. കൊടുവായൂർ മന്നത്ത് ഭഗവതിക്കാവിന് മുമ്പിൽ കരിങ്കൽ ചിത്രപ്പണികളോട് **കൂടിയ ദീപസ്തംഭവും** ഒരു മുതലയുടെ രൂപം കൊത്തി വച്ച **നിലയിൽ ഒരു കരിങ്കൽ തൂണും ഉണ്ട്.**

7. **ചിറ്റൂർ പഴയകാവ്**

ചതുരാകൃതിയിലുള്ള ചിറ്റൂർ പഴയകാവ് ദേവീക്ഷേത്രത്തിന്റെ കിഴക്ക് ഭാഗത്ത്, കരിങ്കല്ലിൽ തീർത്ത 5 ഓളം മനുഷ്യ രൂപങ്ങളും, വീരക്കല്ലുകളും, മൃഗങ്ങളുടെ കളിമൺ ശിൽപങ്ങൾ, ദീപസ്തംഭങ്ങൾ 50 ലധികം നാഗങ്ങൾ എന്നിവയും കാണാവുന്നതാണ്.

8. നെടുംപുറ:

ചിറ്റൂർ കാവിൽ നിന്ന് അരക്കിലോമീറ്റർ വടക്ക് പടിഞ്ഞാറ് മാറി പനയൂരിൽ സ്ഥിതി ചെയ്യുന്ന നെടുംപുറയിൽ നിന്ന് രണ്ട് വീരക്കല്ലുകൾ കണ്ടെത്തി.

9. ചിറവട്ടം ശിവ്ക്ഷേത്രം:

പൊൽപ്പുള്ളി പഞ്ചായത്തിൽ നെടുംപുറയ്ക്ക് സമീപം പനയൂർ, അത്തിക്കോട് എന്നിവിടങ്ങളിൽ നിന്ന് രണ്ട് കിലോമീറ്റർ കിഴക്ക് മാറി ചതുരാകൃതിയിൽ തകർന്ന നിലയിൽ കാണപ്പെടുന്ന ശിവക്ഷേത്രത്തിനകത്തു നിന്ന് ഒരു വീരക്കല്ല്, ബ്രഹ്മാവ്, വിഷ്ണു, തുടങ്ങിയ ദേവന്മാരുടെ നാല് കരികൽ വിഗ്രഹങ്ങൾ, പാതി തകർന്ന കൂറ്റൻ ശിവലിംഗംഎന്നിവ കണ്ടെത്തി. ചിറവട്ടം ശിവക്ഷേത്രത്തിന് അരക്കിലോമീറ്റർ പടിഞ്ഞാറ് പനയൂരിന് സമീപം കൊള്ളിപ്പറമ്പിൽ വൃത്താകൃതിയിൽ പണിതിട്ടുള്ള പഴക്കം ചെന്ന ശിവക്ഷേത്രത്തിന് വടക്ക് കിഴക്ക് മൂലയിൽ നിന്ന് കണ്ടെടുത്ത കരികൽ മനുഷ്യരൂപ പ്രതിഷ്ഠ ബ്രഹ്മരക്ഷസ്സിന്റെ ആണെന്ന് പറയപ്പെടുന്നു.

10. ചിങ്ങൻചിറ:

തെന്മല താഴ്വരയിൽ പ്രാചീന ദ്രാവിഡ ആരാധനാ സവിശേഷതകളുള്ള പേരാലുകൾ നിറഞ്ഞ ചിങ്ങൻചിറയിൽ കറുപ്പസ്വാമി എന്ന് പറയപ്പെടുന്ന കരികൽ പ്രതിഷ്ഠയ്ക്ക് താഴെ ഒരു സ്ത്രീ രൂപത്തിന്റെ പ്രതിഷ്ഠ കണ്ടെത്തി. ടെറാക്കോട്ടാ ശിൽപങ്ങളും ഇവിടെയുണ്ട്.

11. വീഴുമല:

കൊല്ലങ്കോടു നിന്ന് 12 കിലോമീറ്റർ പടിഞ്ഞാറ് ആലത്തൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന വീഴുമലയിൽ ചെറിയ ഗുഹയുടെ സാന്നിദ്ധ്യത്തിന് പുറമെ, കാളകളുടെയും മറ്റും ടെറാക്കോട്ടാ ശിൽപങ്ങൾ വലിയ തോതിൽ തകർക്കപ്പെട്ടു കിടക്കുന്നതു കാണാം.

12. പാലക്കോട്:

നെന്മേനി കോവിലകം പറമ്പിൽ നിന്ന് രണ്ട് കിലോമീറ്റർ കിഴക്ക് സ്ഥിതി ചെയ്യുന്ന പാലക്കോട് വിഗ്രഹം മാറ്റപ്പെട്ട നിലയിൽ വൃത്താകൃതിയിലുള്ള ശിവക്ഷേത്രവും, പേച്ചിയമ്മാളിനു വേണ്ടി (പേയമ്മാൾ) ഒരു അമ്പലവുമുണ്ട്. തമിഴ് പണ്ഡിതന്മാരായ നായനാർമാർക്ക് ബലിയൂട്ട് നടക്കുന്ന ഇവിടെ സഞ്ചാരഭക്തരായ സന്യാസിമാർ ഉപയോഗിക്കുന്ന ചപ്പാംകട്ട കൈയ്യിലേന്തിയ ഒരു സന്യാസിയുടെ പ്രതിഷ്ഠയും ഒരു സ്ത്രീയുടെയും പുരുഷന്റെയും മറ്റു രണ്ട് കരികൽ പ്രതിഷ്ഠകളും കാണാം.

13. ഇടുക്കാവ് ഭഗവതിക്ഷേത്രം,മൂലങ്കോട്:

വടക്കഞ്ചേരിയിൽ നിന്ന് മൂന്ന് കിലോമീറ്റർ തെക്ക് മൂലങ്കോടിൽ രണ്ട് വീരക്കല്ലുകളും' പ്രാചീന ക്ഷേത്രാവശിഷ്ടങ്ങളും കണ്ടെത്തി.

14. കരിമ്പോട്:

കരിമ്പോട് നിന്ന് മൂന്ന് കിലോമീറ്റർ പടിഞ്ഞാറ് പല്ലശ്ശന പഞ്ചായത്തിൽ തകർന്നടിഞ്ഞ വട്ടശ്രീകോവിൽ, സോപാനം, ദേവിയുടെ ഉടലും, തലയും ഉൾക്കൊള്ളുന്ന വിഗ്രഹം എന്നിവ കാണാം. ചാത്തൻകോവിലമ്മ എന്ന പേരിൽ ഇവിടം അറിയപ്പെടുന്നു. കരിമ്പോട് നിന്ന് അരക്കിലോമീറ്റർ കിഴക്ക് മാറി പതിനാല് വരികളിലുള്ള വട്ടെഴുത്തിലുള്ള ശിലാലിഖിത ഫലകം കാണാം.

15. വടവന്നൂർ:

വടവന്നൂരിൽ നിന്ന് രണ്ട്കിലോമീറ്റർ പടിഞ്ഞാറ് നവക്കോടിൽ തകർന്ന ക്ഷേത്രാവശിഷ്ടങ്ങൾ വീരക്കല്ല്, ജൈനമതവുമായി ബന്ധപ്പെട്ട പ്രതിഷ്ഠകൾ എന്നിവയും കണ്ടെത്തി.

16. നല്ലേപ്പിള്ളി:

ചിറ്റൂരിൽ നിന്ന് പന്ത്രണ്ട് കിലോമീറ്റർ കിഴക്ക് നല്ലേപ്പിള്ളിയിൽ 3 വീരക്കല്ലുകൾ, സന്യാസിമാരുടെ കരികൽ പ്രതിഷ്ഠകൾ എന്നിവ കാണാം

II **തകർന്നും ഉപേക്ഷിക്കപ്പെട്ടും കിടക്കുന്ന മറ്റ് ക്ഷേത്രാവശിഷ്ടങ്ങൾ**

1. ഹരിഹരക്ഷേത്രം, ആണ്ടിത്തറ

1. പയ്യലൂർ കാച്ചാം കുറിശ്ശിക്ഷേത്രത്തിൽ നിന്ന് 3 കിലോമീറ്റർ പടിഞ്ഞാറുമാറി എലവഞ്ചേരി പഞ്ചായത്തിൽ വള്ളുവക്കുണ്ടിനടുത്ത് ആണ്ടിത്തറയിൽ തകർന്നടിഞ്ഞ് കിടക്കുന്ന വൃത്താകൃതിയിലും ചതുരാകൃതിയിലുമുള്ള ക്ഷേത്രങ്ങളുടെ അധിഷ്ഠാനങ്ങൾ, സോപാനങ്ങൾ മറ്റ് ക്ഷേത്രാവശിഷ്ടങ്ങൾ എന്നിവ കണ്ടെത്തി

2. **കൊമ്പൻകാട് ശിവക്ഷേത്രം**

   അഗസ്ത്യഗിരി മുക്കാരൻ കുന്നിൽ നിന്ന് അരകിലോമീറ്റർ കിഴക്ക് മാറി പയ്യലൂരിൽ കൊമ്പൻകാട് വൃത്താകൃതിയിലുള്ള ശിവക്ഷേത്രത്തിന്റെ അധിഷ്ഠാനവും, ബലിപീഠവും ഉണ്ട്.

3. **പെരളിയിലമ്മൻ ഭഗവതി, മുടിപറമ്പ്**

   കൊമ്പൻകാട്ടിൽ നിന്ന് അരകിലോമീറ്റർ തെക്ക് മുടിപ്പറമ്പിൽ മണ്ണാൻ വിഭാഗക്കാർ കർണ്ണകിക്ക് തോറ്റം പാട്ട് നടത്തുന്ന ഭഗവതിക്ഷേത്രത്തിന്റെ അധിഷ്ഠാനം കാണാം.

4. **ആലടി ശിവക്ഷേത്രം**

   അഗസ്ത്യഗിരിയിൽ നിന്ന് ഒരു കിലോമീറ്റർ പടിഞ്ഞാറുമാറി ആലടിയിൽ തകർക്കപ്പെട്ട നിലയിൽ ചതുരാകൃതിയിലുള്ള ആലടി ശിവക്ഷേത്രത്തിന്റെ അധിഷ്ഠാനം കാണാം

5. **കമ്പൻകോട്, മാക്കണാംകുറിശി:**

   അരയക്കുളത്ത് നിന്ന് 150 മീറ്റർ വടക്കു മാറി കമ്പൻകോട് ഒരു തകർന്ന ചതുരാകൃതിയിലുള്ള ശിവക്ഷേത്രം ചെറിയ തോതിൽ പുനരുദ്ധീകരിച്ച നിലയിലാണ്. അവിടുന്ന് ഒരു കിലോ മീറ്റർ പടിഞ്ഞാറ് മാറി മാക്കണാംകുറുശിയിൽ തകർന്നടിഞ്ഞ അമ്പലത്തിന്റെ അധിഷ്ഠാനമുണ്ട്.

6. **കരിങ്കൽത്തൂണുകൾ, ആലംമ്പള്ളം**

   കൊല്ലങ്കോട് പുലിക്കോട്, അയ്യപ്പൻകാവിൽ നിന്ന് ഒന്നര കിലോമീറ്റർ വടക്ക് മാറി ഗായത്രി പുഴയുടെ വടക്ക് ആലംമ്പള്ളം സ്കൂൾ പരിസരത്ത് ക്ഷേത്രകവാടമെന്ന് കരുതപ്പെടുന്ന ചിത്രപ്പണികളോടുകൂടിയ രണ്ട് കരിങ്കൽ തൂണുകൾ കണ്ടെത്തി

7. **പൊട്ടമ്പലം ശിവക്ഷേത്രം. പെരുംകുളം**

   ആലംമ്പള്ളത്തു നിന്ന് അരകിലോമീറ്റർ കിഴക്ക് മാറി പെരുംതൃക്കോവിലിന് സമീപം തകർന്നടിഞ്ഞ രണ്ട് വൃത്താകൃതിയിലുള്ള ക്ഷേത്രങ്ങളുടെ അധിഷ്ഠാനങ്ങൾ ഉണ്ട്.

8. **ശിവക്ഷേത്രം ഒഴിവുപാറ**

   പെരുംകുളത്തു നിന്ന് 3 കിലോമീറ്റർ കിഴക്കുമാറി പല്ലശ്ശേന ഒഴിവു പാറയുടെ മുകളിൽ ജൈന മാതൃകയിലുള്ള കരിങ്കൽ നിർമ്മിത ക്ഷേത്രത്തിന്റെ ജീർണ്ണിപ്പ് കാണാം.

9. **വാമല, പല്ലശ്ശേന**

   പല്ലശ്ശേന ഒഴിവു പാറയിൽ നിന്ന് രണ്ട് കിലോമീറ്റർ വടക്ക് മാറി ഒരു കുന്നിന്റെ മുകളിൽ മുരുകന്റെ പ്രതിഷ്ഠയും പാറയിൽ കൊത്തിവച്ചിട്ടുള്ള രണ്ട് കാൽപ്പാദങ്ങളും കാണാം.

10. **കോട്ടമല**

    പല്ലശ്ശേന വാമലയിൽ നിന്ന് ഒരു കിലോമീറ്റർ വടക്ക് കാക്കയൂരിൽ സ്ഥിതിചെയ്യുന്ന കോട്ടമലമുകളിൽ ചതുരാകൃതിയിലുള്ള ക്ഷേത്രം (ഇപ്പോൾ അയ്യപ്പസങ്കൽപം) കാണാം. പാറയിൽ കൊത്തിവച്ചിട്ടുള്ള കാൽപ്പാദങ്ങൾ, ശംഖ്, ചക്രം എന്നിവയും കരിങ്കൽ കിണറിനകത്ത് ബ്രഹ്മാവിന്റെ പ്രതിഷ്ഠയും കാണാം. ഇവിടത്തെ ശിലാശാസനകല്ല് പുനഃരുദ്ധാരണ പ്രവർത്തനത്തിനിടയിൽ കോൺക്രീറ്റ് വീണ് വായിക്കാൻ പറ്റാത്ത നിലയിലാണ്. മുമ്പ് പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ ഇവിടെ നടത്തിയ പരിശോധനയിൽ തൊട്ടടുത്ത കൊക്കരണിയിൽ നിന്ന് ടിപ്പുസുൽത്താന്റെ കാലത്തെ വെടിയുണ്ടകളും, പാതി മുറിക്കപ്പെട്ട വിഗ്രഹങ്ങളും ക്ഷേത്രാവശിഷ്ടങ്ങളും കണ്ടെത്തിയിരുന്നു.

11. **വിത്തനശ്ശേരി**

    കൊല്ലങ്കോട് പുലിക്കോട് അയ്യപ്പൻകാവിൽ നിന്ന് ഏകദേശം 9 കിലോമീറ്റർ പടിഞ്ഞാറ് വിത്തിനശ്ശേരി അഞ്ചുമൂർത്തി ക്ഷേത്രത്തിന് 300 മീറ്റർ തെക്ക് പടിഞ്ഞാറ് ചതുരാകൃതിയിലുള്ള കരിങ്കൽ അധിഷ്ഠാനത്തിന് മുകളിൽ പത്മപാദന്റേതെന്ന് കരുതപ്പെടുന്ന ഒരു മുനിയുടെ പ്രതിഷ്ഠ കണ്ടെത്തി. അവിടുന്ന് 25 മീറ്റർ പടിഞ്ഞാറ് മാറി ഒരു താമരക്കുളത്തിന് സമീപം തകർക്കപ്പെട്ട നിലയിൽ ഒരു പ്രാചീന വിശ്രമ ആരാധനാ കേന്ദ്രത്തിന്റേതെന്നു കരുതപ്പെടുന്ന കരിങ്കൽ അവശിഷ്ടങ്ങൾ കണ്ടെത്തി. രണ്ട് കൂറ്റൻ ശിലാഫലകങ്ങളിൽ

പകിട കളിയ്ക്കുന്നതിന് മൂന്ന് കളങ്ങൾ, ഇടുപ്പിന് താഴെയുള്ള മുൻ പ്രതിഷ്ഠയോട് സാദൃശ്യമുള്ള മനുഷ്യരൂപം, പാറക്കല്ലിൽ കൊത്തി വച്ച മുതലയുടെ രൂപം എന്നിവ കണ്ടെത്തി.

12. **തച്ചൻകുളമ്പ്**

പനങ്കാവിൽ നിന്ന് 7 കിലോമീറ്റർ കിഴക്ക് മാറി മുതലമട പഞ്ചായത്തിൽ ഗായത്രിപ്പുഴയുടെ സമീപത്ത് തച്ചൻകുളമ്പിൽ തകർന്നടിഞ്ഞ കരിങ്കൽ അവശിഷ്ടങ്ങൾ കണ്ടെത്തി.

13. **ഗോവിന്ദമല**

ചാത്തൻപാറയിൽ നിന്ന് 850 മീറ്റർ ഉയരത്തിൽ ഗോവിന്ദാമലയിൽ ഒരു പ്രാചീന ദ്രാവിഡ ആരാധനാ കേന്ദ്രം ഉണ്ട്. ഇവിടെ രണ്ട് കൽപ്പാദങ്ങൾ, 50 ഓളം വേലുകൾ എന്നിവ കാണാം ഗോവിന്ദമലയിൽ നിന്ന് 5 കിലോമീറ്റർ കിഴക്ക് മാറി കാളവെട്ടിയിലും ഇത്തരം ആരാധനാകേന്ദ്രം ഉണ്ട്.

14. **വടക്കുംനാഥ ശിവക്ഷേത്രം, ഇളംപിലാവ്**

ഇളംപിലാവിൽ ഗായത്രി നദിയുടെ തീരത്ത് മഹാശിലായുഗ സ്മാരകങ്ങൾക്ക് സമീപം വൃത്താകൃതിയിൽ നിർമ്മിതമായ ഇളംപിലാവ് വടക്കുംനാഥ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. രണ്ട് കിലോമീറ്റർ കിഴക്ക് മാറി തകർന്നടിഞ്ഞ് കിടക്കുന്ന ഒരു ശിവക്ഷേത്രത്തിന്റെ കരിങ്കൽ അവശിഷ്ടങ്ങളും കണ്ടെത്തിയിട്ടുണ്ട്.

## III. കൽമണ്ഡപസ്തൂപ പൊഴികളും (Sockets), ശിലാരേഖാ ചിത്രങ്ങളും

1. **ചാത്തിയോട് പാറ**

വിരുത്തി മുനീശ്വരൻ കാവിൽ നിന്ന്, 100 മീറ്റർ കിഴക്ക് ചാത്തിയോട് പാറയുടെ മുകൾ ഭാഗത്ത് മഹാകാളി ക്ഷേത്രത്തിൽ നിന്നും അൽപ്പം പടിഞ്ഞാറ് മാറി രണ്ട് കൽമണ്ഡപങ്ങൾ നിലനിന്നതിന്റെ ലക്ഷണങ്ങൾ സൂചിപ്പിക്കുന്ന ചതുരാകൃതിയിലുള്ള പൊഴികൾ കണ്ടെത്തി.

2. **അരയകുളം**

ചാത്തിയോട് പാറയിൽ നിന്ന് ഒരു കിലോമീറ്റർ പടിഞ്ഞാറ് സ്വാഭാവിക അഭയകേന്ദ്രങ്ങൾ ഉള്ള (natural rock shelters) അരയകുളം പാറയിൽ രണ്ട് കൽമണ്ഡപ സ്തൂപ പൊഴികളും സമചതുരാകൃതിയിലുമുള്ള രണ്ട് ശിലാരേഖാ ചിത്രങ്ങളും (rock engravings) കണ്ടെത്തിയിട്ടുണ്ട്.

3. **തേവർമണി പൊറൈ**

അരയകുളത്തു നിന്ന് ഒരു കിലോമീറ്റർ പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന തേവർമണി പൊറൈയുടെ കിഴക്ക് ഭാഗത്തായി ദീർഘചതുരാകൃതിയിലുള്ള കൽമണ്ഡപ സ്തൂപ പൊഴികൾ കാണാം. തോമണിപ്പാറയുടെ പടിഞ്ഞാറ് ഭാഗത്തായി താമരക്കുളത്തിന് സമീപം ചതുരാകൃതിയിലുള്ള രണ്ട് കൽമണ്ഡപങ്ങളുടെ പൊഴികൾ കാണാം. പൊഴികൾ, പാറയിൽ കൊത്തി വച്ചിട്ടുള്ള രണ്ട് കാൽപ്പാദങ്ങൾ, സമചതുരത്തിൽ കൊത്തി വച്ച രേഖാചിത്രങ്ങൾ, നക്ഷത്രങ്ങൾ എന്നിവ കണ്ടെത്തി.

4. **പാരിക്കൽ കളം**

തേവർണിപൊറൈയിൽ നിന്ന് അരക്കിലോമീറ്റർ പടിഞ്ഞാറ്, പാരിയ്ക്കൽ കളത്തിൽ രണ്ട് കൽമണ്ഡപ സ്തൂപ പൊഴികൾ ഉണ്ട്.

5. **മലമ്പക്കോട് പാറ**

ധർമ്മിപൊറൈയിൽ നിന്ന് ഒന്നര കിലോമീറ്റർ പടിഞ്ഞാറ് മാറി കൽമണ്ഡപ സ്തൂപ പൊഴികൾ കാണാം.

6. **വാകോൽപ്പാറ**

മലമ്പക്കോട് പാറയിൽ നിന്ന് 200 മീറ്റർ തെക്ക് ഇക്കുമതി നദിയുടെ വടക്കായി വാകോൽപ്പാറ സ്ഥിതി ചെയ്യുന്നു. വൃത്താകൃതിയിലുള്ള കൽമണ്ഡപ സ്തൂപ പൊഴികളാണ് ഇവിടെയുള്ളത്.

7. **മുടിപ്പറമ്പ്**

പെരട്ടിയിലമ്മ ഭഗവതിക്കാവിനു സമീപമായുള്ള മുടിപ്പറമ്പ് പാറയിൽ ദീർഘചതുരാകൃതിയിലുള്ള കൽമണ്ഡപ സ്തൂപ പൊഴികൾ ഉണ്ട്.

8. **പനങ്കാവ് കളം പാറ**

തേവർമണി പാറയ്ക്ക് ഒരു കിലോമീറ്റർ തെക്കായി സ്ഥിതി ചെയ്യുന്ന പനങ്കാവ് കളത്തിൽ ചതുരാകൃതിയിലുള്ള രണ്ട് കൽമണ്ഡപങ്ങളുടെ പൊഴികളുണ്ട്.

9. ചാത്തൻപാറ

വാകോൽപാറയ്ക്ക് 300 മീറ്റർ തെക്ക് ഗോവിന്ദാലയ്ക്ക് സമീപം സ്ഥിതി ചെയ്യുന്ന ചാത്തൻ പാറയിൽ രണ്ട് കൽമണ്ഡപങ്ങൾ നിലനിന്നിരുന്ന പൊഴികൾ കണ്ടെത്തി.

10. തിരുനൂർ പാറ

പറയൻപള്ളത്തു നിന്നും ഒരു കിലോമീറ്റർ തെക്ക് ചെറിയ ഗുഹയും സർപ്പങ്ങളുടെയും അയ്യപ്പന്റെയും പ്രതിഷ്ഠകളുള്ള തിരുനൂർ പാറയിൽ കൽമണ്ഡപ സ്തൂപ പൊഴികളും ഉണ്ട്.

11. പറയൻപള്ളം

ചാത്തിയോട് പാറയിൽ നിന്ന് ഒരു കിലോമീറ്റർ കിഴക്ക് പറയൻപള്ളത്തുള്ള പാറയിൽ കൽമണ്ഡപ സ്തൂപ പൊഴികളുണ്ട്.

## IV. ശിലാലിഖിതങ്ങൾ:

പാലക്കാട് ജില്ലയിൽ നിന്ന് ധാരാളം ശിലാലിഖിതങ്ങൾ അടുത്തകാലത്തായി കണ്ടെത്തിയിട്ടുണ്ട്. ചേരകാലഘട്ടത്തെയും അതിനുശേഷവുമുള്ള ശിലാലിഖിതങ്ങളാണ് ഇവ. വട്ടെഴുത്തിനു പുറമെ പ്രാചീന തമിഴ്, തെലുങ്ക്, മലയാളം ലിപികളിലുള്ള ലിഖിതങ്ങൾ ഇവയിൽ ഉൾപ്പെടുന്നു. എം.ആർ.രാഘവവാര്യർ ലിപികൾ വായിച്ചു.

1. തമിഴ്, തെലുങ്ക് ലിപി: പുലിക്കോട് അയ്യൻകാവ്, കൊല്ലങ്കോട്

പ്രാചീന വേങ്കൈ (പുലി) നാട്ടിലെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന കൊല്ലങ്കോട്, പുലിക്കോട് അയ്യപ്പൻകാവിൽ പ്രാചീന ലിപിയിൽ തമിഴ്, തെലുങ്ക് ലിപികളോട് കൂടിയ ചതുരാകൃതിയിലുള്ള ഒരു ദീപസ്തംഭം കണ്ടെത്തി. ദീപസ്തംഭത്തിൽ ഒരു ജാറിന്റെ ചിത്രത്തോടൊപ്പം ലിപികൾ മൂന്ന് ഭാഗത്തുമുണ്ട്. ഒരു ഭക്തന്റെയും ചിത്രം കൊത്തി വച്ചിട്ടുണ്ട്. ലിപി വായിച്ചെടുത്തിട്ടില്ല. ഒരു ഭാഗത്തെ ലിഖിതത്തോടൊപ്പം ഒരു കൂജയുടെ ചിത്രവും കൊത്തിവച്ചിട്ടുണ്ട്. ഇതിനോടു സാദൃശ്യമുള്ള ഒരു കൂജാപാത്രത്തിന്റെ ചിത്രം മധ്യാരണ്യം ശിവക്ഷേത്രത്തിലെ ശംഖുചക്രപാറയിൽ കൊത്തിവച്ചിട്ടുണ്ട്. കൊല്ലങ്കോട് രാജവംശം വിവിധ കാലങ്ങളിൽ പുലിക്കോട്, വേങ്കൈനാട്, വേങ്കടനാട്, വെൺകുണ്‌റനാട്, വെങ്കിനാട്, വേങ്ങനാട് എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. തമിഴിൽ വേങ്കൈ എന്നാൽ പുലി എന്നാണർത്ഥം. കരിങ്കല്ലിൽ രൂപകൽപന ചെയ്ത പുലിക്കോട് ക്ഷേത്രനിർമ്മാണകലയും മറ്റു ക്ഷേത്രങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. ലിപിയുടെ പൂർണ്ണരൂപവും കാലനിർണ്ണയവും ലഭിച്ചിട്ടില്ല.പുലിക്കോട് ക്ഷേത്രത്തിൽ നിന്ന് 300 മീറ്റർ വടക്ക് കിഴക്ക് മാറി, ചതുരാകൃതിയിലുള്ള ഉപേക്ഷിക്കപ്പെട്ട മറ്റൊരു ക്ഷേത്രത്തിൽ മുരുകൻ, സൂര്യദേവൻ, ബ്രഹ്മാവ് എന്നിവയും, ദേവി പ്രതിഷ്ഠയും കാണുന്നുണ്ട്.

2. ശിലാശാസനം, മധ്യാരണ്യം മഹാശിവക്ഷേത്രം, തേനേരി:

കല്ലുകുട്ടിയാലിൽ നിന്ന് അഞ്ച് കിലോമീറ്റർ വടക്ക് കിഴക്ക് മാറി എലപ്പുള്ളി പഞ്ചായത്തിൽ തേനേരിയിൽ അടുത്ത കാലത്ത് പുനരുദ്ധാരണം ചെയ്ത മധ്യാരണ്യം ശിവക്ഷേത്രത്തിൽ നിന്ന് 10 11 നൂറ്റാണ്ടിലേതെന്ന് കരുതപ്പെടുന്ന വട്ടെഴുത്തിലുള്ള ശിലാലിഖിതത്തിന്റെ ഒരു ഭാഗം കണ്ടെത്തി. ഗായത്രി ശിലയിലാണ് ലിഖിതം കൊത്തി വച്ചിട്ടുള്ളത്. അടുത്ത കാലം വരെ തകർന്നടിഞ്ഞു കിടന്നിരുന്ന തേനേരിയിലെ മധ്യാരണ്യം ശിവക്ഷേത്രപരിസരത്ത് നിന്നാണ് ശിലാലിഖിതശാസനം കണ്ടെത്തിയത്. ഇതിലെ ലിപി വട്ടെഴുത്താണ്. 1.86 മീറ്റർ നീളത്തിലും 0.40 മീറ്റർ വീതിയിലുമുള്ള. ലിഖിതത്തിന്റെ പകുതിഭാഗം നഷ്ടപ്പെട്ടിട്ടുണ്ട്. ലിപികൾ ദ്രവിച്ചുപോയ സ്ഥിതിയിലാണ്. ചേരകാലഘട്ടത്തെ ശിലാശാസനമാണിത്. പ്രാചീന വേങ്കൈനാട് രാജവംശവുമായി ബന്ധമുള്ള പ്രദേശമാണിത്. മധ്യാരണ്യത്തെക്കുറിച്ച് കശ്യപക്ഷേത്രമാഹാത്മ്യത്തിൽ പരാമർശമുണ്ട്. ചതുരാകൃതിയിലും വൃത്താകൃതിയിലുമുള്ള ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠകൾ ശിവനും മുരുകനുമാണ്. പരശുരാമൻ പ്രതിഷ്ഠിച്ച 108 ശിവക്ഷേത്രങ്ങളിൽ 54-ാമത്തേതാണ് ഈ ക്ഷേത്രമെന്ന് പറയപ്പെടുന്നു. ഇവിടത്തെ അമ്പലക്കുളം ബ്രഹ്മക്കുണ്ഡമെന്ന പേരിലും കിണർ അഗ്നിക്കുണ്ഡമെന്ന പേരിലും അറിയപ്പെടുന്നു. ദ്രവിച്ച നിലയിൽ 19 വരികളുള്ള ശിലാ ലിഖിതത്തിന്റെ മറ്റു ഭാഗം നഷ്ടപ്പെട്ടെന്ന് കരുതുന്നു. 300 മീറ്റർ അകലെ തേനേരി തീർത്ഥം ഉള്ള ശ്രീരാമ ക്ഷേത്ര പരിസരത്ത് ജൈനവിഗ്രഹത്തോട് സാമ്യമുള്ള ഒരു നാഗദേവതാ വിഗ്രഹം ഉണ്ട്. ഈ രണ്ട് ക്ഷേത്രങ്ങൾക്ക് മധ്യേയായി ഒരു മനുഷ്യ രൂപം കരിങ്കല്ലിൽ കൊത്തി വച്ചിട്ടുണ്ട്. ഇത് വീരക്കല്ലോ, ഭക്തന്റേയോ ആവാം. ക്ഷേത്രത്തിൽ നിന്ന് 300 മീറ്റർ തെക്ക് പടിഞ്ഞാറ് ശംഖ് ചക്ര പാറയിൽ ഒരു കൂജയുടെ ചിത്രവും കൽമണ്ഡപ സ്തൂപപൊഴികളും, കണ്ടെത്തി.

3. **ചുമർ ചിത്രവും, ലിഖിതവും : തൃപ്പല്ലാവൂർ**

ആലത്തൂർ താലൂക്കിൽ എരിമയൂർ പഞ്ചായത്തിലെ തൃപ്പല്ലാവൂർ ശിവക്ഷേത്രത്തിന്റെ ഊട്ടു പുരയ്ക്കകത്ത് ചുമർചിത്രവും അവയുടെ വിവരണവും ഉൾക്കൊള്ളുന്ന ലിപികൾ കണ്ടെത്തി. മലയാളം കൊല്ലവർഷം 1021 ഇടവം രണ്ടാം തിയതി എഴുതിയതാണ് ഈ ലിപികളെന്ന് ഇത് വായിച്ച ഡോ.: രാഘവ വാരിയർ പറഞ്ഞു. തൃപ്പല്ലാവൂർ ശിവക്ഷേത്രത്തിലെ ഊട്ടുപുരയ്ക്കകത്തുള്ള ചുമരിൽ പടിഞ്ഞാറുഭാഗത്ത് ചുമർചിത്രവും ചിത്രത്തിന്റെ പ്രാധാന്യവും സൂചിപ്പിക്കുന്ന വിവരണവും കാണാം. 'നൂറോളം വരികളിൽ ചിത്രത്തിന്റെ വിവരണം പ്രാചീനമലയാള ലിപിയിൽ എഴുതിയിട്ടുണ്ട്.

*'1021 ഇടവം 2-ാം തീയ്യതി ചതുർത്ഥി മൂലം ഈ ദിവസം എഴുതിയ പ്രകാരം തൃപ്പാദേശ്വരം പിഴയ്ക്കുന്നെങ്കിൽ പിഴക്കാം. ഇക്കണ്ട ചിത്രം ഒക്കെയും കാവശ്ശേരി വാസുവക കണക്കാണ്''* ചുറ്റുമതിലിലെ ശിലാലിഖിത വാചകം.

4. **ചേരശിലാശാസനം, പൂമുള്ളി മന, തളിക്ഷേത്രം, മരുതലപ്പറമ്പ്, പെരുവെമ്പ**

പുലിക്കോട് അയ്യപ്പൻകാവിൽ നിന്ന് 12 കി.മീ. വടക്കു മാറി പെരുവെമ്പ് മരുതലപ്പറമ്പിലുള്ള. പൂമുള്ളി മന തളി ക്ഷേത്രത്തിലെ വൃത്ത കുമുദത്തിൽ 10 11 ാം നൂറ്റാണ്ടിലേതെന്നു കരുതപ്പെടുന്ന ശിലാശിഖിതം ഉണ്ട്. ഇതിലെ ലിപി• വട്ടെഴുത്തും ഭാഷ തമിഴുമാണ്. 118 സെ.മീ. നീളവും 15.24 സെ.മീ. വീതിയിലുമായി 4 വരികളിലാണ് ലിഖിതം കൊത്തിവച്ചിട്ടുള്ളത്. അക്ഷരങ്ങൾ പലതും ദ്രവിച്ചുപോയിട്ടുണ്ട്.

ശാസനപാഠം

1. *... മത്ത് മുക്കാൽ വട്ടത്തിരുന്ത് ... തെന്റട ...അ...നാട്ടുടയ*
2. *കടവിയൻ ഉൾപ്പഞ്ഞ് തിരുവാരാതിനൈ തമ്മും അരികൊറ്റും*
3. *മും വിടും...വിരുത്തിയും ചർവ്വത്തി..... മിക*
4. *...ത്തു ... ട്ട കൊടക്കാടവൻ...രെയും ര് ഊരെർയും പിഴച്ച്.*

സാരം

ചേരകാലഘട്ടത്തെ ഈ ശിലാശാസനം മുഴുവനുമായി വായിക്കാൻ കഴിഞ്ഞിട്ടില്ല. ഇവിടുത്തെ രാജാവ്/കോവി ലധികാരി ആ പ്രദേശത്തെ ജനങ്ങൾക്ക് വേമ്പത്ത് ഇരുന്ന് വിരുത്തി നിലവുമായി ബന്ധപ്പെട്ട് നൽകിയ ശാസനമാണിത്. ചതുരാകൃതിയിലുള്ള വേമ്പത്ത് മഹാശിവക്ഷേത്രം 300 മീറ്റർ വടക്കുമാറി ചേരൻപൊറ്റയ്ക്കു സമീപം സ്ഥിതി ചെയ്യുന്നു.

ഭാനദൂവെന്ന് അറിയപ്പെടുന്ന വിരുത്തി എന്ന പ്രയോഗം മധ്യ കാലഘട്ടം മുതൽ പ്രചാരത്തിലുണ്ട്. 14 കി.മീ. തെക്കുമാറി നെന്മേനിയിൽ വിരുത്തി എന്ന സ്ഥലം ഇപ്പോഴും ചരിത്രപ്രാധാന്യ സ്മാരകങ്ങളോടെ നിലകൊള്ളുന്നുണ്ട്. ലിഖിതത്തിൽ തുടക്കവും കാലനിർണ്ണയവും ഇല്ല. ലിപിയുടെ പ്രത്യേകത 10-11-ാം നൂറ്റാണ്ട് പിറകിലേക്ക് ഇതിനെ കൊണ്ടുപോകുന്നുണ്ട്.

5. വഞ്ചിയൂർ ഗണം ശിലാലിഖിതം, മരുതലപ്പറമ്പ്.

പെരുവെമ്പ് പൂമുള്ളിമന തളി ക്ഷേത്രത്തിൽ നിന്ന് 300 മീറ്റർ കിഴക്ക് തകർന്നടിഞ്ഞുകിടക്കുന്ന ക്ഷേത്രാങ്കണത്തിന്റെ തെക്കുകിഴക്കു മൂലയിലാണ് വഞ്ചിയൂർഗണവുമായി ബന്ധമുണ്ടെന്നു കരുതപ്പെടുന്ന ശിലാലിഖിത ഫലകം ഉള്ളത്. ശിലാഫലകത്തിന്റെ ഇരുപുറത്തും വട്ടെഴുത്തിൽ ലിഖിതം രേഖപ്പെടുത്തിയിരിക്കുന്നു. ഇരുഭാഗത്തുമുള്ള അക്ഷരങ്ങൾ മിക്കതും വായിച്ചെടുക്കാൻ കഴിയാത്തവിധം ദ്രവിച്ചു പോയിരിക്കുന്നു. ശിലാലിഖിത ഫലകത്തിന് 1.40 മീറ്റർ നീളവും 1.15 മീറ്റർ വീതിയും 10 സെ.മീ. കനവുമുണ്ട്. ശിലാലിഖിതത്തിന്റെ മുകൾഭാഗത്ത് 5 ചിത്രപ്പണികൾ കൊത്തിവച്ചിട്ടുണ്ട്. മധ്യത്തിൽ ശൂലം, ശൂലത്തിന്റെ ഇരുവശത്തും നിലവിളക്ക്. നിലവിളക്കിന്റെ വലതുഭാഗത്ത് കുതിര, ശൂലത്തിന്റെയും നിലവിളക്കിന്റെയും നടുക്ക് കമണ്ഡലം ഇടതുവശത്ത് പൂർണ്ണകുംഭം എന്നിവയുണ്ട്. വഞ്ചിയൂർഗണവുമായും ജൈനബുദ്ധമതങ്ങളുമായും ശിലാലിഖിതത്തിനു ബന്ധമുണ്ടെന്നു കരുതുന്നു. ശിലാലിഖിതത്തിന്റെ കൃത്യമായ കാലനിർണ്ണയം സാധ്യമല്ല. 9-10-ാം നൂറ്റാണ്ടിനു മുമ്പുള്ള ശിലാലിഖിതമാണെന്ന് കരുതുന്നു. ശിലാഫലകത്തിലെ ചില വരികൾ രാഘവവാര്യർ വായിച്ചെടുത്തിട്ടുണ്ട്.

ശാസനപാഠം

*തിരുക്കോവിൽ അമൈച്ചാൻ..... ചന്ദിരാദിത്തവൻ...കൈയാന...മത..യ*

6. പ്രാചീന ചേര ശിലാശാസനം: കല്ലുകൂട്ടിയാൽ:

കൊല്ലങ്കോടു നിന്ന് 20 കി.മീ. വടക്ക് കിഴക്ക് മാറി പൊൽപ്പുള്ളി പഞ്ചായത്തിൽ പനയൂർ, അത്തിക്കോടിന് സമീപം കല്ലുകൂട്ടിയാലിലുള്ള തകർന്നടിഞ്ഞു കിടക്കുന്ന വൃത്താകൃതിയിലും ചതുരാകൃതിയിലുമുള്ള ക്ഷേത്ര പരിസരത്ത് പ്രാചീന വട്ടെഴുത്തിലുള്ള ചേര ശിലാശാസനം കാണാം. ഇവിടത്തെ പ്രതിഷ്ഠ ശിവനും വിഷ്ണുവുമാണെന്ന് കരുതപ്പെടുന്നു. ആദിചേര രാജാവും കൽപ്പള്ളിയിലെ ഭരണാധികാരിയുമായ ചേന്ദൻ കുന്റൻ കൽപ്പള്ളി തേവർക്ക് വിളക്ക് ദാനം ചെയ്തത് സംബന്ധിച്ച വിവരങ്ങളാണ് ലിഖിതത്തിലുള്ളത്. പ്രാചീന വട്ടെഴുത്തുലിപിയിൽ രേഖപ്പെടുത്തിയിട്ടുള്ള ലിഖിതം നല്ലനിലയിൽ കാണപ്പെടുന്നു. 73 സെ.മീ. നീളവും 46 സെ.മീ. വീതിയിലുമുള്ള ശിലാഫലകത്തിൽ 17 വരികളിൽ വട്ടെഴുത്തിൽ ലിപി കൊത്തിവച്ചിട്ടുണ്ട്. രാഘവവാര്യർ ലിഖിതം വായിച്ചു.

ശാസനപാഠം

*1.കല്പള്ളി*
*2.സ്വസ്തി ശ്രീ (വാഴുമ്) ചെ*
*3.ന്തന് കുന്റന് കല്പള്ളി*
*4.ത് തെവര്കകു*
*5.പൊന് പെയ്താൻ നന്താ വി*
*6.ളക്കിന് കുളപടി പൊൻ പിൻ*
*7.ൽ ഒരൊണ്ടു തിരുവിള കകു*
*8.ചെലുതത കു കടവര നാട്ടാരുമ്*
*9.തതിരട്ടുവാൻ പതിനെ*
*10.കഴഞ്ചു ചുപൊന് വെറുമൈ*
*11.ചെലുതത്തു വിൻ ചെ*
*12.ന് തന് കുന്റന് വിള കകു മ*
*13.തിരുവിമുട് ടാമൈ കണ്ടു*
*14.ചെലുതതുവാര തമൈയ്ത*
*15.പലമാകും*
*16.ഉവൈ തടുപ്പാര മൂഴി*
*17.(കക) മ തതു മഴുക കവിത തന്*

സാരം

കൽപ്പള്ളിയിലെ ഭരണാധികാരി ചേന്ദൻ കുന്റൻ കൽപ്പള്ളിത്തേവർക്ക് നിത്യവിളക്ക് തെളിക്കുന്നതിനായി ദാനം ചെയ്തതു സംബന്ധിച്ചതാണ് ഈ ശിലാശാസനം. അദ്ദേഹം 10 കഴഞ്ച് സ്വർണ്ണം ഈ നിലവിളക്ക് മുടക്കം കൂടാതെ കത്തിയ്ക്കാനായി ദാനം ചെയ്തു. ഈ ആജ്ഞയ്ക്കു തടസ്സം നിൽക്കുന്നവർ മഹാപാപം ചെയ്ത മഹാ പാതകിയായി മൂഴിക്കുളം നിയമാവലിക്ക് വിരുദ്ധരെന്ന് കണക്കാക്കുന്നതാണ്.

ലിഖിതം വായിച്ച രാഘവവാര്യരുടെ അഭിപ്രായത്തിൽ മൂഴിക്കുളത്തെക്കുറിച്ചുള്ള പരാമർശം ഈ ശിലാ ശാസനത്തെ ചേരകാലഘട്ടത്തേക്ക് കൊണ്ടുപോകുന്നു. ചേരകാലത്ത് മൂഴിക്കുളം പെരുമാറ്റസംഹിത കേരളബ്രാഹ്മണർ പൊതുവായി അംഗീകരിച്ച വസ്തുതയാണ്. ശിലാലിഖിതത്തിലെ അക്ഷരങ്ങൾ എട്ടാം നൂറ്റാണ്ടിനുമുമ്പുള്ള ശിലാശാസനമാണിതെന്നു കാണിക്കുന്നു.. ലിഖിതത്തിൽ നൽകിയ സൂചനപ്രകാരം ചേന്ദൻ കുന്റന്റെ കാലനിർണ്ണയം അത്രത്തോളം എളുപ്പമല്ല. ചേന്ദൻ കുന്റന്റെ പേര് ചേരവംശാവലിയിലൊ സാമന്തരാജാക്കന്മാരുടെ പട്ടികയിലൊ വരുന്നില്ല. ചേന്ദൻ കുന്റന്റെ സ്ഥലം കൽപ്പള്ളി എന്ന പേരിലാണ് കൊടുത്തിട്ടുള്ളത്. ഈ ശിലാലിഖിതം കണ്ടെത്തിയ സ്ഥാനത്തുനിന്ന് അടുത്ത് കല്ലേപ്പുള്ളി സ്ഥിതി ചെയ്യുന്നു എന്നതിനാൽ അതിനുള്ള സാധ്യത കാണുന്നുണ്ട്. കൃത്യമായി കാലനിർണ്ണയം സാധ്യമായില്ലെങ്കിലും 8 ാം നൂറ്റാണ്ടിന് മുമ്പിലെയാണ് ലിഖിതമെന്ന് കരുതപ്പെടുന്നു.

7. ശങ്കരൻകുടം ശിലാലിഖിതം, കൊട്ടയംകാട്.

ശങ്കരൻകുടം ശിവക്ഷേത്രശ്രീകോവിലിന്റെ മുൻഭാഗത്ത് പതിച്ചിട്ടുള്ള കരിങ്കൽഫലകത്തിൽ വട്ടെഴുത്തിലുള്ള ശിലാലിഖിതം സ്ഥിതിചെയ്യുന്നു. 1 മീറ്റർ നീളവും 0.80 മീറ്റർ വീതിയുമുള്ള കരിങ്കൽഫലകത്തിലാണ് 9 വരികളിലുള്ള ലിഖിതം ഉള്ളത്. രാഘവവാര്യർ ലിഖിതം വായിച്ചു.

ശാസനപാഠം

*1. ശങ്കരൻ കോണോത്തു 2. തിരുമുറ 3. ചേകവരുടെ 4. പടിതുറപ് 5. മേലെപത്തിൽ 6. പൊന്നൻ 7. മിക്കയൻ 8. വിഥിനവ്യാഴത്തിൽ 9. പണിചെയ്പിച്ചു.*

വ്യാഴം മിഥുനരാശിയിൽ നിൽക്കുമ്പോൾ ശങ്കരൻ കോണോത്തു ക്ഷേത്രത്തിന്റെ തിരുമുറ്റം മേലെപത്തിൽ പൊന്നൻ മിക്കയൻ കരിങ്കൽ പണിചെയ്പിച്ചു എന്നതാണ് ലിഖിതത്തിന്റെ ഉള്ളടക്കം. മേലടത്ത് എന്ന വാചകത്തിന്റെ പ്രയോഗം രാജാധികാരം നിലനിൽക്കുന്ന സ്ഥലം എന്ന അർത്ഥത്തിലാണ്. ഇപ്പോൾ സാമൂതിരി കോവിലകത്തിന്റെ നിയന്ത്രണത്തിലാണ് ഈ ക്ഷേത്രം നിലനിൽക്കുന്നത്. മേലേടം എന്ന പ്രയോഗം രാജാക്കന്മാരുടെ ആസ്ഥാനകേ

ന്ദ്രമോ, പ്രധാനവ്യക്തികൾ താമസിക്കുന്ന ഇടമോ ആണ്. തൊട്ടടുത്ത ഒരു ക്ഷേത്രം കിഴക്കേടത്ത് ഭഗവതിയാണ്. 12-ാം നൂറ്റാണ്ടിനുശേഷം എഴുതപ്പെട്ട ശിലാശാസനമാണിത്.

8. എക്കൻ കോമതിയുടെ ശിലാലിഖിതം, കോവിലകം പറമ്പ്

കൊല്ലങ്കോട് നെന്മേനി കോവിലകം പറമ്പിൽ കൽമണ്ഡപത്തിനു സമീപമുള്ള മൂടപ്പെട്ടുകിടന്നിരുന്ന കരിങ്കൽ നിർമ്മിത കിണറിനകത്താണ് എക്കൻകോമതിയുടെ ശിലാലിഖിത ഫലകം കണ്ടെത്തിയത്. ഈ ലേഖകൻ സൂചന നൽകിയതനുസരിച്ച് സംസ്ഥാന പുരാവസ്തുവകുപ്പ് കരിങ്കല്ലുകൾകൊണ്ട് മൂടിയിട്ടുള്ള കിണർ ഉദ്ഖനനം നടത്തി ലിഖിതം പുറത്തെടുത്തു. 8 വരികളിൽ എഴുതിയിട്ടുള്ള ഇതിലെ ലിപി വട്ടെഴുത്തും ഭാഷ തമിഴുമാണ്.

ശാസനപാഠം

*വിരിച്ചിക-വ്യാഴ-ഞായം ഇടവ ഞായത്തിൽ വെൻകുണ്റനാട് ഉടയ എക്കൻകോമതി കുത്തിച്ച കിണർ.*

സാരം

വെമകുണ്റരാജ്യത്തെ അധിപനായ എക്കൻകോമതി കുത്തിച്ച കിണർ എന്നതാണ് ലിഖിതത്തിന്റെ സംഗ്രഹം. പ്രാചീന വെൺകുണ്റനാടിന്റെ സാന്നിധ്യത്തെക്കുറിച്ച് വ്യക്തമായ സൂചനലഭിക്കുന്ന ലിഖിതമാണിത്. തൃശ്ശൂർ വടക്കുന്നാഥ ക്ഷേത്രത്തിലെ മൂലസ്ഥാനത്തുനിന്നു ലഭിച്ച വെൺകുണ്റനാട്ടിലെ വീരരവിയെക്കുറിച്ചുള്ള ശിലാലിഖിതത്തിലും കോട്ടമ്പലത്തിനടുത്ത് നടുവൻചിറയിലെ തകർന്നടിഞ്ഞ തില്ലച്ചിദംബരം ശിവക്ഷേത്രത്തിലെ ശിലാലിഖിതത്തിലും (സഹൃദയമാസിക 1919), ചിലപ്പതികാരത്തിലും വെൺകുണ്റനാടിനെക്കുറിച്ച് പരാമർശമുണ്ട്. വെൺകുണ്റ നാട്ടിലെ വീരരവിയെക്കുറിച്ചുള്ള തൃശ്ശൂർ വടക്കുന്നാഥക്ഷേത്രത്തിലെ ശിലാലിഖിതത്തിലെന്നപോലെ കോവിലകം പറമ്പ് ശിലാലിഖിതത്തിൽ മറ്റു രാജാക്കന്മാരുടെ പരാമർശങ്ങൾ ഇല്ലാത്തതിനാൽ എക്കൻകോമതി ഒരു സാമന്തപദവിയുള്ള രാജാവല്ലെന്നും സ്വതന്ത്രചുമതലയുള്ള ഭരണാധികാരിയാണെന്നും കരുതാം. കൃത്യമായ കാലഗണന നൽകിയിട്ടില്ലാത്തതിനാൽ ഇത് 10-ാം നൂറ്റാണ്ടിലെ ശിലാലിഖിതമാണെന്നു കരുതപ്പെടുന്നു.

## Reference

Sanal Kumar, V. 2005. Archaeology of Kollengode Region, Palghat District, Kerala. *Journal of the Center For Heritage Studies* 2: 47-56

# The Push and Pull Effects of Migration on the Ancient Settlement Site Along the Gayathripuzha Valley of Palakkad District in Kerala State

**V. Sanalkumar**
H.S.S.T (Geography), Jayakeralam H.S.S, Pulluvazhi (PO), Ernakulam, Dist. Kerala State, India
E-mail: v.sanalkumar@gmail.com

The intensive field work by the present researcher along the banks of the Gayathripuzha and Ikshumadipuzha- the tributaries of the Bharathapuzha (Peraru) river basin of Palakkad gap at Western Ghat of South India of ancient Gondwana landmass has been yielded a large number of fresh prehistoric, early historic, medieval and later medieval archaeological sites and remains developed mainly due to the influence of migration. The exclusive findings of the settlement sites consists of the Palaeolithic, Mesolithic, Neolithic, Megalithic and early Historical settlement sites, artifacts and evidences datable between 40,000 B.C and 1800 AD. The geological background of the settlement even extends above Oligocene period (above 40,000 BC) to Holocene period ( 0-10,000 B.P). The cultural evidences of ancient settlement of this region comprises Paleolithic quartz tools, (1,00000 BC - 10,000 BC), 26 Mesolithic factory sites with microlithic tools- (between 4000 B.C-10,000 B.C), 27 habitation sites of Neolithic Post holes on granite flat surface and rock shelter (4000 B.C-1,000 B.C), 300 megalithic burial monuments of granite slab cists, granite dolmenoied cist and Urn burials and terracotta figurines (1000 A.D-300 A.D), rock engravings (1000 B.C-800A.D), foot prints, stone inscriptions of vattezhuthu, over hundreds of sculptures, hero stones, and ruined shrines (800 -1200 A.D) within a limited area and so on of varied periods (1200-1800 AD). It also consists of a large number of prehistoric dwelling sites of about 50 natural rock shelters and caves in the Mountain valleys with streams and along the river valleys with archaeological and anthropological potentials. The ethnical tribal groups of this area belonged to prehistoric megalithic period are still talking different primitive tribal languages and dialects in their colloquial conversations. The most of the archaeological remains obtained from the Palakkad gap zone resembles very much that of entire peninsular India reveals its' unique settlement character due to intra regional migration due to push and pull effects.

Migration holds a prominent place in the geographical analysis of a development of a cultural region. Ancient migration cannot be considered as a mere change of settlement from one place to another. For understanding the continuous change of the space - content and space relationship of a region the movement of people as an instrument of cultural diffusion and social integration has to be analyzed. The spatial process and integrations of an area has to be understood to get the complete picture of an aerial study. Migration of various groups of people into the Palakkad district had started during the prehistoric period. The Paleolithic and Mesolithic people were nomads from Peninsular India and they began to settle in most favored geographical area. The foot hill regions were more attractive for the early migrants as the area provided natural protection, availability of water from mountains streams, storage facility in ponds and tanks for water supply and favourable conditions for cultivation. The facility for paddy cultivation was the main attraction of the early civilized migrants of different ethnical groups. Differences in physical features, customs and traditions, life style, cultural growth of different ethnical groups of the study area suggests that they all came to this area from different remote areas of Peninsular India even from Andhra Pradesh, Karnataka and Tamil Nadu. They are come to Palakkad district at different periods for various reasons and developed a separate sub-culture in the course of time. The migrant communities gradually acquired different socio economic status, culture, and power structure. Gradually this has created social insecurity also by inviting attacks and invasions from the ancient mighty powers of Peninsular India in Andhra Pradesh, Tamil Nadu and Karnataka regions. This has lead to the destruction of civilized culture leading to out- migration. The evidences of Push-Pull factors of migration can be visibly seen in the study area if we are analyzing the historical evolution of migration between the Prehistoric and historic period of this land. This section will consider the glimpses of all these aspects of migration.

THE KONKAN GEOGRAPHER
Vol. No.03 Nov. 2012
ISSN 2277 – 4858

# THE GEOGRAPHICAL IDENTITY OF SEAT OF ANCIENT CHERA KINGDOM PORAINADU OF KERALA

Dr. V. SANALKUMAR HSST ( Geography) Jayakeralam H.S.S, Pulluvazhi, Ernakulam, Kerala

## ABSTRACT

Eventhough historians have been generally analysed about the South Indian ancient Porainadu/ Chera Kingdom of Kerala based on the Tamil Classical Samgam and Post Sangam literatures between the period from 300 B.C to 300 A.D, the identity of actual location of seat of ancient Chera Kingdom 'Porainadu' with its geographical and archaeological background, has not yet been properly explored. The field exploration conducted by the present researcher along the tributary zone of the Gayathripuzha Valley of the mighty river Peraru/Bhararhapuzha of Palakkad District of Kerala State have been yeileded a large number of geographical and archaeological evidences datable between above 10,000 B.C to 1800 A.D. This section deals with the geographical identity of the seat of ancient Porainadu in Palakkad district of Kerala State based on historical ,geography and archaeological evidences. The analysis concludes that the Porainadu culture was not a sudden outcome but surely be the continuation of the Mesolithic, Neolithic, Megalithic and Early historic culture and the Palakkad Districtof Kerala State was the hub of Porainadu is the main theme of this research paper.

**Key words:** Porainadu, microliths, Postholes, Mrgaliths,Rock Engravings, Sangam and Post Sangam Works.

## Introduction:

As a part of ancient Tamizhakam, Palakkad District has not got enough attention by the historians and historical geographers, eventhough this region still retains the preserved glory of ideal geographical background and cultural heritage of ancient Kingdom Porainadu. Eventhough several attempts were initiated for reconstructing the burried history of Porainadu mainly based on the ancient textual and occasional insctiptional analysis, it lacks methodological limitations of geographical and cultural analysis. The geographical area of the Ancient Tamizhakam of Peninsular India extends roughly between the hills of Venkatam of Andhra Pradesh in North and southern tip of Kanyakumari in Tamil Nadu, in which the Tamizhalam was ruled by powerful Kingdom the Chera/Cheral, the Pandya and the Chola, they combinely termed as Moovarasar(three rulers) after 1000 B.C during Megalithic period. The Cheral/ Chera Country in ancient period was known as Porainadu and later became Cheranadu capital at Vanci/Vanji. The Porainadu belonged to the parts

of central Kerala with the nodel point at Palakkad gap- the gate way to the South Indian Plateau. The parts of Tamil Nadu that lies east of Palakkad gap up to the Palani Hill was also occupaied by the Porainadu rulers with occassional shift in its boundary in different periods. Even though the evidences of "Porai" in the mountain valleys, rocky plateaus, hillocks and archaeological evidences relevant to that period is of grater important while locating the capital of Porainadu, it has not got enough attention.

**Aims and Objectives of the Study**: The main objectives of the study are follows.

- To establish the Geographical identity of ancient Porainadu of Tamizhakam.
- To identify the geographical and cultural evidences related to Porainadu.
- To examine the archaeological evidences of Palakkad and its relation with the Porainadu.

**Chronology**: It is difficult to fix the correct chronology of of Porainadu. However the analysis of the Tamil Sangam Classical literary works reveals that the usage of Porayan and Porainadu existed between 3rd Century B.C and 300 A.D. However the evidences of archaeological data obtained by the present researcher from the Palakkad gap zone date backs to above 10,000 B.C to 1200 A.D between Mesolithic to Medieval Period. Since the existances of the evidences of Porainadu found in the Sangam and Post Sangam literactures between 300 B.C and 300 A.D., the origin of the dynasy would be surely pushed back to before 300 B.C and hence the term porainadu might have prevailed even during 1000 B.C in Megalithic Period and continuation of the Mesolithic and Neolithic periods and has considered the period between 1000 B. C and 300 A.D for evaluation.

**Methodology:**

The following are the methodological strategy used by the present researcher by field exploration to analyse the the identity of Porainadu.

Onomastic Study- The study of propernown and place name analysis. The mesolithic, Neolithic, Megalithic and Early Historical evidences discovered from the rockey plateaus and hillocks of Palakkad District.The Tamil Classical Sangam and Post Sangam literatures.Field exploration.

**Classical Referances**

The Sangam classical works have reffered about the presence of granite hillocks with devine worshiping gods of Murugan, Jains and Budthist and Jaina religious faith. The referances about the Porainadu rulers were found in the Sangam works of Patirrupattu, Akananooru, Kurumthokai and Narrinriru. Akananooru, Purananooru and Narrini and Kurumtokai that provide insight about the geographical, cultural and political background of the Porainadu/ Cheranadu. All these Sangam works were believed to be written before 300 A.D and after that, the Post sangam works such as Silappathikaram and Manimekhalai were written before 700 A.D also provide valid information regarding the geographical and cultural background of the Porainadu/ Cheranadu and its capital Vanci/Vanji.

The classical works of foreign geographers such as Magasthenes (4th Century B.C), Pliny (1st Century A.D), Periplus (2nd Century A.D) also given valid clue about the ancient Chera country.

Noted historians such as K.G. Sesha Iyer, Kanaka Sabhai, S. Krishnaswami Iyengar and N. Sasthri also reffered about the Porainadu / Chera rulers based on the Sangam and Post Sangam . However these historians did not varified the geographical background of the Porainadu/Cheranadu with investigation in depth.

**Field Result:** After the general observation in the so called territory of Porainadu the inte village to village survey conducted by the present researcher along the foothill region of Venkatamala mala (Phto No.I) in the Gayathripuzha river Valley of Palakkad District - the tributary of the Kera rgest river Chulliyum Peraru/ Peraru/ Bharathapuzha. The following are the documented evidences graphy and archaeology of Porainadu in Palakkad District.

Identification of the Geographical names "Porai"/ Para/ Kundru with granite rocks:

**Pezhan Potta Porai:** Microliths and Megalithic burial monuments between the Periods 10, .C and 300 A.D.

**Thekkinchira Porai and Chingan Chira:** Rockshelter, Microliths, nearby megaliths and O hrine under bunyan trees with ancient sculptures in chingamchira between the Periods 10,000 B.C and D.

**Dharmi Porai:** Rockshelter, Microliths, megaliths between the Periods 10,000 B.C and 30

**Thevarmani Porai:** Cave, Microliths, Postholes, Rock Engravings and Open Shrine and y Megaliths between the Periods 10,000 B.C and 300 A.D..

**Mattamatti Porai:** Rock Shelters and Megaliths between the Periods 10,000 B.C and 300

**Kosavankode Porai:** Rock Shelters, Caves, Microliths,Megaliths, Stone slabs between eriods 10,000 B.C and 300 A.D..

**1. Para (rock) Area and its Cultural Background**

**Chathiyodu Para:** Microliths,Postholes, Rock Engraving, Open Shrine and Sculpture be the Periods 10,000 B.C and 800 A.D.

2. **Chathan Para:** Microliths, Postholes, Megaliths, Open Shrine, Sculptures between the P 10,000 B.C and 800 A.D.

3. **Arayakulam Para:** Rock Shelters,Microliths,Rock Engravings,Postholes,Megaliths be the Periods 10,000 B.C and 300 A.D.

4. **Thirunoor Para:** Cave,Microliths, Postholes, Open Shrine between the Periods 10, .C and 800 A.D.

5. **Parayanpallam Para:** Microliths, Postholes, Open Shrine, Ruined Shrine, Stone well be the Periods 10,000 B.C and 1,200 A.D.

**Mundiyan Para:** Postholes, between the Periods 1,000 B.C and 300 B.C.

**arikkalkalam Para** Microliths, Postholes, between the Periods 10,000 B.C and 300 B.C.

**Venga Para:** Megaliths, between the Periods 300 B.C and 300 A.D.

**Koduval Para:** Megaliths, Open shrine between the Periods 300 B.C and 800 A.D.

**Melambakode Para:** Post holes between the Periods 10,00 B.C and 300 B.C.

**Vakol Para:** Postholes Megaliths, between the Periods 1,000 B.C and 300 B.C.

**Panamkavukalam Para:** Microliths, Postholes, between the Periods 10,000 B.C and 300

**Elampilavu Para:** Postholes, Mehaliths, Shrine, between the Periods 1,000 B.C and .D.

**Ozhivupara:** Rock Engravings, Open and Structural Shrines, Sculptures between the Periods 10,000 B.C and 300 A.D. between the Periods 300 B.C and 1200 A.D.

**Kokki Para:** Microliths, Rock Shelters, Sockets,Potteries, Querns between the Periods 10,000 B.C and 300 A.D.

**Tharapadam Para:** Microliths, Shrines, Sculptures between the Periods 10,000 B.C and 800 A.D.

**Sanguchakra Para:** Postholes, Rock engravings between the Periods 1,000 B.C and 300 A.D.

**Kundru/ Kunnu/ Mala / Giri (Hill) and its Cultural Background**

**Athanadu Kunnu:** Open Shrine- Upto 800 A.D.

**Venkundrum:** Caves, Rock Shelters, Streams, Microliths, Forest products, Open Shrines between the Periods 10,000 B.C and 800 A.D.

**VenKata Mala:** Caves, Rock Shelters. Streams, Microliths, Forest products,Open Shrines between the Periods 10,000 B.C and 800 A.D.

**Kolli Mala:** Caves, Rock Shelters, Streams, Microliths, Forest Products,Open Shrine between the Periods 10,000 B.C and 800 A.D.

**Perumal Mala/ Govinda Mala:** Caves, Rock Shelters, Streams,Microliths, Forest Products,Open Shrine between the Periods 10,000 B.C and 800 A.D.

**Kongalar Mala:** Caves, Rock Shelters, Streams, Microliths, Forest Products,Open Shrine between the Periods 10,000 B.C and 800 A.D.

**Vizhumala:** Cave, Natural Rock Shelter, Microliths, Open Shrine, Terracotta Sculptures between the Periods 10,000 B.C and 800 A.D.

**Malanadu:** Caves, Rock Shelters, Streams,Microliths, Forest and Food Products,Open Shrine between the Periods 10,000 B.C and 800 A.D.

**Kotta Mala:** Rock Shelter, Rock Engravings,Open Shrine, Sculpture between the Periods 1,,000 B.C and 800 A.D.

**Kavasserry Mala:** Cave, Natural Rock Shelter, Open Shrine, Terracotta Sculptures Periods 10,000 B.C andUpto 800 A.D.

**Seetharukundru:** Microliths, Post holes,Rock Engravings, between the Periods 10,000 B.C and 800 A.D.

**Kili Mala:** Caves, Microliths, Open Shrine between the Periods 10,000 B.C and 800 A.D. between the Periods 10,000 B.C and 800 A.D.

**Vamala:** Microliths, Rock Engravings, Megaliths, Open Shrine, Sculpture between the Periods 10,000 B.C and 800 A.D.

**Mookkarasan Kunnu/Agasthya Giri:** Megaliths, Ruined Shrine, Sculpture between the Periods 10,000 B.C and 1200 A.D.

**Thenmala/Nelliyampathi:** Waterfalls/ streams, Rock Shelters, Caves, Microliths, Post holes, Rock Engravings, Open Shrines, Vegetation, between the Periods 10,000 B.C and 1200 A.D.

**Malanadu :** Pre historic and historic artifacts and remains between the Periods 10,000 B.C and 1200 A.D.

**Analysis**

The term Poraian and Porainadu was found in the Sangam Classical Tamil works during Megalithic period after 300 B.C, even though the name prevailed even before that period.The geographical word 'Porai' is derived from a Dravidian Tamil language means 'Rock' in English. The Malayalam word 'Para' is a modified form of Porai. The land area with the presence of Porai/ Para (rock) was termed as Porainadu (Porai + nadu = Rockey +area/ region/ Country) and the ruler/ chieften and owner of the Porainadu was termed as Poraian. The above mentioned archaeological and

geographical evidences from the rockey Porai, Para and Kundru in Palakkad gap zone and the absence of such an evidences in other parts of Porainadua justify the stand that the heart of Porainadu was in the southern foothill belt of the Palakkad District. The classical Tamil work referances about the Poraian and Porainadu may be surely related with heartland region and the southern foothill region of Venkatamala/ Thenmala area still retain the name Porai with prehistoric evedences

The Porainadu was also reffered as Chera/ Cheral nadu and such a referances can also be found in the Sangam and post Sangam works. Even though historians were given interpretation to the word Chera nadu means Cheru nadu (Muddy land) or Cherumar Nadu – the land of Cheruma Communuty (Cherumar is a Schedule Caste Community , who were agricultural labours, still found in Palakkad District), the historians have not given interpretation relating it to the relief features. The Tamil word Cheral means downword mountain slopy area. The seat of royal Chieftan found in the foothill region of the slopy mountain termed as Cheral and the foothill Venkatamala of Palakkad gap was more apt to locate the Porainadu. The rulers of the Porainadu was known as Poraiyan and Cheralathan and both the usages are applicable to this area. The eastern parts of Vencatamala located Athanad kunnnu/hillock and that area still retain the name of Athanadu in Palakkad gap, also justify the the links with the porainadu.

The presence of above mentioned chronological sequence of cultural evidences from 10,000 B.C onwards found in the Southern foothill region of Palakkad gap and the absence of such a varieties of culturally significant rockey plaeaus and hillocks surrounded by Paddy fields with ponds and streams in other parts of Porainadu suggests that this area was the most ideal spot for development of an ancient Kingdom Porainadu of the Megalithic Period. The gradual evolution of settlement growth from the mesolithic to Megalithic proves that the development of a Kingdom site was not a sudden process but the continuation of the previous culture, in this sense the Palakkad gap zone was the most ideal spot for the development of Cheral Kingdom .

The Medieval geographical place names Cherapuram(City of Cheral), lies east of Athanadu, Cheramangalam (Cheral dwellers), Cheranpotta (Paddy field of Cheral) also still survives in the foothill Venkatamala justifies further Porainadu/ Cheralnadu link of this territory.

Kottambalam and Kudalur, Perum Chera, Nedum Chera, Chengan Potta, Kadukkan Kunnu, Oottara, Karipodu etc are the other geographical places still retain the Porainadu Cheral links in the Palakkad gap zone. Kottambalathu Thunjiya Makothai, a Chera King and author of 168th song of Akananooru, who died at Kottambalam and this area belonged to Palakkad gap. Kudalurkizhar (218 A.D)Sangam court poet of Chera ruler and astrologer was a native of Kudalur of this area. The geographical links of Chera rulers and geographical names ie, Vanavaramban, Oottiyan Cheralathan might have related with Oottara, Imayavaramban Nedum Cheralathan is related to Nedumchira, Chera title Imayavaramban is related to the devine Venkatam hill at Venkundranadu.

The river Chulliyum Peraru mentioned in the Sangam work Akananooru 149) and the Porunai River mentioned in Purananooru 11 and 387,is the Present Peraru/ Bharathapuzha river at Palakkad and the name Chulliyaru still survives in the foothill region at Venkatamala in Palakkad District.

The referance about the Porunai is related to river at porainadu and this also suited to the study area. The post Sangam work Chilappathikaram Vancikantam mentioned about the Peraru river and its geographical background of Vanci- the Capital of Chera country that shows the river flows like a necklace on the chest around high mountains also applicable with the Venkatamala and Palakkad gap. The referances about the geographical features such as Venkundrum, Venkatam, Imayam, Neduvelkundru, kudal etc also identified in the study area.

Most of the primitive tribal groups such as Cherumar, Kollar, Kuravar, Kusavar, Parayar, Arayar, Kongalar, Mannan and Panar of the Megalithic period mentioned in the Tamil Cllassical works are Still residing communities of this area justify the stand that the Porainadu is belonged to foothill region of Venkatamala of Palakkad District.

Akananooru 44,104, 145, 164, 251 and Purananooru 14, 62, 126 throw light on the importance of Calvalry and the Sangam works give information that the Chera rulers were well equipped with Chathuranga- the four arms such as intantry, cavalry, chariots and elephants. The most ideal geographical location for the dispersal of of such a Chathuranga army was only in Palakkad gap in the entire Chera country.

Rice is the one of the oldest and major crops of megalithic people and the fertile rivervalleys of Palakkad gap was the most favoured site for paddy cultivation for florishing ancient civilisation. The availability of iron ore from Kollamkode for blacksmiths, clayey soil for kusavar of Megalithic communities were the minerals used widely in porai culture also favours in favour of Palakkad gap.

**Conclusion**

From this analysis the identity of Porai region and the seat of Porainadu have been established based on the evidences of geographical and archaeological background and Sangam and Post Sangam literary sources in favour of the foot hill region of Venkatamala of Palakkad gap.

# ARCHAEOLOGY OF KOLLENGODE REGION, PALGHAT DISTRICT, KERALA

**V. Sanalkumar**
Department of Studies in Geography
University of Mysore
Manasagangothri
Mysore 570 006
josenibu@hotmail.com

**Abstract**

Surveys conducted by the author in the recent years have brought to light several megalithic burials, caves and rock shelters with engravings, and historical sites, and inscriptions in Kollengode area of Palghat district in Kerala. A brief outline of these discoveries is presented in this paper.

Keywords: Palghat; Megaliths; Kerala; Temples; Inscription.

## Introduction

The Palghat region occupies a significant place in the history of Kerala, because of its location in the Palghat Gap that serves as a major access route between Kerala and Tamil Nadu. This region is archaeologically rich and has material remains datable from the prehistoric to modern periods. Surveys conducted by the author in the recent years have brought to light several megalithic and historical sites in Kollengode area (Fig. 1), which form the subject of this paper.

## The Study Area - Environmental Background

Palghat district, which covers an area of about 4480 sq km, is drained by the west-flowing Bharathapuzha river and its tributaries (Kareem 1976). The study area, Kollengode, is located about 24 km south of Palghat in the vicinities of the picturesque mountain valley of Nelliyampathy. In the early period, Kollengode was known as Venkundranadu, Vihayasapuram, Sithasaila Bhoo and Venginadu, and later it became Venganad (Krishnan Nair 1935). It is also mentioned in the *Chilapathikaram* (Viswanathan Nair 1975: 19, 513). The Gayathri river, a tributary of the Bharathapuzha, originates from the Nelliyampathy hill ranges and passes through the heart of Kollengode. A number of small and large caves and rock shelters, ideal for the residence of prehistoric settlers, occur in this region. This region enjoys a drier climate compared to other parts of Kerala and shares similar climate of Coimbatore

